2013 നവംബർ 29 മുതൽ ഡിസംബർ 28 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം



യു.എ. ഖാദർ (യാത്രാനുഭവ കുറിപ്പുകൾ)

യു.കെ. കുമാരൻ (കഥ)

കെ.പി. സുധീര (കഥ)

ശ്രീധരനുണ്ണി (കവിത)

എം.എസ്.കുമാർ (കഥ)

വിനോദ്കുമാർ ദാമോദർ (ലേഖനം)

സബിത കോടി (കവിത)

ക്രിസ്തുമസ് ആശംസകൾ




മുഖചിത്രം **അനുഷ്ക (ഫിലിംസ്റ്റാർ)**

**Nakshathra Rajyam**
(Monthly Magazine)
2013 November 29
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 52 Volume 5
Managing Editor, Publisher &
Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**



# മലയാളികളുടെ ഓർമ്മയിലെ പുതുവത്സരം

സെക്കന്റുകൾ മിനിട്ടുകളായ്, മിനിട്ടുകൾ മണിക്കൂറുകളായ്,മണിക്കൂറുകൾ ദിവസങ്ങളായ്,ദിവസങ്ങൾ ആഴ്ചകളായ്, ആഴ്ചകൾ മാസങ്ങളായ്, മാസങ്ങൾ വർഷങ്ങളായ് പിന്നിട്ടുകൊണ്ട് "രക്ഷകനായ ശ്രീ യേശുവിനെ വാഴ്ത്തി ഓരോ പുതുവത്സരവും പിറക്കുന്നു. ഓർമ്മയുടെ മൺതിണ്ണയിൽ കയറി നിൽക്കുമ്പോൾ ഡിസംബറിന്റെ കുളിരു കോരുന്ന മഞ്ഞായി പെയ്തുതീരുകയാണ് ഈ വർഷം. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും കയ്പും മധുരവും ഏറിയ അനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട് ഈ പുതുവത്സരം ഏതാനും നാളുകൾക്കകം നമ്മെ വിട്ടുപോകുന്നു.

ലോകഭൂപടത്തിൽ അസാമാധാനത്തിന്റെ വിത്ത് വിതച്ചൊരു വർഷം. മതേതര ഇന്ത്യയിൽ ഫാസിസത്തിന്റെ "മാംസ"ക്കൊതി, വർഗ്ഗീയതയുടെ കരിനിഴൽ വീഴ്ത്തിയ വർഷം. സാംസ്കാരിക കേരളത്തിൽ അവശതയുടെ ആദിവാസി കൂരകളിൽ മരണനിഴൽ നീണ്ട വർഷം. അങ്ങിനെ "2013" എന്ന ഈ വർഷം ഏതാനും ദിവസങ്ങൾകൊണ്ട് നമ്മെ വിട്ടുപിരിഞ്ഞു പോവുകയാണ്. കിളികളുടെ കളകളാരവവും,കാട്ടരുവിയുടെ തഴുകിതലോടുകളും ഹൃദയങ്ങളുടെ ഒത്തുചേരലുകളുമായി ജീവിതത്തിനു പുതിയ മോഹങ്ങളും സ്വപ്നങ്ങളും നൽകി വീണ്ടു പുതിയ വർഷം പിറക്കുന്നതിനു ആരംഭം കുറിക്കുകയാണ് പ്രകൃതി.


ഈ വർഷത്തിൽ പല കാരണങ്ങൾ കൊണ്ടും നമ്മെ പിരിഞ്ഞു പോയവരുണ്ട്. പ്രമുഖ വ്യക്തികൾ,രാഷ്ട്രീയ പ്രവർത്തകർ,അച്ഛനമ്മമാർ, സഹോദരി സഹോദരന്മാർ, പിഞ്ചുകുഞ്ഞുങ്ങൾ,കോഴിക്കോടിന്റെ സ്വന്തം ഹാസ്യ സിനിമാനടൻ അഗസ്റ്റിൻ, CPI മുൻ സെക്രട്ടറി C.K.ചന്ദ്രപ്പൻ, ഗുരു ചേമഞ്ചേരി നാരായണൻനായർ, പ്രശസ്ത ഹിന്ദി സിനിമാനടൻ ദേവാനന്ദ്, ഇങ്ങനെ പോകുന്നു ആ വ്യക്തിപ്രഭാവ വിശിഷ്ടവ്യക്തിത്വങ്ങൾ. അവർക്കെല്ലാം ആദരാഞ്ജലികളർപ്പിച്ചുകൊണ്ടും 2014 എന്ന പുതുവത്സരം ശാന്തിയുടേയും സമാധാനത്തിന്റേയും ആയിത്തീരട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ടും നമുക്ക് കൈകോർക്കാം. കൊഴിഞ്ഞു വീണ ഇന്നലെകളെക്കുറിച്ചു ചിന്തിക്കാതെ ദുഃഖത്തിന്റെ കൈകളിൽ അകപ്പെടാതെ ജാതിയുടേയും മതത്തിന്റേയും പേരിൽ തമ്മിൽ തല്ലാതെ നന്മകൾ നിറഞ്ഞ നല്ല നാളേക്കായി കടന്നുവരുന്ന പുതുവത്സരത്തെ ആഹ്ലാദപൂർവ്വം നമുക്കെതിരേൽക്കാം.

**മാനേജിംഗ് എഡിറ്റർ**

# ബില്ലിൻ വഴികളിലൂടെ (യാത്രാനുഭവങ്ങൾ)

യു.എ.ഖാദർ

യാംഗുൺ നഗരത്തിലെ രണ്ടാംദിന സുപ്രഭാതം ഞാൻ കാണുന്നത്, മോം ജില്ലയിലേക്ക് കുതിക്കുന്ന വാഹനത്തിന്റെ ഗതിവേഗത്തെപ്പിളർന്ന് വാഹനത്തിന്റെ കണ്ണാടിയിലൂടെ ചോർന്നിറങ്ങുന്ന പുലർവെട്ടത്തിലൂടെയാണ്. നഗരം എത്രകാതം പിന്നിട്ടുവെന്ന തിട്ടം എനിക്കില്ലായിരുന്നു. വണ്ടിയോടിച്ചുകൊണ്ടിരിക്കുന്ന സുഹൃത്ത് മുഹിയുദ്ദീൻ ഷായുടെ സഹപ്രവർത്തകർ പറയുന്നത് കേട്ടു. യാംഗുണിന്റെ അതിർത്തി കടക്കാറായി. സമാന്തരമായി നീണ്ടു നീണ്ടുപോകുന്ന ഹൈവേ പുതുതായി രൂപം കൊള്ളുന്ന ക്യാപിറ്റൽ നഗരത്തിന്റെ നിർമ്മാണ കേന്ദ്രത്തിലേക്കാണ് ചെല്ലുന്നത്. യാംഗൂണിന് പകരം മറ്റൊരു നഗരി. പട്ടാള മേധാവിയുടെ പുതിയ ഭരണ പരിഷ്ക്കാര യത്നങ്ങൾ. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഭരണരംഗത്തെ താറുമാറായ അവസ്ഥകൾ മാറ്റി പഴയ ഓർമ്മയുടെ പുതുയുഗ ചൈതന്യം പുനഃസൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾ വണ്ടിയോടിക്കുന്നതിനിടയിൽ, യുദ്ധാനന്തര ബർമ്മയുടെ ദുരവസ്ഥകൾ, മ്യാൻമാറിന്റെ മുഖം പ്രസന്നമാവുന്നതിന്റെ പ്രസാദ ചലനങ്ങൾ ഓരോന്നും ചൂണ്ടികാണിച്ച് അദ്ദേഹം പൊലിപ്പിച്ചു പറയുന്നു. യാത്ര വണ്ടി അന്നേരം ദൈർഘ്യമേറിയ ഒരു പാലത്തിന്റെ മുകളിലൂടെയായിരുന്നു കുതിച്ചത്. അതിന്റെ കൈവരികൾക്കപ്പുറത്തായി കാണുന്ന റങ്കൂൺ നദിയും. നദിയ്ക്കിരുപുറത്തും കാണായ ഭംഗിയേറിയ ചെറുകെട്ടിടങ്ങളും ചൂണ്ടി ഞങ്ങളെല്ലാവരും കേൾക്കെ ആ സുഹൃത്ത് പറഞ്ഞു. യുദ്ധത്തിന് ശേഷം ഇപ്പോഴത്തെ സർക്കാർ പണിത പാലമാണിത്. പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ അതാ അപ്പുറത്ത് ഉണങ്ങി തൂങ്ങി കിടക്കുന്നത് കണ്ടില്ലേ? ജാപ്പ് വിമാനങ്ങൾ ബോംബിട്ട് തകർത്ത പാലം. പഴയ ചെനിയാൻ ബ്രിഡ്ജ്. പുനർ നിർമ്മിക്കപ്പെട്ട ചെനിയാൻ ബ്രിഡ്ജ് .


യു.എ.ഖാദർ

പാലത്തിന്റെ മറുകരയിലെ വിശ്രമ സങ്കേതത്തിൽ തങ്കയാൺ വില്ലേജിലെ ആധുനിക രീതിയിൽ സന്ദർശകന്മാർക്കായി ഒരുക്കിവെച്ച റിസോർട്ടിൽ വെച്ചായിരുന്നു പ്രാതൽ. അത്യാകർഷകമായി അലങ്കരിച്ചൊരുക്കിയ റിസോർട്ടിലെ കഫേയിലായിരുന്നു പ്രാതൽ അകത്താക്കുമ്പോഴും മനസ്സ് നിറയെ ബില്ലിൻ തന്നെയാണ്. എല്ലാ മ്യാൻമാർ കാഴ്ചകളും എന്നെ പെറ്റിട്ട ഭൂ ലോകത്തിലെ ഏകയിടം കണ്ടിട്ട്മതി. ചാപല്യം നിറഞ്ഞവന്റെ ദുശ്ശാഠ്യങ്ങൾക്ക് വഴങ്ങി മോംലേക്കുള്ള യാത്ര തുടർന്നു. യുദ്ധത്തിൽ മരണമടഞ്ഞ രക്തസാക്ഷികൾക്ക് സ്റ്റേറ്റിന്റെ ചിരസ്മരണയെന്ന മട്ടിൽ ചുറ്റും മതിലും ഇരുമ്പ് കമ്പിവേലിയും അതീവ മനോഹരമായ രീതിയിൽ നിർമ്മിച്ച പൂമുഖ ഗെയിറ്റും റോഡിന്റെ ഒരു വശത്തായി കണ്ടു. ഉള്ളിലെ രക്തസാക്ഷി മണ്ഡപവും കണ്ണിൽപ്പെട്ടു. സാരഥിയുടെ ചെറു വിവരണവും, ഏതാനും മിനുട്ടുകൾ അവിടെ വണ്ടി നിർത്തണമോയെന്ന ചോദ്യവും ഉയർന്നപ്പോൾ

അതൊക്കെയിനി തിരിച്ചുവരവിൽ എന്നോ മറ്റോ ആരോ നിർദ്ദേശിക്കുന്നത് കേട്ടു. പ്രഭാതം കൂടുതൽ പ്രകാശവാനായി തീർന്നതിനാൽ പുറം കാഴ്ചകൾ ഓട്ടപ്പാച്ചിലിനിടയിൽ മിന്നിമറയുന്ന ദശ്വങ്ങൾ മാത്രമാവുകയാണ്. ഒരിടത്തും തങ്ങാതെ ഓടിക്കിതച്ചാൽ മാത്രമേ അത്രയും ദൂരത്തെ ജന്മസ്ഥലം വെയിലാറും മുമ്പായെങ്കിലും കണ്ണിൽപ്പെടുകയുള്ളൂ. പിന്നിട്ട്മറയുന്ന ഓരോ ജനപഥങ്ങളും, മനസ്സിൽ പണ്ടെപ്പോഴോ കണ്ട് ശീലിച്ച രംഗങ്ങളുടെ പുനരാവർത്തനമായി തെളിയുകയാണല്ലോ. അതേ കൃഷിയിടങ്ങൾ. വൃക്ഷ നിബിഢമായ മലയടിവാരങ്ങൾ, ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ചെറുനഗരവീഥികൾ, മരക്കാലുകളാൽ നിർമ്മിതങ്ങളായ കച്ചവടപ്പീടികകൾ, ആൾതാമസമുള്ള വീടുകൾ. ബുദ്ധമതാനുയായികളായ മുനിമാരുടെ കൂട്ടങ്ങൾ. സ്വർണ്ണത്താഴികക്കുടങ്ങളെ പകൽ പ്രഭയിൽ കുളിപ്പിച്ച് നിവർന്ന് നിൽക്കുന്ന പെഗോഡകൾ. വഴിയരുകിലെ ബോരപ്പുരകൾ. അപരിചിതത്വം ഒട്ടും തോന്നാത്ത കാഴ്ച കൗതുകങ്ങളെ വിസ്മയക്കണ്ണുകളാൽ തഴുകിയാണല്ലോ യാത്ര. യാത്രയിൽ ചെന്നെത്തേണ്ട സ്ഥലപുരാണം മകൻ സഗീറിന്നും

മകൾക്കും പേരക്കുട്ടി സഹ ബാനും ഹൃദിസ്ഥമായി കഴിഞ്ഞി രുന്നു. ഭൂപട പരിശോധനയിൽ വീണുകിട്ടിയ സുഷിരങ്ങളിലൂടെ മൗസ്സിന്റെ മൃദുലമേനി അവ രുടെ കൈവെള്ളയിലൂടെ ചലിച്ച പ്പോൾ തെളിഞ്ഞുകണ്ട് മോം സ്റ്റേറ്റ് .



മ്യാൻമാറിലെ ഏറ്റവും മനോഹരമായ ഒരു പ്രദേശമാണ് മോൺ. ചരിത്ര പ്രസിദ്ധമായ ബൗദ്ധ തീർത്ഥാടന കേന്ദ്രം ഇവി ടെയാണെന്നതാണ് പ്രത്യേകത. മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ധാരാളം പുരാവൃത്തങ്ങൾ ഈ പ്രദേശത്തെ വലയം ചെയ്തിരി ക്കുന്നു. മ്യാൻമാറിൽ ഏറ്റവും കൂടുതൽ ആരാധനാല യമുള്ളത് ബഗൻ (Bagan) സംസ്ഥാനത്താണെങ്കിലും ഏറ്റവും കൂടുതൽ തീർത്ഥാടകരെ ആകർഷിക്കുന്ന പെഗോഡയുള്ളത് മോംമ്മിലാണ്. ബുദ്ധമത വിശ്വാസ വുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളും, ജനജീവിത രീതികളുമായി ചേർന്നിറങ്ങുന്ന അനുഷ്ഠാനാരാധന കളും ഇവിടെയാണെന്നതാണ് തീർത്ഥാടക ശ്രദ്ധ കേന്ദ്രമായി ഇവിടം മാറാൻ കാരണം. ആരാധന കേന്ദ്ര ത്തിലേക്ക് മലമുകളിലെ ദുർഘട ഇടവഴികളിലൂടെ ചെന്നെത്തണം. മ്യാൻമാറിൽ തെക്ക് ഭാഗത്തായി കിട ക്കുന്ന മലകളും പുഴകളും നിറഞ്ഞ മോൺ പ്രദേശം ചരിത്ര പ്രാധാന്യമുള്ളതാണ്. ബി.സി. മൂന്നാം ശതകം തൊട്ട് മോൺ രാജവംശമാണ് ഇവിടെ ഭരിച്ചിരുന്ന തെന്നാണ് പുരാണം. അവരുടെ ഭരണം ഏ.ഡി. 11-ാം നൂറ്റാണ്ട് വരെ തുടർന്ന് തായ്‌ലാണ്ട്, കംബോഡിയ എന്നി രാജ്യാതിർത്തിവരെ മോൺ രാജവംശത്തിന് ആധിപത്യം പുലർത്താൻ സാധിച്ചു. ഇതിനിടയിൽ ചെറുന്യൂനപക്ഷ വിഭാഗങ്ങൾക്ക് മെർമാൻ, ഷാൻ, കരേൻ, തായ് എന്നിവരുമായി നിരന്തര യുദ്ധങ്ങൾ നട ന്നിരുന്നു. ബുദ്ധമതത്തിന്റെ പ്രഭാവത്തോടുകൂടി ഈ ഭാഗങ്ങളിൽ ബുദ്ധമതം പടർന്നുപിടിക്കുകയും ചെയ്തു. പിന്നീടാണ് മോൺ രാജ്യം മ്യാൻമാറിന്റെ ഭാഗമായതത്രെ. മോം വംശജർക്ക് സ്വന്തമായ ഭാഷ യുമുണ്ടത്രേ. അങ്ങിനെയാണെങ്കിൽ എന്റെ അമ്മ മൊഴി കിഴക്കൻ ബർമ്മയിലെ മോം വംശജരുടെ ഭാഷ യാണല്ലോ! ഇവന്റെ നാവ് നുണഞ്ഞ ആദ്യ അമ്മിഞ്ഞ ഭാഷ....!

അമ്മിഞ്ഞ ഭാഷയിലെ മൊഴിവഴക്ക ങ്ങൾക്ക്,ബർമ്മാവാക്കുകളുമായുള്ള ഇണപ്പൊരു ത്തം ഈ യാത്രയിൽ എനിക്കാസ്വദി ക്കാനാവുമോ? വിധി നിയോഗങ്ങളിലെ ആസ്മരണ തരംഗങ്ങൾ സ്ക്രീനിൽ പകർത്താൻ എന്റെ പേരക്കുട്ടിക്ക് സാധി ച്ചില്ലല്ലോ. കാല ഭൈരവന് അടിയറവ്. പകൽ ദൃശ്യ ങ്ങൾ കണ്ണിലും മനസ്സിലും നിറച്ച് വാഹനം ലക്ഷ്യ സ്ഥാനത്തേക്ക് കുതിക്കുകയാണ് ഇതിനിടയിൽ റെയിൽവേ ക്രോസ്സിൽ വാഹനം നിന്നു. നടുമ്പുറത്തേ പിളർന്ന് കുതിയ്ക്കുന്ന തീവണ്ടി അത് ദൂരെനിന്നും പുകതുപ്പി മുഴക്കത്തോടെ കിതച്ചുമണ്ടി പാഞ്ഞുവരു ന്നു. പഴയ ഏതോ പുരാതനകാലത്തേ ആവിയെഞ്ചി നാണ് പുകതുപ്പി അടുക്കുന്നത്. കൽക്കരി കത്തിച്ച് വെള്ളം തിളപ്പിച്ച് മണ്ടിപായുന്ന പഴയ പാട്ടിലെ പുക വണ്ടി. ആകെ രണ്ടോ മൂന്നോ കമ്പാർട്ടുമെന്റുകൾ. യാത്ര ക്കാരായി മുഷിഞ്ഞ ഉടുപ്പും മാറാപ്പും മാത്രമുള്ള ഗ്രാമീണ ദരിദ്രരേക്കാൾ പട്ടിണിക്കാരായ ആൾക്കാർ. മല ബാറിലെ ഏതോ കുഗ്രാമത്തിന്റെ ആവർത്തന വിരസ മായ ആ രംഗം ഗെയിറ്റ് തുറന്നപാടെ വാഹനം പുറപ്പെട്ടു. ഞങ്ങളുടെ വാഹനത്തെ മറികടന്ന് ഒരു വാഹന വ്യൂഹം. വണ്ടിയോടിച്ചിരുന്ന സാരഥി ഭയഭക്തിപൂർവ്വം വഴിമാറി ഒതുങ്ങി ഒരിടത്ത് ഓരം ചേർത്ത് ഞങ്ങളുടെ വാഹനം നിർത്തി. അലങ്കരിച്ചൊരുക്കിയ ലോറിയിൽ ബാന്റ് വാദ്യ ങ്ങൾ. ചെറുപ്പക്കാരായ ആണും പെണ്ണും തിമിർത്താഹ്ലാ ദിച്ച് നൃത്തച്ചുവടുകൾ വച്ച് യാത്ര ചെയ്യുന്നു. മറ്റൊരു അലങ്കരിച്ചൊരുക്കിയ വാഹനത്തിൽ, നിറയെ മഞ്ഞ വസ്ത്രധാരികളായ ബുദ്ധ സന്യാസിമാർ. സന്യാസി നിമാരും അക്കൂട്ടത്തിലുണ്ട്. ആ വാഹനത്തിലും വാദ്യ ങ്ങളുണ്ട്. അവയും ഒരു പ്രത്യേക ഈണത്തിലുള്ള കുഴൽ വിളികളോടെ സംഗീത മുതിർക്കുന്നുണ്ട്. മന്ത്രോ ച്ചാരങ്ങളുടെ ശ്രുതി ശുദ്ധമായ ശബ്ദവും ആ സംഗീത ധാരയിൽ കലരുന്നതായി എനിക്ക് തോന്നി. തുടർന്ന് നിര നിരയായി നിരവധി വാഹനങ്ങളിൽ നിറയെ ആഹ്ലാദാര വങ്ങളോടെ അകമ്പടിയാത്രക്കാർ. തെരഞ്ഞെടുപ്പുകാല ങ്ങളിൽ നാട്ടിൽ നിത്യ കാഴ്ചകളായ പകിട്ടുകളേ ഓർമ്മിപ്പിക്കുന്ന ആ ദൃശ്യം ബില്ലിനേക്കുള്ള യാത്രാ മദ്ധ്യേ ഞങ്ങളെ രസിപ്പിച്ചു. വണ്ടിയോടിക്കുകയായിരുന്ന അമീർഭായി ആഘോഷവരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞുതന്നു.

ബുദ്ധമത ശിഷ്യത്വം സ്വീകരിക്കാനായി ചെറിയ കുട്ടികളെ സജ്ജമാക്കുന്ന ഒരു അനുഷ്ടാന കർമ്മം. ശിഷ്യത്വം സ്വീകരിക്കാൻ ഏതെങ്കിലും കുടുംബത്തിലെ കുട്ടി തയ്യാറായാൽ മഠാധിപതികൾ മന്ത്രോച്ചാരണങ്ങളി ലൂടെ ശിരസ്സ് മുണ്ഡനം ചെയ്ത് ശുദ്ധികർമ്മം നടത്തി വിശുദ്ധ വസ്ത്രം അണിയിക്കാൻ പെഗോഡകളിലേക്ക് ബന്ധുമിത്രാദികളുടെ അകമ്പടിയോടെ ആനയിച്ചു കൊണ്ടുപോകുന്ന ദൃശ്യമാണത്രേ അന്നേരം ഞങ്ങൾക്ക് കാണാനായത്. ശുഭലക്ഷണമാണ് അത്തരം യാത്ര ദൃശ്യ

ങ്ങളെന്നും അമീർ പറയുന്നുണ്ട്. എന്തിന്റെ ശുഭലക്ഷണം എന്ത് ശുഭ കാര്യമാണ് എന്നിൽ സംഭവിക്കാൻ ഉള്ളത്.

മനസ്സിലുണർന്ന് കൗതുക കണ്ണുകൾ വിടർത്തി ചുറ്റ് കാഴ്ചകളാസ്വദിക്കാൻ ഉഴറി വെമ്പിച്ചിരിക്കുന്ന അഞ്ച് വയസ്സുകാരൻ കുട്ടി ചിരിച്ചാർക്കുന്നു. ശുഭലക്ഷണം.

മോണിലെ ഏറ്റവും ആകർഷകമായ സ്ഥലം ക്വാക്തിയോ ആണത്രേ. ചെറുമകൻ ആ പാറയെക്കുറിച്ചും പറയുന്നു. (Kyeietyo) മലയ്ക്ക് മുകളിൽ സ്വർണ്ണവർണ്ണത്തിലുള്ള ഒരു പാറയാണ്. ക്വാക്തിയോ എന്ന സ്ഥലത്തെ ഗോൾഡൻ റോക്കീനുമുകളിലെ സ്തൂപം തികച്ചും അവിശ്വസനീയമായ നിലയിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഏതോ ഒരു ദിവ്യശക്തിയുടെ അലൗകിക പ്രഭാവത്തിലാണ് ഈ കൂറ്റൻ പാറയും സ്തൂപവും ചെങ്കുത്തായ മലയ്ക്ക് മുകളിൽ സ്വർണ്ണ ദലങ്ങളാൽ താങ്ങി നിലകൊള്ളുന്നതെന്ന് വിശ്വാസികൾ കരുതുന്നു. സ്തൂപത്തിനുള്ളിൽ ശ്രീബുദ്ധന്റെ മുടി സൂക്ഷിച്ചിട്ടുണ്ടെന്നാണ് വിശ്വാസികൾ പറയുന്നത്. ശിഷ്യത്വം സ്വീകരിക്കാൻ മലമുകളിലെത്തി മുണ്ഡനക്രിയ നടത്തിയാൽ അവൻ ശാശ്വതമായും ബുദ്ധസമാധിയുടെ പുണ്യം സിദ്ധിച്ചവനായിതീരുന്നു. സ്തൂപത്തിനുള്ളിൽ ഭദ്രമായി സൂക്ഷിച്ച ശ്രീബുദ്ധന്റെ തിരുമുടിയുള്ളതിനാലാണ് മോൺ വലിയൊരു തീർത്ഥാടന കേന്ദ്രമായതത്രെ. ബുദ്ധഭഗവാന്റെ ഭൗധികാവശിഷ്ട മഹത്വം കൂറ്റൻപാറ സമതുലനതയോടെ അങ്ങിനെ നിലകൊള്ളുന്നതിന് കാരണമായി. ധ്യാനത്തിനും കാഴ്ചകൾ കാണാനും ആയിരങ്ങളാണ് മല കയറുന്നത്. അത്ര എളുപ്പത്തിൽ മല കയറാൻ സാധിക്കില്ല. അടിവാരത്തുനിന്നും ഏതാണ്ട് പതിമൂന്ന് കിലോമീറ്റർ കാൽനടയായിട്ടാണ് വിശ്വാസികൾ ഇവിടെയെത്തുന്നത്. മലമുകളിൽ നിന്നുള്ള ദൃശ്യഭംഗിയും അപാരമാണ്. അങ്ങകലെയായി അന്തമാൻ സമുദ്രത്തിന്റെ നീല ജലപ്പാളികൾ മലനിരകളിലെ പെഗോഡ മുറ്റങ്ങളിലിരുന്ന് കാണുകയെന്നത് ജന്മസാഫല്യം സാധിച്ച പോലുള്ള അനുഭവമാണത്രേ.

ക്വാക്തോവിൽ നിന്ന് തെക്കോട്ട് പോയാൽ മോൺ രാജാക്കന്മാരുടെ തലസ്ഥാന നഗരിയായ “താറ്റങ്ങിൽ” എത്താം. മൂത്താപ്പ പണ്ട് തങ്ങിയ ഇടം തൗൺ സക്രൻ അതായിരിക്കുമോ? ഉത്സവച്ചന്തകളിൽ വഴിവാണിഭവുമായി പതിവ് തെറ്റാതെ എത്തിപ്പെടാറുള്ള മൂത്താപ്പ തന്റെ യുവത്വം ചിലവഴിച്ച തൗൺ സക്രൺ ഒരു പക്ഷേ അതാവാം. ഇതൊരു തുറമുഖ നഗരം കൂടിയാണെന്ന് സഗീർ വിവരിച്ചു. ഇവിടെ പഴയ നൂറ്റാണ്ടിന്റെ സ്മാരകങ്ങളായ നിരവധി കെട്ടിടങ്ങളും സ്തംഭങ്ങളും അതേപോലെ തന്നെ നില നിർത്തിയിട്ടുണ്ടത്രേ. “മോൾമൈൻ” എന്ന നഗരമാണ് മോൺ സംസ്ഥാനത്തിന്റെ പ്രധാന പട്ടണം. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഇവിടെയായിരുന്നത്രേ ഭരണ കേന്ദ്രം. 1827 മുതൽ 1852 വരെ ബ്രിട്ടീഷ് ഭരണ നഗരമായിരുന്ന മോൾമൈൻ മ്യാൻമാറിലെ നാലാമത്തെ വലിയ നഗരമാണ്. മലയുടെ പച്ചപുതച്ച ചരിവുകളിൽ നിറയേ ആകാശത്തിലേക്ക് കൈ ചൂണ്ടുന്ന നിരവധി പെഗോഡകളുടെ സമുച്ചയം മോൾമൈൻ നഗര ഭംഗികൾക്ക് തിലകം ചാർത്തുന്നു. മഹാമുനി പെഗോഡ ഇവയിൽ ഏറെ പ്രാധാന്യവും വലുപ്പവും ഉള്ളതാണ്. മോൺ വാസ്തു ശിൽപ്പം പ്രകടമാക്കുന്ന സാംസ്ക്കാരിക മ്യൂസിയവും നദിയിലെ ഒഴുകുന്ന മാർക്കറ്റ് കേന്ദ്രവും എല്ലാം ആ നഗരത്തിലുണ്ട്. നഗരത്തിലേക്കുള്ള യാത്രയിൽ, പാതയിലുട നീളം പ്രധാനപ്പെട്ടയിടങ്ങളുടെ സ്ഥലപ്പേർ ഭംഗിയായി എഴുതി പ്രദർശിപ്പിക്കുന്ന ബോർഡുകൾ കാണാം. സാരഥിയായി ഒപ്പം കൂടി വണ്ടിയോടിയ്ക്കുന്ന തമിഴ് വംശജന്ന് അമീറിന്ന് ബർമ്മാ ഭാഷാ ലിപികൾ അസ്സലായിട്ടറിയാം. ഓരോ ബോർഡും അയാൾ ഉറക്കെ വായിച്ചു. ഞങ്ങളെ കേൾപ്പിക്കുന്നുണ്ട്. കൽപ്പറ്റയിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്ക് പോകുന്ന വഴിയാത്രകാരന്റെ ദൃഷ്ടിയിൽപ്പെടുന്ന കാഴ്ചകളുമായി താരതമ്യം ചെയ്യുകയായിരുന്നു എന്റെ പെണ്ണും പിള്ള. ആ വയനാടൻ കാഴ്ചകൾ പോലെതന്നെ. ഇരുപുറത്തും പച്ചപിടിച്ച കൃഷിയിടങ്ങൾ. തേക്ക്മര നിഴൽപ്പുരകൾ. കയറ്റിറക്കങ്ങളാൽ താഴ്ന്നും പൊങ്ങിയും സീറ്റിൽ ചാരിയിരിക്കുന്ന എന്റെ മനസ്സിലെ അഞ്ച്വയസ്സുകാരൻ ഭൂതകാലം അളക്കുകയും ചൊരിയുകയും ചെയ്യുകയാണ്.


മദിരാശി ഹാർബറിൽ നിന്ന് കപ്പൽ കയറുന്ന മലബാറുകാരനായ കാക്ക. ബർമ്മാക്കാരന്റെ മുന്നിൽ എത്തിപ്പെടുന്ന ‘കള’ എട്ടുദിവസം നീണ്ടുനിൽക്കുന്ന കടൽ യാത്രക്ക് ശേഷം കടൽ ചൊരുക്കുകളും ക്ഷീണവും കലശലായി തളർത്തിയവൻ. റങ്കൂൺ ഹാർബറിൽ നിന്ന് പുറത്തിറങ്ങി റങ്കൂൺ നഗരം കറങ്ങി തിരിച്ച് ഇത്രയും നാഴികകൾ വർഷങ്ങൾ മുമ്പത്തേ യാത്രാ സൗകര്യങ്ങളെ മാത്രം ആശ്രയിച്ച് അലഞ്ഞ് അലഞ്ഞ് കിഴക്കൻ ബർമ്മയിലെ ബുദ്ധമത പെഗോഡകൾ നിറഞ്ഞ മോൺ ജില്ലയിലെ ഒരു ഗ്രാമത്തിൽ, ദൂരത്തേയും കാലത്തേയും പിന്തള്ളി എത്തിപ്പെട്ടത്, കഥ തന്നെയാവാണം. ആ ഊർജ്ജം തേക്ക് മരങ്ങൾ നിഴൽ പരത്തിയ നനുത്ത പച്ചത്തഴപ്പുകൾക്കിടയിലെ, പെഗോഡകൾക്കരികിലെ, ഒരു ‘കളമ’യെ കണ്ടെടുത്ത അലൗകിക പ്രണയ നിമിഷം വരെ മലബാറുകാരനായി ‘കള’യെ കൊണ്ടെത്തിച്ചുവല്ലോ! മനസ്സിൽ, അഞ്ചുവയസ്സുകാരൻ പയ്യന്റെ കണ്ണുകളിൽ തിളങ്ങുന്നത് കണ്ണീരിന്റെ സ്പടികത്തിളക്കമോ, കാണാൻ ആഗ്രഹിക്കുന്നത് സ്ഥലനാമ പലകയിലെ അക്ഷര വടിവുകളോ? ●


*With best Compliments from*

Calicut barbell Club

**Multy Gym**

ESTD : 1972



Affiliated to Kozhikode District Power lifting Weight lifting and Body Building association

P.O. Kuthiravattam, Calicut - 16

Ph: 9847010735, 9847941277

കഥ

# എൻട്രൻസ്



യു.കെ. കുമാരൻ

എൻട്രൻസ് പരീക്ഷകൾ കഴിഞ്ഞയുടൻ സ്വാതന്ത്ര്യം കിട്ടിയെന്നോണമാണ് മകൾ വരുന്നത്കണ്ടത്. രണ്ട്കയ്യും ആകാശത്തിലേക്കുയർത്തിപ്പിടിച്ച്, നിറയെ ചിരിച്ചുകൊണ്ട് അവൾ പറന്ന്‌വരികയായിരുന്നു. അപ്പോൾ മഴ ചെറുതായി പെയ്യുന്നുണ്ടായിരുന്നു. എന്നാൽ അവൾ മഴയെ അൽപം പോലും കൂസാക്കിയില്ല. മഴയുടെ ഓരോ സ്പർശവും അവളെ ഒരുപാട് സന്തോഷിപ്പിക്കുന്നുണ്ടെന്നും തോന്നിപ്പിച്ചു. കുറേ വർഷങ്ങളായി മഴ കാണാത്ത ഒരാളുടെ ഭാവപ്പകർച്ചയായിരുന്നു അവൾക്ക്. ഓരോ മഴത്തുള്ളിയേയും പൂർണ്ണമായും ഉൾക്കൊള്ളണമെന്ന തീവ്രമായ അഭിനിവേശത്തോടെ അവൾ മുഖം മേലോട്ടുയർത്തുന്നതും കാണാമായിരുന്നു.

അടുത്തെത്തിയപ്പോൾ മകൾ പറഞ്ഞു.

എന്തൊരു രസമാണ് മഴയെകൊള്ളാൻ. നല്ലൊരു മഴ കൊണ്ടിട്ടുതന്നെ വർഷങ്ങളായി .

നേർത്ത മഴ നൂലുകൾ അവൾ കൈക്കുമ്പിളിൽ ശേഖരിച്ച് മുഖത്തേക്ക് സ്നേഹത്തോടെ ഉയർത്തുന്നതും കണ്ടു.

പരീക്ഷ എങ്ങിനെയുണ്ടായിരുന്നു മോളെ? അച്ഛൻ ആകാംക്ഷയോടെ ചോദിച്ചു. മകൾ നന്നായി തന്നെ പരീക്ഷ എഴുതുമെന്ന് അയാൾക്ക് ഉറപ്പുണ്ടായിരുന്നു. എന്നാലും വെറുതെ ഒരു ചോദ്യം. ഔപചാരികമായി മകൾ അച്ഛന്റെ അന്വേഷണം കേട്ടെങ്കിലും അതിനോട് പെട്ടെന്ന് പ്രതികരിക്കുവാൻ തുനിഞ്ഞിട്ടില്ല. മഴയുടെ തണുത്ത സ്പർശത്തിൽ നിന്നും വിട്ടുപോന്ന ഒരു നിമിഷത്തിൽ അവൾ ഒട്ടും താൽപര്യമില്ലാതെ പറഞ്ഞു.

ഓ അതൊക്കെ നന്നായി എഴുതി. ചോദ്യങ്ങൾ എല്ലാം എളുപ്പമായിരുന്നു.

അത്കഴിഞ്ഞ് നിരാശയോടെ അവൾ ചുറ്റും നോക്കി. തന്റെ രണ്ട് വർഷമാണല്ലോ നഷ്ടമായത് എന്ന ചിന്തയായിരുന്നു മനസ്സിൽ. പരീക്ഷ കഴിഞ്ഞ് മറ്റ് കുട്ടികളും ഒരു തടവറയിൽ നിന്നും രക്ഷപ്പെട്ടിട്ടെന്നോണം ചിതറി ഓടുന്നുണ്ടായിരുന്നു. എൻട്രൻസിന് തയ്യാറെടുക്കുന്ന രണ്ട് വർഷം തനിക്ക് എന്തെല്ലാമാണ് നഷ്ടപ്പെട്ടതെന്ന് അവൾ ഓർക്കുകയായിരുന്നു. ചാഞ്ഞും ചരിഞ്ഞും ശബ്ദം അടക്കിപ്പിടിച്ചും അല്ലാതേയും പെയ്യുന്ന മഴയാണ് തടവറ കാലത്ത് തനിക്ക് നഷ്ടപ്പെട്ടത്. ജനലിന്നടുത്ത് നിന്ന്പോലും മഴകാണാൻ അനുവാദമില്ലായിരുന്നു. തണുത്ത കാറ്റ് ജനവാതിലുകളുടെ സുഷിരങ്ങളിലൂടെ അടിച്ചെത്തുമ്പോഴും പുറത്ത് മഴയിരമ്പം കേൾക്കുമ്പോഴും മാത്രമാണ് മഴക്കാലത്തെക്കുറിച്ചറിഞ്ഞിരുന്നത്. മഴ നൂലുകൾ തൊടാൻപോലും കഴിയാറില്ല. ഇപ്പോൾ മഴവെള്ളത്തിന്റെ തണുപ്പ് വിരലുകൾക്കിടയിലൂടെ ശരീരമാസകലം പടർന്ന് കയറുമ്പോൾ, നഷ്ടപ്പെട്ട മഴക്കാലം ഒരിക്കൽ കൂടി തന്നെ പൊതിയുകയാണെന്ന് അവൾക്ക് തോന്നി.

അച്ഛനോടൊപ്പം പുറത്തിറങ്ങുമ്പോൾ അവൾ ചോദിച്ചു.

അച്ഛാ, ഇത് ഏതാ വർഷം.

അയാൾ അത്ഭുതത്തോടെ മകളെ നോക്കി. അപ്പോഴേക്കും അവൾ ഗയിറ്റിനടുത്തെത്തിയിരുന്നു. മറ്റു കുട്ടികൾ തിരക്ക് കൂട്ടിയപ്പോൾ മകൾ തന്നിൽ നിന്നും അകലേയ്ക്ക് മാറിപ്പോയതായി അയാൾ കണ്ടു. മകൾ പെട്ടെന്ന് തിരക്കിൽ അപ്രത്യക്ഷമായതിനാൽ അയാൾക്കും ഉൾകണ്ഠയുണ്ടായിരുന്നു. എന്നാൽ തിരക്ക് തെല്ലൊന്ന് ശമിച്ചപ്പോൾ മകൾ ഒരിടത്തുതന്നെ നിൽക്കുന്നതാണ് അയാൾ കണ്ടത്. ആശ്വാസമായി, അത് കഴിഞ്ഞു. അയാൾ മകളുടെ ചോദ്യത്തിലേക്ക് മടങ്ങിയെത്തി.



മോളെന്താ അങ്ങിനെ ചോദിച്ചത്?

ഞാൻ കൊല്ലങ്ങളെല്ലാം മറന്നുപോയച്ഛാ. എൻട്രൻസിന്റെ കോച്ചിംഗ് സെന്ററിൽ പോയ കൊല്ലം മാത്രമേ എനിക്കോർമ്മയുള്ളു. ബാക്കി എത്രകൊല്ലം കടന്നു പോയന്നറിയില്ല. പിന്നെ ഇപ്പോഴാണ് തലയൊന്ന് പൊക്കിനോക്കുന്നത്. അതുകൊണ്ട് കൊല്ലത്തെക്കുറിച്ച് ഒരു തിരിപാടുമില്ല.

അയാൾക്ക് മകളെക്കുറിച്ചപ്പോൾ തോന്നിയത് സഹ താപമാണ്. ഒരു തടവറക്കുള്ളിലാണെന്ന് പറയുമ്പോഴും അത് ഇത്രമാത്രം ഭീകരമാണെന്നറിഞ്ഞിരുന്നില്ല. പഠനത്തിന പ്പുറത്തുള്ള ഒന്നുമായി ഇടപെടരുത്. പത്രമോ, ടെലിവിഷ നോ, സിനിമയോ പാടില്ല. നഷ്ടപ്പെടുത്തുന്ന ഓരോ നിമി ഷവും ഓരോ മൈനസ് മാർക്കാവുന്നു. എൻട്രൻസിന് തയ്യാ റെടുക്കുന്ന ഒരു കുട്ടി ഒരിക്കലും മൈനസ് മാർക്ക് നേടുവാൻ ഇഷ്ടപ്പെടാറില്ല. ഏറ്റവും കൃത്യതയോടെ അത് പരമാവധി കുറച്ചുകൊണ്ടുവരുവാൻ ശ്രമിക്കും. അങ്ങിനെയാ ണ് തട വറച്ചുമരുകൾ ഇടുങ്ങിവന്നത്.

വീട്ടിലെത്തിയപ്പോൾ മകൾ പത്രം എടുത്ത് നിവർത്തി. കൗതുകത്തോടെ അതിന്റെ പേജുകളി ലൂടെ പ്രദക്ഷിണം നടത്തിയിട്ട് പറഞ്ഞു.

സ്കൂളിൽ പഠിക്കുമ്പോൾ പറഞ്ഞിരു ന്നത് കൃത്യമായും പത്രം വായിക്കണമെന്നായിരു ന്നു. ഇവിടെ പറയുന്നു. പത്രമേ വായിക്കരുതെന്ന്

അതു കഴിഞ്ഞവൾ ഒരു പത്രവാർത്ത ഉച്ച ത്തിൽ വായിച്ചു ചിരിച്ചു. അതിനൊപ്പമുള്ള പടവും അവളെ ആകർഷിച്ചുവെന്ന് തോന്നി.

അമേരിക്കൻ പ്രസിഡണ്ട് ഒബാമ ഞാൻ പോവുമ്പോൾ ബുഷായിരുന്നു പ്രസിഡണ്ട്. ഒബാമ എപ്പോഴാ പ്രസിഡണ്ടായത്? ഇയാളെ കണ്ടിട്ട് ഒരു അമേരിക്കക്കാരനെ പോലെയില്ല. ഒരു ഇന്ത്യൻ ലുക്ക്. പിന്നെ അവൾ വാർത്തകളിലൂടെ കടന്നുപോയി. അവസാനം ഒരു നിഗമനത്തി ലെത്തിച്ചേരുകയും ചെയ്തു. പ്രശ്നങ്ങൾക്ക് ഒരു മാറ്റവുമില്ല. ഇറാക്ക്, ഇറാൻ, പാലസ്തീൻ, അഴി മതി, സ്ഫോടനം എല്ലാം അതുപോലെതന്നെ. പത്രം വായിക്കാത്തതുകൊണ്ട് വലിയ നഷ്ടമില്ല എന്നും തോന്നുന്നു .

രാത്രിയാകാറായപ്പോൾ മകൾ ചോദിച്ചു. ഇന്ന് നിലാവുണ്ടാകുമോ അച്ഛാ. നിലാവ് കണ്ട കാലം മറന്ന്പോയി. രാത്രിയിലെ മിന്നാമിനുങ്ങുക ളെയും കാണണം .

രാത്രിയിലവൾ മുറ്റത്തിറങ്ങിനിന്നു. അവൾ ആഗ്രഹിച്ചതുപോലെ നല്ല നിലാവുള്ള രാത്രിയായിരുന്നു അത്. ഇടവഴിയിലും പറമ്പിലു മൊക്കെ നിലാവ് പരന്നു കിടക്കുന്നു. അവയ്ക്കിട യിലെ നിഴലുകൾക്ക് അപ്പോൾ ചാരനിറമായിരു ന്നു. കുട്ടിക്കാലത്തെന്നപോലെ ഓരോ നിഴലിനും അവൾ പ്രത്യേകം പ്രത്യേകം രൂപം നിർണ്ണയിക്കു കയും അതൊക്കെ അവളുമായി സംസാരിക്കുക യാണെന്ന് സങ്കൽപ്പിക്കുകയും ചെയ്തു. മഞ്ഞു വീണ് തുടങ്ങിയതോടെ അവൾ മുറ്റത്തുനിന്നും കയറി. അപ്പോൾ സ്വയം പറയുന്നത് കേട്ടു.

രണ്ടു വർഷമാണ് എനിക്ക് ഈ സൗന്ദര്യ ഭൂമി നഷ്ടപ്പെട്ടത് .

ടെലിവിഷനിൽ അപ്പോൾ സീരിയൽ തുട ങ്ങുവാൻ പോവുകയായിരുന്നു. കോച്ചിംഗ് സെന്റ റിലെ പഠനത്തിനിടയിൽ അവൾ സീരിയലൊന്നും കണ്ടിരുന്നില്ല. സീരിയൽ നടക്കുന്ന സമയത്ത് ടെലിവിഷൻ തുറക്കുവാൻ പാടില്ല എന്നതാണ് നിയമം. ആ ഭാഗത്തേക്ക് ആരും വരാനും പാടില്ല. വളരെ വർഷമായി സീരിയൽ കാണാത്തതു കാരണം മകൾ കൗതുകത്തോടെയാണ് ടി.വി. തുറ ന്നത്. തുടങ്ങുവാൻ പോകുന്ന സീരിയലിന്റെ ടൈറ്റിൽ സോംഗ് പാടിക്കൊണ്ടിരിക്കുകയായി രുന്നു. അപ്പോൾ അവൾ അത്ഭുതപ്പെട്ടു. പിന്നെ അവിശ്വസനീയതയോടെ പറഞ്ഞു. ഞാൻ കോച്ചിംഗ് സെന്ററിലേക്ക് പോകുമ്പോഴും ആ മഴ ക്കാല രാത്രിയായിരുന്നു ടി.വി.യിൽ. ഇപ്പോഴും അതുതന്നെ. ഇതിനും ഒരു മാറ്റവുമില്ല .

അവൾ മടുപ്പോടെ ടി.വി. ഓഫ് ചെയ്തു. എന്നിട്ട് വളരെ താൽപര്യത്തോടെ ഒരു പുസ്തകം കയ്യിലെടുത്ത് വായിക്കുവാൻ

നോവൽ

# അഗ്നിനിലങ്ങളിൽ മഞ്ഞ്പെയ്യുന്നു

കെ.വി. പ്രഭാകരൻ

പ്രശസ്ത സാഹിത്യകാരനും നാടക രചയിതാവും, സംവിധായകനുമായ ശ്രീ കെ.വി. പ്രഭാകരന് (കെ.വി. പ്രഭാകരൻ മാസ്റ്റർ) വായനക്കാരുടെയും നക്ഷത്രരാജ്യം പ്രവർത്തകരുടെയും ആദരാഞ്ജലികൾ. നക്ഷത്രരാജ്യം വായനക്കാർക്ക് സുപരിചിതമായ അദ്ദേഹത്തിന്റെ പ്രശസ്ത അവാർഡ് നോവലായ 'അഗ്നി നിലങ്ങളിൽ മഞ്ഞുപെയ്യുന്നു. ' (പിന്നീട് അദ്ദേഹത്തിന്റെ കഥാസമാഹാരത്തിൽ ഉൾപ്പെട്ടു.) 'ഖൽബിലെ നൊമ്പരങ്ങൾ' (കഥ), 'വീണ്ടുമൊരു ഇതിഹാസം' (കഥ), 'യാത്രാമൊഴി' (കഥ), 'അനർഗ്ഗളമായ രചന വൈഭവത്തിന്റെ നേർക്കാഴ്ച' (ലേഖനം); പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ'



കെ.വി. പ്രഭാകരൻ

യെന്ന നോവലിനെക്കുറിച്ച്, 'ആകാശത്തിലെ 'വിസ്മയ കാഴ്ചകൾ' (കഥ), 'സൂസന്നയ്ക്ക് പറയാനുണ്ടായിരുന്നത്' (കഥ), 'ഈ തൂലിക സുധീരയ്ക്ക് സ്വന്തം' (പ്രശസ്ത സാഹിത്യകാരി സുധീരയെക്കുറിച്ച് അവർക്കുള്ള സാഹിത്യ രചന വൈഭവ നേർകാഴ്ച) തുടങ്ങിയ രചനകൾ നക്ഷത്രരാജ്യം പ്രസിദ്ധീകരിച്ചു. വീട് കോഴിക്കോട് കൊയിലാണ്ടിയിലെ പന്തലായിനിയിൽ ''അഭിനയ''. ഭാര്യ ശുഭ ആഞ്ഞൊളി (ഫറോക്ക് യു.പി. സ്കൂൾ എച്ച്.എം.) മക്കൾ അഭിൽ പി. എസ്., അതുൽ പി.എസ്.. 2012 മെയ് 22ന് കൊയിലാണ്ടിയിലെ ശാരദ ഹോസ്പിറ്റലിൽ വെച്ച് കെ.വി. പ്രഭാകരൻമാസ്റ്റർ ഓർമ്മയായി.

'പ്രശസ്ത സാഹിത്യകാരൻ പരേതനായ കെ.വി. പ്രഭാകരൻ മാസ്റ്ററുടെ അവാർഡ് നോവലായ അഗ്നിനിലങ്ങളിൽ മഞ്ഞ് പെയ്യുന്നു' 2008 നവംബർ,ഡിസംബർ, 2009 ജനുവരി മാസങ്ങളിൽ ഖണ്ഡശമായി നക്ഷത്രരാജ്യം മാസിക പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മക്കായി നക്ഷത്രരാജ്യം മാസികയിൽ നോവലായിതന്നെ ആവിശ്യപ്പെട്ട വായനക്കാർക്ക് വേണ്ടി പുനർപ്രസിദ്ധീകരിക്കുന്നു. ഇതുപോലുള്ള ഒരു സാമൂഹ്യപ്രസക്തനോവൽ പ്രസിദ്ധീകരിക്കാൻ നിയോഗം ലഭിച്ചതിന്റെ അഭിമാനത്തിൽ നക്ഷത്രരാജ്യംമാസിക പ്രവർത്തകർ അദ്ദേഹത്തിന് നിത്യശാന്തി നേരുന്നു.



## ഒന്ന്

പ്രഭാതത്തിന് മഞ്ഞിന്റെ മൂടുപടം. ഇലകളിൽ തങ്ങിനിൽക്കുന്ന മഞ്ഞിൻതുള്ളികൾ താഴേക്ക് പതിക്കുമ്പോഴുള്ള ശബ്ദവും, പക്ഷികളുടെ കിലുകിലാരവവും. നേരം പുലർന്നു കഴിഞ്ഞിരിക്കുന്നു.

ഹരിയാണയിലെ ഫത്തേബാദ്ജില്ലയിലെ റാത്തിയയിലെ ലാംബാ ഗ്രാമത്തിലെ ഒരു കുടിലിന്റെ മുറ്റത്ത് ഇട്ടിരിക്കുന്ന ചൂടിക്കട്ടിലിൽ ബച്ചൻസിങ്ങ് കിടന്നുറങ്ങുകയാണ്.

നേരം പുലർന്നു കഴിഞ്ഞിട്ടും അവന് എഴുന്നേൽക്കാൻ തോന്നിയില്ല. തലേദിവസത്തെ കഠിനാധ്വാനം അവനെ ആകെ തളർത്തിയിരിക്കുന്നു. കട്ടിലിൽ നിന്നും എഴുന്നേൽക്കാൻ പോലും കഴിയുന്നില്ല. അവനൊന്ന് തലയുയർത്തി നോക്കി അവിടെത്തന്നെ കിടന്നു. പുതപ്പ് തലയിലൂടെ എടുത്തു മൂടി. ഇന്ന് പണിക്ക് ചെല്ലാഞ്ഞാൽ സമീന്ദാർ സുഖ്ദേവ്സിങ്ങിന്റെ ശകാരം ഉറപ്പാണ്. ചിലപ്പോൾ അയാളുടെ കൈ യിന്റെ ചൂടറിയേണ്ടിവരും. അല്ലെങ്കിൽ തോക്കിന്റെ പാത്തി കൊണ്ടോ ചാട്ടകൊണ്ടോ ഉള്ള അടികൊള്ളേണ്ടി വരും. എന്തെങ്കിലുമാകട്ടെ ഇന്നു വയ്യ.

ബച്ചൻസിങ്ങ് കണ്ണിറുക്കിയടച്ചു.

പണിക്ക് ചെന്നാലും ഇല്ലെങ്കിലും കണക്കുതന്നെ. പണിയെടുത്താൽ മര്യാദക്ക് കൂലി തരില്ല.

അപ്പനും അപ്പൂപ്പനും ഒക്കെ കടം വാങ്ങിയിട്ടുണ്ടെന്നും അതിന്റെ മുതലും പലിശയും ഈടാക്കുന്നതിന് കൂലിയില്ലാതെ പണി ചെയ്യണമെന്നുമാണ് സമീന്ദാരുടെ കല്പന. കുടുംബാംഗങ്ങൾ മുഴുവനും പണിയെടുത്താലും ഈ കടം വീട്ടാൻ കഴിയാതെ അങ്ങനെ നിലനില്ക്കുന്നു. കാരണം വരുതിമാസങ്ങൾ കടന്നുവരുമ്പോൾ ഗ്രാമം പട്ടിണിയിലാകും. അപ്പോൾ സമീന്ദാരോട് കടംവാങ്ങും. എത്ര പണിയെടുത്താലും ആ കടം വീട്ടാൻ കഴിയാതെ വരുന്നു. അങ്ങനെ തലമുറ തലമുറയായി സമീന്ദാർക്ക് പാവപ്പെട്ട കർഷകത്തൊഴിലാളികൾ അടിമവേല ചെയ്യേണ്ടിവരുന്നു.

ബച്ചൻസിങ്ങിന് ഇതിലൊക്കെ അമർഷമുണ്ടെങ്കിലും മുതിർന്നവരുടെ വഴക്ക് പേടിച്ച് അവൻ വേണ്ടാത്തതിനൊന്നും പോകാറില്ല. ഇനി അവനെന്തെങ്കിലും ഗുലുമാല് കാണിച്ചാൽ അവന്റെ കുടുംബം ഒന്നടങ്കം അതിന്റെ കഷ്ട അനുഭവിക്കേണ്ടിവരും.

അധികനേരം അങ്ങനെ കിടക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഒന്നുകിൽ അപ്പൻ അല്ലെങ്കിൽ അമ്മ. അവർ വന്ന് വിളിച്ചുണർത്തി ചോദിക്കും.

"എന്താ ഇന്ന് പണിക്ക് പോകുന്നില്ലേ..."

"ഇല്ല... തീരെ സുഖമില്ല."

ബച്ചൻ പ്രതികരിക്കും പിന്നെ അപ്പന്റെ ശകാരമാണ്. ആ ശകാരം ഇപ്പോൾ തന്റെ കാതുകളിലെത്തും എന്ന് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് അകലെ നിന്നും വിളിക്കുന്നത് കേട്ടത്.

''ബച്ചൻ... വേഗം വാ... നേരം പോയി..."

ബച്ചൻസിങ്ങ് കേട്ടിട്ടും കേൾക്കാത്തതുപോലെ കിടന്നു. കണ്ണിറുക്കി അടച്ചു. പുതപ്പിനുള്ളിലേക്ക് അവൻ ഒന്നുകൂടി വലിഞ്ഞു.

"ബച്ചൻ...ഹേയ്... ബച്ചൻ..."

ആ ശബ്ദം അടുത്തടുത്തു വന്നു. കുടിലിൽ നിന്നും അപ്പന്റെയും അമ്മയുടെയും ശബ്ദം ഉയർന്നു.

"ഈ ചെറുക്കനെന്താ... വിളികേട്ട് കൂടെ.... മടിയൻ... പണിക്ക് വിളിച്ചാൽ ചെല്ലില്ല.... ഇങ്ങനെയുണ്ടോ ഒരുറക്കം എത്രനേരമായി ആ മാലിഖ് അവനെ വിളിക്കുന്നു."

അടുത്ത കുടിലിലെ മാലിഖിന്റെ ശബ്ദം അവൻ തിരിച്ചറിഞ്ഞിരുന്നു. അവൻ കട്ടിലിന്റെ അരുകിലെത്തിയിരിക്കുന്നു. കൈയിലിരുന്ന തൂമ്പയുടെ പിടികൊണ്ട് മാലിഖ് ബച്ചൻസിങ്ങിന്റെ തുടയിൽ കുത്തുകയാണ്.

"ശല്യം." ബച്ചൻസിങ്ങ് പുതപ്പുമാറ്റി ഈർഷ്യയോടെ എഴുന്നേറ്റിരുന്നു.

"ഞാൻ വരുന്നില്ല..."

''വന്നില്ലെങ്കിൽ... സമീന്ദാരുടെ സ്വഭാവം നെനക്കറിയാമല്ലോ... ഇന്നലെയും... നീ..."

മാലിഖ് മുഴുവനാക്കുന്നതിന് മുമ്പ് ബച്ചൻസിങ്ങ് അവനെ തടഞ്ഞു. ഇന്നലെ മേസ്തിരിയുമായി ഇടഞ്ഞതും അയാളുടെ കരണക്കുറ്റിക്കുറ്റിക്ക് ഒന്നു കൊടുത്തതും അവൻ ഓർക്കുകയായിരുന്നു.

ഇന്നലെ സന്ധ്യയായിട്ടും ബച്ചൻ സിങ്ങിന്റെ പണി അവസാനിച്ചില്ല. അല്ലെങ്കിൽ പണി അവസാനിപ്പിക്കാൻ മേസ്തിരി സമ്മതിച്ചില്ല എന്ന് പറയുന്നതായിരിക്കും ശരി. പാടത്ത് ഉയർന്നു നില്ക്കുന്ന മൺകൂനകൾ ഒന്നൊന്നായി തട്ടിനിരത്താൻ അയാൾ കല്പിച്ചുകൊണ്ടിരുന്നു. മറ്റു തൊഴിലാളികളെല്ലാം പണി നിർത്തി കൂലിയും വാങ്ങി പിരിഞ്ഞു പോയിരുന്നു. പാടത്ത് ബച്ചൻസിങ്ങ് മാത്രം ബാക്കിയായി. സമയമേറെയിരുട്ടി. അപ്പോഴെ പണിതീർന്നുള്ളൂ. അവൻ മേസ്തിരിയുടെ പിന്നാലെ നടന്നു. കൂലി ആവശ്യപ്പെട്ടെങ്കിലും അയാൾ കൂലി നല്കിയില്ല. അല്പദൂരം നടന്നപ്പോൾ മേസ്തിരി അയാളുടെ അരയിൽ നിന്നും ഒരു കുപ്പി ചാരായം എടുത്ത് അവനു നേരെ നീട്ടിക്കൊണ്ട് ചോദിച്ചു.

"നിനക്ക് വേണോ."

അവൻ വേണ്ടെന്ന് തലയാട്ടി. അത് ഒറ്റ വലിക്ക് അയാൾ കുടിച്ചു തീർത്തു. ഉണ്ടക്കണ്ണും കപ്പടമീശയുമുള്ള മേസ്തിരിയുടെ നോട്ടം കണ്ടപ്പോൾ അവന് വല്ലാതെ പേടി തോന്നി. എന്താണിയാളുടെ ഭാവം തന്നോടിയാൾക്കെന്തെങ്കിലും പകയുണ്ടോ? ആരെയും കൊല്ലാൻ മടിക്കാത്ത പ്രകൃതക്കാരനാണയാളെന്ന് ബച്ചനറിയാം. സ്ത്രീലമ്പടനും സ്വവർഗഭോഗിയും ലഹരിവസ്തുക്കൾക്കടിമയുമായ അയാൾ ഒന്നിനും മടിക്കില്ല. തൊഴിലാളികൾക്കെല്ലാം അയാളെ ഭയമാണ്.

പെട്ടെന്നയാൾ അവന്റെ കൈക്ക് കടന്നുപിടിച്ച് അടുത്തുള്ള പൊന്തക്കാട്ടിനുള്ളിലേക്ക് വലിച്ചു. നന്നേ ക്ഷീണമുള്ള അവന് അയാളുടെ പിടിവിടുക്കാൻ കഴിഞ്ഞില്ല. അവൻ ഉച്ചത്തിൽ നിലവിളിച്ചു. പക്ഷേ, ആര് കേൾക്കാൻ. ആ വിശാലമായ പാടത്തുനിന്ന് എല്ലാവരും പോയ്ക്കഴിഞ്ഞിരിക്കുന്നു. ഉച്ചത്തിൽ നിലവിളിച്ച അവന്റെ വായ അയാൾ പൊത്തിപ്പിടിച്ചു. അയാളുടെ കപ്പട മീശ അവന്റെ മുഖത്തുരസി. ബച്ചൻസിങ്ങിന് അയാളുടെ ഉദ്ദേശം മനസ്സിലായി. അവൻ അയാളുടെ കരണക്കുറ്റിക്ക് ആഞ്ഞൊരടി കൊടുത്തു. ഓർക്കാപ്പുറത്ത് കിട്ടിയ അടിയേറ്റ് അയാൾ മലർന്നടിച്ചു വീണു. ബച്ചൻ സിങ്ങ് തന്റെ മൺവെട്ടിയുമെടുത്ത് ശരംവിട്ടതുപോലെ തന്റെ കുടില് ലക്ഷ്യം വെച്ച് ഓടി...

മാലിഖിന്റെ കുടിലിൽ വിളക്കണച്ചിരുന്നില്ല. അവൻ അങ്ങോട്ട് കയറി. രാത്രിയിൽ വിയർത്ത് കിതച്ചുവ

രുന്ന ബച്ചനെക്കണ്ട മാലിഖ് പകച്ചു. നടന്ന സംഭവങ്ങൾ അവൻ മാലിഖിനോട് പറഞ്ഞു. മാലിഖ് എല്ലാം കേട്ടിരുന്നതേയുള്ളൂ.

"നീയെന്താ സ്വപ്നം കാണുന്നോ?" മാലിഖ് ചോദിച്ചത് കേട്ട് ബച്ചൻസിങ്ങ് ഒന്നു ഞെട്ടി. ആ സംഭവം അവന്റെ മനസ്സിൽ കിടന്ന് പകിട കളിച്ചു. ഇന്ന് മേസ്തിരി തന്നോട് വളരെ ക്രൂരമായി പെരുമാറും... പലപ്പോഴും അവനോട് അയാൾ ഇങ്ങനെ പറയാറുണ്ടായിരുന്നു.

"എടാ നീയൊരു പെണ്ണായി പിറക്കേണ്ടവനാ..."

തന്റെ സ്ത്രൈണഭാവവും സൗന്ദര്യവും ഒക്കെ അയാൾക്കങ്ങനെ തോന്നാൻ കാരണമായിട്ടുണ്ടാകും. പൊതുവേ ലജ്ജാശീലനും ശാന്ത സ്വഭാവക്കാരനുമായ ബച്ചൻസിങ്ങിനെ എല്ലാവരും പെണ്ണെന്ന് പറഞ്ഞ് കളിയാക്കുമായിരുന്നു. പക്ഷേ, ഒരു പുരുഷന്റെ കരുത്ത് തന്നിലുള്ളത് അവൻ ഒതുക്കിവെക്കുകയായരുന്നു.

അപ്പന് പിറന്ന മക്കളിൽ ഇളയവൻ ബച്ചൻസിങ്ങാണ്. എട്ടു മക്കളാണ് ബച്ചന്റെ പിതാവ് ജോഗിന്ദർസിങ്ങിന്. മൂന്ന് പെണ്ണും അഞ്ചാണും. പെൺമക്കളെയെല്ലാം കെട്ടിച്ചയച്ചു. മൂത്ത സഹോദരൻമാരെല്ലാം വിവാഹിതരുമായി. ഇനി ബച്ചൻസിങ്ങാണ് വിവാഹം കഴിക്കാനായിട്ടുള്ളത്. അതിനുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. ഏതു പെണ്ണും ബച്ചൻസിങ്ങിനെ കൊതിച്ചുപോകും. അത്രക്ക് സുന്ദരനായിരുന്നു അവൻ. വിവാഹം എന്നു കേൾക്കുമ്പോൾ അവന് ഭയമാണ്. എന്തിനാണ് ഭയക്കുന്നത്? കാരണമുണ്ട്. വിവാഹം കഴിഞ്ഞാൽ ആദ്യരാത്രിയിൽ സമീന്ദാരുടെ ആൾക്കാരെത്തും. അന്നത്തെ രാത്രി സമീന്ദാർക്കുള്ളതാണ്. അതുകഴിഞ്ഞേ പെണ്ണിനെ വരന് ലഭിക്കുകയുള്ളൂ. വീട്ടുകാർക്ക് വഴങ്ങാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു. ആരെങ്കിലും എതിർത്താൽ അടുത്ത ദിവസം ഓരോരുത്തരുടെയും ശവം സത്‌ലജ്നദിയിൽ ഒഴുകി നടക്കും.

ലാംബ ഗ്രാമം ഇന്നും അജ്ഞതയിൽ മുങ്ങിത്തപ്പുകയാണ്. അല്ലെങ്കിൽ അവരുടെ മനസ്സുകൾ അടിയും ഇടിയുമേറ്റ് മരവിച്ചു പോയിരിക്കുന്നു. കാലാകാലമായി അടിച്ചമർത്തപ്പെട്ടുപോയ മനസ്സിന്റെ ഉടമകളായി മാറിപ്പോയ ഗ്രാമവാസികൾ. അവരിൽ നിന്നും മറിച്ചൊരു ശബ്ദം ഉയരുന്നതുപോലും അവരെ ഭയപ്പെടത്തുന്നു. ജീവിക്കാനുള്ള ആഗ്രഹം . എത്ര നരകയാതന അനുഭവിച്ചാലും ജീവിക്കണമെന്ന മനുഷ്യന്റെ ആഗ്രഹം അവനെ എല്ലാം സഹിക്കാൻ വിധിക്കപ്പെട്ടവനാക്കുന്നു...

മാലിഖിന്റെ നിർബന്ധം സഹിക്കാനാവാഞ്ഞപ്പോൾ ബച്ചൻസിങ് പുതപ്പെടുത്ത് അയലിലിട്ട് എഴുന്നേറ്റു. കട്ടിലിനരുകിൽ വെച്ച മൺഭരണിയിൽ നിന്നും വെള്ളമെടുത്ത് മുഖം കഴുകി. അകത്തുപോയി അമ്മ തയ്യാറാക്കി വെച്ചിരുന്ന കരിഞ്ചായ എടുത്തു കഴിച്ചു പുറത്തേക്കിറങ്ങി. ധരിച്ചിരുന്ന വസ്ത്രം അഴിച്ചുമാറ്റി അയലിലിട്ടിരുന്നു പൈജാമായും കുർത്തിയും എടുത്തുധരിച്ചു. പിന്നീട് കുടിലിനോട് ചാരിവെച്ചിരുന്ന മൺവെട്ടിയും കുട്ടയുമൊടുത്ത് മാലിഖിന്റെ പിന്നാലെ നടന്നു.

"എല്ലാവരും പോയ്ക്കഴിഞ്ഞു. നീ കാരണം ഞാനും വൈകി... ഇന്നും മേസ്തിരിയുടെ ശകാരം ഉറച്ചതുതന്നെ...?"

മേസ്തിരി എന്നു കേട്ടപ്പോൾ ബച്ചൻസിങ്ങിന്റെ മനസ്സൊന്ന് പിടഞ്ഞു. ഇന്നലത്തെ ആ സംഭവം അവൻ ഓർക്കുകയായിരുന്നു. ആ ദേഷ്യം അയാളിന്ന് തന്നോട് കാണിക്കും. ഒരു പകയുള്ള സർപ്പത്തെപ്പോലെയാണയാൾ. നോവിച്ച് വിട്ടവനെ കിട്ടുന്നേടത്ത് വെച്ച് കടിച്ചുകീറും...

പണിസ്ഥലത്ത് ജോലിക്കാർ അണിനിരന്ന് കഴിഞ്ഞിരിക്കും. മൺവെട്ടികൾ ഒന്നൊന്നായി മേസ്തിരിയുടെ ആജ്ഞയനുസരിച്ച് മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നുണ്ടാകും. എത്ര ആഴത്തിൽ കിളച്ചാലും മേസ്തിരിക്ക് തൃപ്തിയാകില്ല. കുട്ടകളിൽ മണ്ണുകളേറ്റി അവരുടെ പെണ്ണുങ്ങൾ വരമ്പുകൾ തീർക്കുന്നുണ്ടാകും. ചിലർ ഉഴുതുമറിക്കുന്ന വയ ലുകളിലെ ഉണക്കപ്പുല്ലുകളും ചെടികളും അടിച്ചുകൂട്ടി തീയിടുന്നുണ്ടാകും. അവിടങ്ങളിലൊക്കെ മേസ്തിരിയുടെ കണ്ണ് പെണ്ണുങ്ങളുടെ മുലയിലും നിതംബത്തിലുമായിരിക്കും. പണിക്കിടയിൽ ഏതെങ്കിലും പെണ്ണിനെ അയാൾ നോട്ടമിടും. പിന്നെ വല വീശലായി. ഉച്ചവെയിൽ മൂക്കുന്നതിമുമ്പ് അവളെയും മേസ്തിരിയെയും കാണാതാകും. പിന്നെ അന്നവൾ പണിക്കിറങ്ങേണ്ടതില്ല. കൂലിയും വാങ്ങി നേരത്തെ പോകാം. മേസ്തിരിയോടെതിരിടുകയോ, അയാളെ അനുസരിക്കാതിരിക്കുകയോ ചെയ്താൽ അവൾക്ക് പിന്നെ പണിയില്ല. അങ്ങനെ എത്രയെത്ര സ്ത്രീകളെ... ആ ദുഷ്ടൻ... ബച്ചൻസിങ്ങ് പല്ലു ഞെരിച്ചു. എല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും ബച്ചൻ സിങ്ങിന്റെ മൺവെട്ടി അമർഷത്തോടെ പാടത്തേക്ക് അമർന്ന് വീണുകൊണ്ടിരിക്കും. അവന്റെ ദേഷ്യവും സങ്കടവുമെല്ലാം അങ്ങിനെ എരിഞ്ഞടങ്ങും.

എന്തേ ഇങ്ങനെയൊക്കെ ഈ ഗ്രാമത്തിൽ നടക്കുന്നത്?. മാലിഖിനോടോ മറ്റാരോടെങ്കിലുമോ ചോദിച്ചിട്ട് ഒരു കാര്യവുമില്ല. ഒരു പറ്റം ആൾക്കാർ ഒരു ജനതയെ മുഴുവൻ അടക്കിനിർത്തിയിരിക്കുന്നു. എന്തിന്റെ ബലത്തിലാണത്? പണത്തിന്റെ അഹങ്കാരത്തിന്റെ, ഗുണ്ടാവിളയാട്ടത്തിന്റെ തണലിൽ. ഈ പാവപ്പെട്ട ഗ്രാമീണ ജനതയ്ക്ക് ഇതിൽ നിന്നും ഒരിക്കലും മോചനമില്ലെ? ഇവിടെ എല്ലാവരും ഇരുളിന്റെ കയങ്ങളിൽ പെട്ട് മുങ്ങിത്താഴുകയാണ്. ഒരു വെളിച്ചത്തിന്റെ തുമ്പിൽപോലും എത്തിപ്പിടിക്കാൻ അവർക്ക് കഴിയുന്നില്ല... മോഹങ്ങളുണ്ടെങ്കിലും അതൊക്കെ അവർ അടക്കിവെക്കുന്നു. തുറക്കാൻ കഴിയാത്ത ഒരു പെട്ടിയിൽ കിടന്ന് അവ നശിക്കുന്നു.

എന്നു തുടങ്ങിയതായിരിക്കും ഈ യാത്ര. മനുഷ്യന്റെ ജനനം മുതലോ? വേദനിക്കുന്ന മനസ്സ് മാത്രമുള്ളവരുടെ അനന്തമായ ഈ യാത്ര എങ്ങോട്ട്? എന്തിന്? ഒന്നോർത്താൽ ഇതൊക്കെ വെറുതെ. എന്തിനു വേണ്ടി ഈ ലോക ത്ത് വന്നുപിറക്കുന്നു. വേദനിക്കാൻ വേണ്ടി മാത്രമോ? അല്ലെങ്കിൽ ഒരു പറ്റം ആളുകളെ സുഖിപ്പിക്കാൻ വേണ്ടി യോ?...

ഇപ്പോൾ മാലിഖ് അവനിൽ നിന്നും വളരെ അകലെയായിക്കഴിഞ്ഞിരിക്കുന്നു. മാലിഖ് തിരഞ്ഞുനോക്കുമ്പോൾ ബച്ചൻസിങ്ങ് ഏതോ ആലോചനയുമായി താഴോട്ട് നോക്കി നടക്കുകയായിരുന്നു. ഇന്ന് തുലഞ്ഞതു തന്നെ?

"ഹേയ് ബച്ചൻ നീയെന്താണ് തെരയുന്നത്... വേഗം നടക്ക്... നിന്നെ

കവിത



# വിസ്മൃതി

ശ്രീധരനുണ്ണി

അകലെയാണെന്റെ പിറന്നവീടങ്ങു
നിറമിഴികളോടിരിയ്ക്കയാണൊരാൾ.
അതെൻ ജനനിയാമുഖമേ കാൺമതീ
നിയതിതന്നോരോതെളിവിളക്കിലും
അതെൻ ജനനിയാസ്വരമേകേൾപ്പതീ
ഹൃദയ സ്പന്ദത്തിൽ കളകളാരവം
മുഴക്കം കാട്ടാറിൻ ഗതി വിഗതിയിൽ,
കിളികുലങ്ങൾ തൻ മധുരാലാപത്തിൽ



അകലെയാണു ഞാൻ പിറന്നവീടങ്ങു
ചിരപ്രതീക്ഷയോടിരിയ്ക്കുമമ്മ യോ
ടുരയ്ക്കുവാനുള്ള മൊഴികൾ തേടിഞാ-
നലയു ആ യുഗ പരമ്പരകളിൽ
അവിടെയർപ്പിയ്ക്കാനൊരു ധൂമത്തിനാ-
യലയുന്നൂ വിശ്വവാസികൾ തോറും.
എവിടെയാണെന്റെ പിറന്ന വീടുഞാൻ
വഴിമറന്നിങ്ങു വലയുന്നു വീണ്ടും.
ഒരു ദിനമോർമ്മവരും, അതുവരെ
യിവിടെ യിങ്ങനെ കഴിയുവാൻ വിധി
പൊറുക്കുകമ്മേ, ഞാൻ മറവിയിലെന്നെ കുഴിച്ചു
മൂടിയിങ്ങിരിയ്ക്കയാണല്ലോ.

ക്കൊണ്ട് ഞാൻ തോറ്റു.!"
ബച്ചന്റെ കാലുകൾ പിന്നോട്ട് തന്നെ വലിയുകയായിരുന്നു. കാലുകൾക്ക് വല്ലാത്ത ഭാരം. മനസ്സിന്റെ വേദനയും ഭാരവും കാലുകളിലേക്കും പടർന്നുകയറുകയായിരുന്നു.
ഈ കാലുകൾക്ക് ശക്തി പകരുന്നത് മനസ്സാണ്. എല്ലാവരുടെയും മനസ്സിലെ ചിന്തകളും വികാരങ്ങളും ഒരുപോലെയിരുന്നാൽ എത്ര നന്നായിരുന്നു. അവിടെ അവരുടെ മോഹങ്ങളും സങ്കൽപ്പങ്ങളും പൂവണിയും... പക്ഷേ ജനം ഒരേപോലെ ചിന്തിക്കുന്നില്ലല്ലോ..ബച്ചൻ സിങ്ങിന് ദുഃഖം തോന്നി... ഇവിടെ ഓരോ മനുഷ്യനും സങ്കുചിതമായി മാത്രം ചിന്തിക്കുന്നു. താനും തന്റെ കുടുംബവും. മറ്റൊന്നും അവനാലോചിക്കുന്നില്ല.
മണ്ണിൽ പണിയെടുക്കുകയും വിതയ്ക്കുകയും വിളവുകൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്ന ആയിരക്കണക്കിന് കർഷകതൊഴിലാളികൾ, അവരുടെ അധ്വാനത്തിന്റെ മഹിമ അവരറിയുന്നുണ്ടോ? അവരുടെ വിയർപ്പൊഴുകിയില്ലെങ്കിൽ പിന്നെ ഇവിടെ യാർക്കെങ്കിലും എന്തെങ്കിലും ചെയ്യാൻ കഴിയുമോ? എല്ലാം ശൂന്യം. അപ്പോൾ ആ ആയിരങ്ങളുടെ, പതിനായിരങ്ങളുടെ, ലക്ഷങ്ങളുടെ, കോടികളുടെ ശക്തി എന്തെന്ന് ഓരോരുത്തരും അറിയാറില്ല. അവർക്ക് ഒന്നിച്ചിരുന്ന് കൂട്ടായി ചിന്തിക്കാൻ കഴിയുന്നില്ല. അതുതന്നെയാണ് അവരുടെ പരാജയത്തിന് കാരണവും. ഇത് തിരിച്ചറിയാൻ കഴിയാത്തതിന്റെ കാരണമെന്ത്? ആരുമത് ബോധ്യപ്പെടുത്താനില്ലാത്തതുകൊണ്ടു തന്നെ. അല്ലെങ്കിൽ ഇതൊക്കെ അറിഞ്ഞിട്ടും അറിയാത്തതുപോലെ നടിക്കുന്നവരാരിയിരിക്കും ആളുകൾ. ഒരു ഏകാന്തതയിലേക്ക് വലിച്ചെറിയപ്പെടുന്ന മനസ്സുള്ളവരായി മാറിപ്പോവുകയാണ് ഈ മനുഷ്യസമൂഹം ഒന്നാകെ. "മാലിഖേ നമ്മളെന്തിനാ ഇങ്ങനെ കഷ്ടപ്പെട്ട് പണിയെടുക്കുന്നത്?"
"ഹോ തൊടങ്ങി അവന്റെയോരു..." മാലിഖ് ബച്ചന്റെ ചോദ്യത്തെ അവഗണിച്ച് അവനെ പിടിച്ചുവലിച്ചുകൊണ്ടോടി.
"ഉം വേഗം വാ."
മാലിഖിന്റെ വേഗം ബച്ചനില്ലായിരുന്നു. അവന്റെ മനസ്സ് വീണ്ടും അലയടിച്ചുയരുന്ന തിരമാലയിൽപ്പെട്ട തോണിപോലെ ഇളകിമറിയുവാൻ തുടങ്ങുകയായിരുന്നു. മാലിഖ് പണിക്കാരുടെ ഇടയിൽ ലയിച്ചുകഴിഞ്ഞു. ബച്ചൻസിങ്ങിന് പണിക്കിറങ്ങാൻ മനസ്സുവന്നില്ല. വയലിനക്കരെ തോടിന്റെ നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും മണ്ണുചുമന്ന് കനാലിന് ഉയരം കൂട്ടിക്കൊണ്ടിരിക്കുന്നു. യുവാക്കളും പ്രായംചെന്നവരും തങ്ങളുടെ മൺവെട്ടികൾ ആഞ്ഞ് മണ്ണിലിറക്കിക്കൊണ്ടിരുന്നു. അവർക്കിടയിലൂടെ മേസ്തരി തന്റെ ഇരയെത്തേടി നടക്കുന്നു.
ബച്ചൻസിങ്ങ് കാർക്കിച്ചുതുപ്പി. എപ്പോഴെങ്കിലും ആ തെണ്ടിയെ തന്റെ മൺവെട്ടിക്കൊണ്ട് തലക്കടിച്ചുകൊല്ലണം. അവൻ മാലിഖിനെ തിരഞ്ഞു. അവൻ മത്സരിച്ച് പണിയെടുക്കുകയാണ്. അവന്റെ ഭാര്യ സൂചിമുഖിയും അവന്റെ കൂട്ടത്തിലുണ്ട്. മേസ്തിരി മാലിഖിന്റെ ഭാര്യയുടെയടുത്ത് ചുറ്റിപ്പറ്റി നടക്കുന്നത് ബച്ചൻസിങ്ങ് കണ്ടു. അവന്റെ നെഞ്ചിടിപ്പു വർദ്ധിച്ചു. ഇന്ന് അവളെയാണോ അയാൾ നോട്ടമിട്ടിരിക്കുന്നത്. അതു തടഞ്ഞില്ലെങ്കിൽ ഒരു മനസ്സാമാധാനവും ഇല്ല. അവൻ മൺ വെട്ടിയുമായി അങ്ങോട്ടുചെന്നു. മേസ്തിരി അവളോടു കൊഞ്ചുകയാണ്. ബച്ചൻ അവർക്ക് അടുത്തെത്തി. തൊണ്ടയനക്കി. ബച്ചനെ കണ്ട മേസ് തിരി അവനെ തറപ്പിച്ചൊന്നു നോക്കി. പിന്നെ അവിടെനിന്നും ഒഴിഞ്ഞുപോയി. എന്തായാലും വിവരം മാലിഖിനെ അറിയിച്ചേ പറ്റൂ. അവൻ മാലിഖിന്റെ അടുത്തുചെന്ന് കാര്യം പറഞ്ഞു. മാലിഖ് അൽപനേരം മൗനിയായി നിന്നു. മേസ്തിരിയെ എതിർത്താൽ വരാൻപോകുന്ന

ഭവിഷ്യത്തിനെക്കുറിച്ചായിരുന്നു അവൻ ആലോചിച്ചത്. ഒന്നും ഉരിയാടാതെ നിൽക്കുന്ന മാലിക്കിനെ ബച്ചൻ കുലുക്കി വിളിച്ചു. ഒന്നും പറയാതെയവൻ തന്റെ പണിയിലേക്ക് തിരിഞ്ഞു. ബച്ചൻ തന്റെ മൺവെട്ടിയും കുട്ടയുമെടുത്ത് കനാലിനപ്പുറത്തേക്ക് സൂചിമുഖി പണിയെടുക്കുന്ന സ്ഥലത്തേക്ക് ചെന്നു. "മേസ്തിരി എന്താ നിന്നോടു പറഞ്ഞത്?"

സൂചിമുഖി ബച്ചന്റെ ചോദ്യം കേട്ട് ഞെട്ടി. എന്തുപറയണമെന്നറിയാതെ അവൾ പരുങ്ങി.

"അയാളുടെ കൂടെ ചെല്ലാനല്ലേ?"

അവൾ തല താഴ്ത്തി നിന്നതല്ലാതെ ഒന്നും പറഞ്ഞില്ല.

"ഇന്നിനി പണിക്ക് നിൽക്കേണ്ട... കുടിലിലേക്ക് പൊയ്ക്കൊള്ളൂ"


പക്ഷേ അവൾ ബച്ചൻ പറഞ്ഞതുപോലെ ചെയ്തില്ല. അവൾക്ക് പണിയിൽനിന്നും പിന്തിരിയാനാവുകയില്ലായിരുന്നു. ഇന്ന് പണി ഇട്ടേച്ച് പോയാൽ പിന്നീട് ഒരിക്കലും ഇങ്ങോട്ട് വരേണ്ടിവരില്ല. "സൂചി വീട്ടിലേക്ക് പോയ്ക്കൊള്ളൂ"

ബച്ചൻ അധികാരസ്വരത്തിൽ വീണ്ടും അങ്ങനെ പറഞ്ഞപ്പോൾ അവൾ അവന്റെ മുഖത്തിനുനേരെ വിരൽ ചൂണ്ടിക്കൊണ്ട് ചോദിച്ചു.

"നാളെ എനിക്ക് ബച്ചൻ പണി തരോ..."

അവളുടെ ചോദ്യം ബച്ചൻസിങ്ങിനെ കുഴപ്പത്തിലാക്കി. എന്തുമറുപടി പറയും. അല്ലെങ്കിലും താനെന്തിനാണ് ഇതിലൊക്കെ തലയിടുന്നത്.

അവൻ അന്ന് പണിയൊന്നും ചെയ്യാതെ വയലിനക്കരെയുള്ള വിശാലമായ ജലാശയത്തിനടുത്തേക്ക് നടന്നു. അതിൽ വിടർന്നു നിൽക്കുന്ന ചെറിയ ആമ്പൽപ്പൂക്കളെ നോക്കി അവൻ അവിടെയിരുന്നു. അതിനുമപ്പുറത്ത് സത്‌ലജ് നദി ശാന്തമായൊഴുകിക്കൊണ്ടിരുന്നു. നദിയിലൂടെ ഒഴുകിവന്ന ഒരു മരത്തടി ശവംപോലെ തേന്നിപ്പിച്ചു. നദിയിൽനിന്നും ജലാശയത്തിലൂടെ ഒഴുകിവന്ന കാറ്റ് അവനെ തഴുകി കടന്നുപോയി. മേസ്തിരി ഗോവിന്ദനെ നേരിടാനുള്ള ശക്തി അവൻ മനസ്സിൽ സംഭരിക്കുകയായിരുന്നു. അകലെ പണിയെടുക്കുന്ന തന്റെ ഗ്രാമക്കാരെ അവൻ ശ്രദ്ധിച്ചു. അടിമകളെപ്പോലെ പണിയെടുക്കുന്ന



കുറേ മനുഷ്യക്കോലങ്ങൾ. നാളെ അവരിൽ ചിലതിനെ ചിലപ്പോൾ കണ്ടില്ലെന്ന് വരാം. സ്വാഭാവിക മരണമാകാം. അല്ലെങ്കിൽ നിശ്ചയിക്കപ്പെട്ട മരണമാകാം. കഴുകൻ കണ്ണുകളുമായി മൂർച്ചയുള്ള നഖങ്ങളുമായി അവർക്കുപിന്നിൽ കാത്തിരിക്കുന്ന ദുഷ്ടമൃഗങ്ങളെക്കുറിച്ച് അവർ അറിയുന്നില്ല. അഥവാ അറിഞ്ഞെങ്കിലും അറിയില്ലെന്ന് നടിക്കുകയാകാം. അല്ലെങ്കിൽ ഉറക്കം തെളിയാത്ത മനസ്സുള്ള അവർക്ക് അതൊന്നും കാണാൻ കഴിഞ്ഞെന്നുവരില്ല. അവരുടെ മനസ്സിന്റെ ഇരുണ്ട അറകളിലേക്ക് ഒരു തുള്ളി വെളിച്ചംപോലും കടന്നെത്താനുമുള്ള സാധ്യതയുമില്ല. ഒരു നേരത്തെ റൊട്ടിക്കും മുളകിനും വേണ്ടി അദ്ധ്വാനിക്കുന്നവർ. അന്തിയോളം പണിചെയ്യുന്നു. കിട്ടുന്നതുകൊണ്ട് വിശപ്പടക്കുന്നു. അവർക്കു മറ്റൊരു ചിന്തയുമില്ല. അവരുടെ ലോകം അത്ര ഇടുങ്ങിയതാണ്. അവർ കാണുന്നത് അവരുടെ ഗ്രാമം. ആ ഗ്രാമത്തിലെ ജനത. അവരുടെ ഈശ്വരൻ സമീന്ദാർ. അയാളാണ് അവരുടെ അന്നദാതാവ്. അയാളാണ് അവർക്ക് ജീവിതം നല്കുന്നത്. അതുകൊണ്ട് സമീന്ദാർ പറയുന്നതെന്തും അവർ അനുസരിക്കുന്നു. വാലാട്ടി നടക്കുന്ന നായ്ക്കളെപ്പോലെ....

ബച്ചൻസിങ്ങിന്റെ ചിന്തകൾക്ക് ചൂടുപിടിക്കുകയായിരുന്നു. അത് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ആകാശത്തിലൂടെയും നദിയിലൂടെയും പാഞ്ഞ്പൊയ്ക്കൊണ്ടേയിരുന്നു.

സൂര്യൻ തലയ്ക്ക് മീതേ കത്തിനിന്നു.

ഗ്രാമീണർ ഓരോരുത്തരും കൊണ്ടുവന്ന ഉണക്കറൊട്ടി ഉപ്പും, മുളകും, സവാളയും ചേർത്ത് കഴിക്കുകയാണ്. ജലാശയത്തിലെ വെള്ളം തന്നെയാണ് അവർ കുടിച്ചിരുന്നത്. ആ കൂട്ടത്തിൽ അവൻ സൂചിമുഖിയെ തിരഞ്ഞു. അവൾ അവിടെ ഉണ്ടായിരുന്നില്ല. മാലിഖ് ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു.

ഉച്ചക്കുശേഷം പണി തുടങ്ങിക്കഴിഞ്ഞപ്പോഴും സൂചിമുഖിയെക്കണ്ടില്ല. ബച്ചനുദ്ദേശിച്ചതുപോലെ സംഭവിച്ചിരിക്കുന്നു. സൂചിമുഖിയെ മേസ്തിരി ഗോവിന്ദ് വശീകരിച്ച് കൊണ്ടുപോയിരിക്കുന്നു. വൈകീട്ട് വീട്ടിൽ തിരിച്ചെത്തിയപ്പോഴും സൂചിമുഖി എത്തിയിരുന്നില്ല. മാലിഖ് കുടിലിൽ വിളക്ക് തെളിയിക്കുമ്പോഴാണ് അവൾ കയറിവന്നത്. ബച്ചൻസിങ്ങ് അവളുടെ മുഖത്തേക്ക് നോക്കി. മാലിഖിനേയും ബച്ചനേയും ഗൗനിക്കാതെ അഴിഞ്ഞുലഞ്ഞ മുടിയുമായി അവൾ കുടിലിനുള്ളിലേക്ക് കയറിപ്പോയി. മാലിഖ് നിസ്സഹായതയോടെ ബച്ചന്റെ കണ്ണുകളിലേക്ക് നോക്കി. ബച്ചൻസിങ്ങ് എന്തോ പറയാൻ ഭാവിച്ചെങ്കിലും ഒന്നും പറഞ്ഞില്ല. അവൻ തന്റെ കുടിലിലേക്ക് നടന്നു.

## രണ്ട്

ആകാശത്തിൽ നക്ഷത്രങ്ങൾ തിളങ്ങിനിന്നു. ബച്ചൻ നക്ഷത്രങ്ങളെ നോക്കികിടന്നു. അവന് വിശപ്പും ദാഹവും തോന്നിയില്ല. ഉറക്കം വരാതെ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. അർദ്ധരാത്രിയിലെപ്പോഴോ ആണ് അവനാ ഗാനം കേട്ടത്. തമിഴ്നാട്ടുകാരനായ മരിയപ്പയുടെ തമിഴ്ഗാനം. അയാൾ നല്ലപോലെ മദ്യപിച്ചിട്ടുണ്ടാകും. ആഴ്ചയിലൊരിക്കലെ മരിയപ്പ മദ്യം സേവിക്കുകയുള്ളൂ. മദ്യപിച്ചാൽ പിന്നെ അയാളൊരു പാട്ടുകാരനായി മാറും. വായിൽ തോന്നിയത് ഉറക്കെ പാടും. ഭാര്യ പാപ്പമ്മാളെയും, കുട്ടികളെയും ഉറങ്ങാൻ സമ്മതിക്കില്ല. എല്ലാവരും അയാളുടെ കൂടെ പാടണമെന്നാണയാളുടെ ശാഠ്യം. വഴങ്ങാതിരിക്കാൻ പറ്റുമൊ. ഉറക്കം തൂക്കികൊണ്ട്

അവരും അയാളുടെ കൂടെ പാടും. അത് ഒന്നു രണ്ട് മണിക്കൂർ നീണ്ടു നിൽക്കും. പിന്നീടയാൾ തളർന്നുറങ്ങും.

അന്ന് മരിയപ്പയുടെ പാട്ട് തീരുന്നതു വരെ ബച്ചന് ഉറക്കം വന്നില്ല. തമിഴറിയാത്ത ബച്ചൻസിങ്ങിന് അയാളുടെ പാട്ടിന്റെ അർത്ഥമൊന്നും അറിയില്ലെങ്കിലും അത് ആസ്വദിക്കാൻ കഴിഞ്ഞിരുന്നു.

ബച്ചൻസിങ്ങിന് ആരോ വരിഞ്ഞുമുറിക്കുന്നതുപോലെ തോന്നി. തലയ്ക്കുള്ളിൽ ഒരു പെരുപ്പ് കയറുന്നതു പോലെ, കാതിലപ്പോഴും മരിയപ്പയുടെ ഗാനം വീണുകൊണ്ടിരിക്കുന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ മാഞ്ഞുപോയിരിക്കുന്നു. അവിടമാകെ ഒരു നീല വെളിച്ചം പരന്നതു പോലെ അവനുതോന്നി. ചെവിക്കുള്ളിൽ വണ്ടുകൾ മൂളുന്നു. അടഞ്ഞു പോകുന്ന കണ്ണുകളെ ബലമായി തുറക്കാൻ ബച്ചൻസിങ്ങ് കഠിനശ്രമം നടത്തി. പെട്ടെന്നവൻ ഞെട്ടിയുണർന്നു. എന്താണ് സംഭവിച്ചത്. ഒന്നും മനസ്സിലാകുന്നില്ല. ഉറക്കത്തിലേക്ക് വഴുതി വീഴുമ്പോഴാണ് ഇത്തരമൊരസ്വസ്ഥത അനുഭവപ്പെടുന്നത്. അവന്റെ ഹൃദയമിടിപ്പിന് വേഗതയേറി. ശ്വാസതടസ്സം നേരിടുന്നതു പോലെ തോന്നൽ. അവൻ പുതപ്പ് മാറ്റി എഴുന്നേറ്റിരുന്നു. ആകാശത്തിൽ അപ്പോഴും നക്ഷത്രങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു.

ബച്ചൻസിങ് അവിടെ നിന്നും എഴുന്നേറ്റ് ഗ്രാമത്തിന്റെ ഹൃദയഭാഗത്തു കൂടെ കടന്നുപോകുന്ന ഒറ്റയടിപ്പാതയിലൂടെ നടന്നു. ഈ പാത അവസാനിക്കുന്നത് ഗ്രാമത്തിന്റെ അതിർത്തിയിൽ എവിടെയോ ആണെന്ന് അവനറിയാം. നീണ്ടുപോകുന്ന ഈ പാതയിലൂടെ കുറെ ദൂരം പോയാൽ അമൃതസറിനടുത്ത ഗാൽതിവിൻസ് ഗ്രാമത്തിലെത്താമെന്നും അവനറിയാം. ഒരിക്കൽ ബച്ചനവിടെ പോയിട്ടുണ്ട്. അതൊർമ്മ മാത്രമായി അവനിൽ അവശേഷിക്കുന്നു.

അവന്റെ അപ്പൻ ജോഗിന്ദർസിങ്ങ് ഗാൽത്തിവിൻസ് ഗ്രാമവാസിയാണ്. ലാംബ ഗ്രാമത്തിലേക്ക് ജോഗീന്ദർസിങ്ങ് കുടിയേറിയിട്ട് വർഷം ഏറെ കടന്നുപോയിരിക്കുന്നു.

ജോഗീന്ദർസിങ്ങിന്റെ സഹോദരൻ ജയ്പാൽസിങ്ങിന്റെ വിവാഹത്തോടെയാണ് അയാളുടെ കുടുംബത്തിൽ അസ്വാരസ്യങ്ങൾ തുടങ്ങിയത്. ജയ്പാലിന്റെ ഭാര്യ മായാവതി ആരെയും അനുസരിക്കാത്ത പ്രകൃതക്കാരിയായിരുന്നു. കുടുംബത്തിലെ മുതിർന്നവരുടെ വാക്കുകൾപോലും അവൾ അനുസരിക്കില്ലായിരുന്നു. ഒരു അഴിഞ്ഞാട്ടക്കാരിയായ അവൾ പലരാത്രികളിലും ഗ്രാമാധിപൻ രവിലാലിന്റേയും ഭൂപ്രഭുവായ മഞ്ജു സർക്കാരിന്റേയും കിടപ്പറ പങ്കിടുമായിരുന്നു. മനം നൊന്ത ജയ്പാൽസിങ്ങ് ആത്മഹത്യ ചെയ്തു. ആത്മഹത്യയാണോ കൊലപാതകമാണോ എന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നെങ്കിലും അത് തെളിയിക്കപ്പെടാത്ത വസ്തുതയായി അങ്ങനെ കിടന്നു.

ഒരർദ്ധരാത്രിയിൽ ജയ്പാൽസിങ്ങിനെ കാണാതാവുകയായിരുന്നു. ദിവസങ്ങൾക്കുശേഷം പർഗാനയിലെ മലഞ്ചരുവിൽ ഒരു മരത്തിൽ തൂങ്ങിക്കിടക്കുന്ന ജയ്പാൽസിങ്ങിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. ജയ്പാലിന്റെ മരണത്തോടെ മായാവതി കൂടുതൽ ക്രൂരയാവുകയായിരുന്നു. തന്റെ ഭർത്താവിന്റെ സ്വത്ത് കിട്ടണമെന്ന് പറഞ്ഞ് ബഹളമുണ്ടാക്കി. ആ കുടുംബത്തിന് അവർ എന്നും ഒരു പ്രശ്നവുമായിരുന്നു. ഗത്യന്തരമില്ലാതെ ജോഗീന്ദർസിങ്ങ് കുടുംബസ്വത്ത് വിറ്റ് മായാവതിക്ക് അവകാശങ്ങൾ കൊടുത്തു. ബാക്കിയുള്ള ധനവുമായി അദ്ദേഹം കുടുംബത്തോടൊപ്പം ലാംബ ഗ്രാമത്തിലേക്ക് ചേക്കേറുകയായിരുന്നു. അവിടെ എത്തിയിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് കഷ്ടപ്പാടുകൾ മാറിയില്ല. കയ്യിലുണ്ടായിരുന്ന പണം കൊടുത്തു. ഒരു ചെറിയ സ്ഥലം വാങ്ങി അവിടെ കുടിലുകെട്ടി. ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ വളരെയേറെ ക്ലേശം സഹിക്കേണ്ടിവന്നു. ഭാര്യയേയും മക്കളേയും സംരക്ഷിക്കാൻ പണിയില്ലാത്ത അവസരങ്ങളിൽ ജന്മിയിൽനിന്നും കടം വാങ്ങേണ്ടിവരും. അതിനു പകരമായി കൂലിയില്ലാതെ എത്രയോ ദിവസം പണിയെടുക്കേണ്ടി വന്നിട്ടുണ്ട്. ഭൂപ്രഭുവായ സുഖ് ദേവ് സിങ്ങിന്റെ പിതാവ് അജയ് സിങ്ങിന്റെ നിലങ്ങളിലായിരുന്നു ജോഗീന്ദർസിങ്ങ് പണിക്കുപോയിരുന്നത്. ഭാര്യയും അദ്ദേഹത്തിനൊപ്പം പണിക്ക് പൊയ്ക്കൊണ്ടിരുന്നു. ജോലിക്കു പോകാനുള്ള ശേഷിയായതോടെ മക്കളും അപ്പനോടൊപ്പം ജോലിയിൽ പങ്കുചേർന്നു. അജയ് സിങ്ങ് മരിച്ചതോടെ അതവരെയുണ്ടായിരുന്ന നിയമങ്ങളൊക്കെ മാറി. അജയ്സിങ്ങിന്റെ മൂത്തപുത്രനായ സുഖ്ദേവ്സിങ്ങായിരുന്നു അന്നത്തെ സമീന്ദാർ.

നേരം പുലരുന്നതിനുമുമ്പേ പാടത്തെത്തണം. സന്ധ്യയാകുമ്പോഴെ പണികയറാവൂ. ജോലി ചെയ്യാൻ കഴിയാഞ്ഞാൽ പിരിഞ്ഞുപൊയ്ക്കൊള്ളണം. പണിയെടുത്താലും പോര അയാളുടെ ഗുണ്ടകളുടെ പീഡനം സഹിക്കുകയും വേണം. എല്ലാ അയാൾക്ക് അടിമയായിരുന്നു. തന്റെ അച്ഛൻ അജയ് സിങ്ങിൽ നന്നും ലാംബാ ഗ്രാമവാസികളായ ഓരോ കുടുംബവും ആയിരക്കണക്കിനു രൂപ കടം വാങ്ങിയിട്ടുണ്ടെന്ന് കള്ളരേഖയുണ്ടാക്കിയായിരുന്നു കർഷകത്തൊഴിലാളികളെക്കൊണ്ട് സുഖദേവ്സിങ്ങ് കഠിന പ്രവൃത്തികളോരോന്നും ചെയ്യിച്ചിരുന്നത്. ബച്ചൻസിങ്ങിന്റെ അപ്പൻ ജോഗീന്ദർസിങ്ങ് വർഷങ്ങൾക്കുമുമ്പ് അമ്പതിനായിരം രൂപ അജയ്സിങ്ങിൽനന്നും കടം വാങ്ങിയിട്ടുണ്ടെന്നും അതുകൊണ്ട് കുടുംബത്തിലെ ഓരോ അംഗവും തന്റെ നിലത്ത് പണിയെടുത്തോളണമെന്നും ഓരോ ദിവസവും കടത്തിക്കേ് ഒരു പങ്കെടുത്ത് ബാക്കിയെ കൂലിയായി തരുകയുള്ളൂവെന്നും ആയിരുന്നു സുഖദേവിന്റെ കല്പന. അത്രയും തുക എപ്പോഴാണ് വാങ്ങിയതെന്നുപോലും ജോഗീന്ദർസിങ്ങിന് അറിയില്ലായിരുന്നു. ഇതൊക്കെ സുഖ്ദേവിന്റെ തന്ത്രമാണെന്ന് ആർക്കാണറിയാത്തത്. പക്ഷേ ജീവനിൽ കൊതിയുള്ള ആരും അയാളോടെതിർത്ത് ഒരുവാക്ക് പറയില്ല.

## മൂന്ന്

ബച്ചൻസിങ്ങ് ഒറ്റയടിപ്പാതയിലൂടെ മുന്നോട്ടുതന്നെ പോയ്ക്കൊണ്ടിരുന്നു. ഈ ഇരുളിന്റെ മാറിലൂടെ ലക്ഷ്യമില്ലാതെ താനെങ്ങോട്ടാണ് അലയുന്നത്. ഏത് ബോധീവൃക്ഷത്തിന്റെ ചുവട്ടിലേക്കാണ് താൻ നീങ്ങുന്നത്. അവിടെവെച്ച് തനിക്കൊരു ബോധോദയം ഉണ്ടാകുമോ? ഗ്രാമത്തിലെ പാഠശാലയിൽ അഞ്ചുവർഷം അവൻ

പോയിട്ടുണ്ട്. അവിടെവെച്ചാണ് ബുദ്ധഭഗവാനെക്കുറിച്ച് അൽപം പഠിച്ചത്. അശരണ ർക്ക് ആശ്വാസം പകരാൻ സർവസ്വവുമുപേക്ഷിച്ച് ഇറങ്ങിത്തിരിച്ച ബുദ്ധഭഗവാനെക്കുറിച്ച് അത്തരത്തിലൊരു ബോധോദയം തനിക്കും ഉണ്ടാകുന്നത് അവനറിയുകയായിരുന്നു. അനീതിക്കെതിരെ പടപൊരുതാനുള്ള ഒരു മനസ്സ് അവനിലും ഉടലെടുക്കുകയായിരുന്നു. എന്നാൽ അധൈര്യം അവനെ പുറകോട്ട് വലിച്ചുകൊണ്ടിരുന്നു.

നക്ഷത്രങ്ങൾ കൺമിഴിക്കുന്ന ഈ രാത്രിയുടെ വിജനതയിൽ ഏതോ വിദൂരതയയിലേക്ക് നീണ്ടുപോകുന്ന പാതയിലൂടെ ജീവിതത്തിന്റെ അർത്ഥാന്തരങ്ങൾ തേടിയുള്ള ഒരു യാത്ര. ഈ യാത്ര അവസാനിക്കുന്നതെവിടെ? ഗ്രാമത്തിലെ ഏതോ മരച്ചില്ലയിലായിരുന്നു ഒരു രാക്കിളി നീട്ടിപ്പാടുന്നുണ്ടായിരുന്നു. രാക്കിളിയുടെ പാട്ടിന് താളം പിടിക്കാനെന്നോണം ചീവിടുകളുടെ കർണ്ണ കഠോരമായ ശബ്ദവും. ഗ്രാമത്തിലെ കുടിലുകളിൽ ഒന്നോ രണ്ടോ സ്ഥലത്ത് റാന്തൽ വിളക്കുകൾ എരിഞ്ഞിരുന്നു. പാതവക്കിൽ നിർത്തിയിട്ട കാളവണ്ടിക്കരുകിൽ വിശ്രമിക്കുന്ന കാളകൾ അയവിറക്കുന്ന ശബ്ദം. അവന്റെ കാതുകളിലേക്കരിച്ചെത്തി. അൽപം നടന്നപ്പോൾ തവളകളുടെ ക്രോം ക്രോം ശബ്ദം. അതിനടുത്തെവിടെയോ കുണ്ടുകുളം ഉണ്ടെന്നതിന്റെ സൂചന. പെട്ടെന്ന് വെള്ളത്തിലേക്ക് എന്തോ എടുത്തുചാടി. അവൻ ഒന്നറച്ചു നിന്നു. അകലെ നിന്ന് ഒരു പട്ടിയുടെ മോങ്ങലുയർന്നു. ബച്ചൻസിങ്ങിന്റെ മനസ്സിലൂടെ നേരിയ ഭയത്തിന്റെ അലകൾ മിന്നിമറഞ്ഞു. തിരിച്ചുനടക്കാനുള്ള തോന്നലില്ലാതെ അവന്റെ കാലുകൾ മുന്നോട്ടുതന്നെ ചലിക്കുകയായിരുന്നു. നാട്ടുവെളിച്ചത്തിൽ കുടിലുകളുടെ മുറ്റത്ത് ഉറങ്ങിക്കിടക്കുന്ന പുരുഷൻമാരെ അവൻ കണ്ടു. പകൽ മുഴുവൻ അദ്ധ്വാനിച്ചതിന്റെ ക്ഷീണവും പേറി ഉറങ്ങുന്ന മനുഷ്യർ. ഇപ്പോൾ എല്ലാവരിലും ഒരേ ഭാവം ഉറക്കം എന്ന ഭാവം. എന്തൊരു ഒത്തൊരുമ. ഇവിടെ ഇപ്പോൾ ഉറക്കം വരാത്തവരായിട്ടുള്ളത് താനും, കാടുകളിൽ ഇരതേടുന്ന കുറുനരികളും. ഇരതേടി നടക്കുന്ന പട്ടികളും, അയവിറ്കുന്ന കാളകളും, രാപ്പാടികളും മാത്രം.

പിന്നെ കുടിലുകളിലൂടെ തന്റെ ഇരയെ തേടിനടക്കുന്ന കാമാർത്തരായ സമീന്ദാരുടെ ശിങ്കിടികൾ.

ഒരു കുടിലിന്റെ കിളിവാതിലിലൂടെ വെളിച്ചം പുറത്തേക്കൊഴുകി വന്നിരുന്നു. ബച്ചൻസിങ്ങ് ആ കുടിലിനടുത്തേക്ക് പതുങ്ങിച്ചെന്നു. ഈ അർദ്ധരാത്രിയിൽ എന്താണവിടെ നടക്കുന്നത്. ആർക്കെങ്കിലും വല്ല അസുഖവും. അകത്തുനിന്നും അടക്കിപ്പിടിച്ച സംസാരം കേൾക്കുന്നു. മുറ്റത്ത് ആ വീട്ടുടമസ്ഥൻ ഒന്നുമറിയാതെ ഉറങ്ങിക്കിടക്കുന്നുമുണ്ട്. ചെയ്യുന്നത് തെറ്റാണെങ്കിലും അങ്ങോട്ട് ശ്രദ്ധിക്കാതിരിക്കാൻ ബച്ചന് കഴിഞ്ഞില്ല. അകത്ത് പൂർണ്ണ നഗ്നരായ പുരുഷനും സ്ത്രീയും പരസ്പരം ആലിംഗനബന്ധരായി നില്ക്കുന്നതാണ് അവൻ കണ്ടത്. ആ മുഖത്ത് കപ്പട മീശയും ഉണ്ണക്കണ്ണുകളും ഉണ്ടായിരുന്നു. ബച്ചൻ ആ കുടിലിന്റെ അരികുപറ്റി റോഡിലേക്ക് കയറി അൽപ ദൂരം ചെന്ന് അവിടെ നിന്നു. അവന്റെ മനസ്സാകെ ചുട്ടു നീറുകയായിരുന്നു.

ഇപ്പോൾ അവന്റെ കയ്യിൽ വലിയൊരു കരിങ്കൽ ചീള് ഉണ്ട്. എന്തിനാണത് കൈക്കലാക്കിയത് എന്ന് അവനറിയില്ല. ബച്ചൻസിങ്ങ് കുറേ നേരം പാതയ്ക്കരുകിൽ ഇരുന്നു. കുടിലിന്റെ കതക് തുറക്കുന്നു. ആ കപ്പട മീശക്കാരൻ പുറത്തിറങ്ങി. അത് മേസ്തിരിയല്ലാതെ മറ്റാരുമായിരുന്നില്ല. അയാൾ സാവധാനം നടന്ന് അവന്റെ മുന്നിലെത്തിയതും ഒറ്റച്ചാട്ടത്തിന് അവൻ അയാളെ കടന്നു പിടിച്ചതു ഒരു നിശ്ചയം പോലെ നടന്നു. അയാൾക്കൊന്നു ശബ്ദിക്കാൻ കഴിയുന്നതിന് മുമ്പ് കൈയിലിരുന്ന കരിങ്കൽചീള് അയാളുടെ തലയിലാഞ്ഞു പതിച്ചു. ചുടുരക്തം ചീറ്റിയൊഴുകി. അയാളുടെ കഥ കഴിഞ്ഞെന്നു കരുതിയ ബച്ചൻ പാതയിലൂടെ മുന്നോട്ടോടി.

## നാല്

മാലിഖ് അന്നും പതിവുപോലെ ബച്ചന്റെ കുടിലിലെത്തി. ബച്ചൻ വേഗംതന്നെ എഴുന്നേറ്റ് മാലിഖിന്റെ കൂടെ പുറപ്പെട്ടു. ഇന്നലെ സംഭവം നടന്ന സ്ഥലം അവൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒന്നും സംഭവിച്ചതായ ആരും പറയുന്നില്ല. അപ്പോൾ മേസ്തിരി ചത്തിട്ടില്ലാ എന്ന് അവന് തീർച്ചയായി. ബച്ചൻ മാലിഖിന്റെ കൂടെ ആ കുടിലിനടുത്തെത്തി. കുടിലിന്റെ കതക് അടഞ്ഞ് കിടന്നിരുന്നു. അൽപംമാറി റോഡരുകിൽ അവൻ ശ്രദ്ധിച്ചു. ആ കരിങ്കൾചീളും അൽപം രക്തത്തുള്ളികളും അവിടെ കിടന്നിരുന്നു. ബച്ചൻ വഴിയിലെന്തോ തിരയുന്നു പോലെ കണ്ടപ്പോൾ മാലിഖ് ചോദിച്ചു.

“നീയെന്താ തെരയുന്നത് വല്ലതം വീണുപോയോ?”

“ഹേയ് ഒന്നുമില്ല.”

തൊഴിലാളികൾ പണിക്ക് വന്ന് തുടങ്ങുന്നേയുള്ളൂ. നേരത്തെ പണിക്കെത്തിയ ബച്ചനെക്കണ്ട് എല്ലാവരും അതിശയിച്ചു. അവരുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിടരുന്നുണ്ടായിരുന്നു. ഇന്നലത്തെ സംഭവം ആരെങ്കിലും അറിഞ്ഞിട്ടുണ്ടാകുമോ? പെട്ടെന്ന് ഒരു കുതിരവണ്ടിയിൽ സുഖ്ദേവ്സിങ്ങും അകമ്പടിക്കാരും അവിടെ വന്നുചേർന്നു. തലക്ക് വലിയൊരു കെട്ടുമായി മേസ്തിരിയുമുണ്ടായിരുന്നു. പണിക്കാരെല്ലാം അവിടേക്കോടിക്കൂടി. എല്ലാവരും വരിവരിയായി നിന്നു. ഒന്നും അറിയാത്തവനെപ്പോലെ ബച്ചനും അവരുടെ കൂട്ടത്തിൽ നിന്നു സുഖ്ദേവ് സിങ്ങിന്റെ പരുപരുത്ത ശബ്ദം അവിടെ ഉയർന്നു.

“ഇന്നലെ രാത്രി ഏതോ നായിന്റെ മോൻ മേസ്തിരിയെ വീട്ടിൽക്കയറി ആക്രമിച്ചിരിക്കന്നു. ആരായാലും അവനെ കണ്ടുപിടിച്ച് കഠിനമായ ശിക്ഷ നല്കുന്നതായിരിക്കും... ശിക്ഷയെന്താണെന്ന്കൂടി പറഞ്ഞേക്കാം... അവന്റെ കൈ വെട്ടി മാറ്റും....”

ബച്ചൻസിങ്ങ് ഒന്നു ഞെട്ടി.

സുഖ്ദേവ്സിങ്ങ് തുടർന്നു.

“അഥവാ ആരെങ്കിലും കുറ്റം ഏറ്റുപറഞ്ഞാൽ അവന്റെ ശിക്ഷ നൂറ് ചാട്ടാവാറടിയായി ചുരുക്കും. ശിക്ഷ പരസ്യമായി നടപ്പിലാക്കുകയും ചെയ്യും.”

പൊടിപറത്തിക്കൊണ്ട് സുഖ്ദേവ് സിങ്ങിന്റെ കുതിരവണ്ടി പറന്നുപോയി. ഒരു കാളവണ്ടിയിൽ കയറി മേസ്തിരിയും സ്ഥലംവിടാനൊരുങ്ങി. അയാൾ ഉണ്ടക്കണ്ണുകൊണ്ട് അവനെ ഒന്നൊഴിഞ്ഞുവോ എന്ന് ബച്ചനൊരു സംശയം. ആ കർഷകത്തൊഴിലാളികൾ ഓരോരുത്തരും അന്യോന്യം ചോദിച്ചുകൊണ്ടിരുന്നു

ആരാണിത് ചെയ്തത്? ആർക്കും ഒരുത്തരവും പറയാനുണ്ടായിരുന്നില്ല? അല്ലെങ്കിലെന്ത് പറയും? ആർക്കറിയും ആരാണിത് ചെയ്തതെന്ന്? ചിലപ്പോൾ ഇത് സമീന്ദാരുടെ അടവുകളിലൊന്നായിരിക്കുമെന്ന് ഊഹിച്ചവരും ഇല്ലാതില്ല.

ഏതായാലും അയാൾക്ക് ഇതെങ്കിലും സംഭവിച്ചല്ലോ എന്നോർത്ത് പലരും ഉള്ളിൽ സന്തോഷിച്ചു. പക്ഷേ പുറത്തേക്കത് പ്രകടിപ്പിച്ച്കൂടല്ലോ. ഇതും ഇതിലപ്പുറവും അയാൾക്ക് സംഭവിക്കണം എന്നാഗ്രഹിക്കുന്നവരാണ് അധികവും. ഈ ഗ്രാമമാകെ അങ്ങിനെ ചിന്തിക്കുന്നു. പക്ഷേ അവരുടെ ചിന്തകൾക്ക് ഐക്യമില്ല. അതിന് ശബ്ദമില്ല. അവരുടെ വികാരങ്ങൾക്ക് പ്രകടനമില്ല.

ഈ ലാംബ ഗ്രാമ ജനത ഒന്നാകെ ഒരു സമുദ്രമായി ഇളകിമറിയാൻ കൊതിച്ചു നില്ക്കുകയാണ്. പക്ഷേ അവർ വരുംവരായ്കകളെക്കുറിച്ച് ചിന്തിച്ച് ദുഃഖിച്ച് അവരുടെ വിധിയെ പഴിച്ച് മനസ്സിനെ പണയപ്പെടുത്തി തലച്ചോറുകളെ മരവിപ്പിച്ച് അസ്വസ്ഥമായ ചിന്തകളുമായി കെട്ടുപിണഞ്ഞ് കിടന്നുരുളുകയാണ്. അഥവാ അവർ മനസ്സിന്റെ വാതായനങ്ങൾ എല്ലാം കൊട്ടിയടച്ച് ഇരുട്ടറയിൽ കിടന്നു മയങ്ങുകയാണ്.

ഭൂരിപക്ഷം ന്യൂനപക്ഷത്തെ പേടിച്ചു കഴിയുന്നു. ഇതാണല്ലോ എക്കാലത്തും നടക്കുന്നത്. ന്യൂനപക്ഷം ഭൂരിപക്ഷത്തെയല്ലെ ഭയക്കേണ്ടത്. അത് ലോക നിയമം. പക്ഷേ ആ നിയമം എത്രയോ വർഷങ്ങൾക്കു മുമ്പേ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. വർഷങ്ങൾക്കുമുമ്പേ എന്നതിനു പകരം യുഗങ്ങൾക്കും മുമ്പേ എന്ന് പറയേണ്ടിയിരിക്കുന്നു. അടിമ സ്വഭാവം വിധേയത്വം എല്ലാം ഭൂരിപക്ഷ ജനതയെ അടക്കി നിർത്തുന്നു. ഇത് നന്നായിട്ടറിയാവുന്ന ന്യൂനപക്ഷം അധികാരവും സമ്പത്തും ഉപയോഗിച്ച് ഭൂരിപക്ഷ ജനതയെ അടക്കിനിർത്തുകയാണ്. ചിലപ്പോഴൊക്കെ എവിടെയെങ്കിലും ഈ ഭൂരിപക്ഷം ഉയിർത്തെഴുന്നേൽക്കാം ഉണർന്നിരിക്കാം. അവിടങ്ങളിലൊക്കെ മർദ്ദകർ, ചൂഷകർ തന്റെ തോക്കും, ലാത്തിയുമായി കടന്നു വന്നേക്കും അതു യാതാർത്ഥ്യം. അതാണല്ലോ കാലാകാലങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നതും.

അടിമയുടെ മനസ്സിൽ സ്വതന്ത്ര ചിന്തകളില്ല. അഥവാ സ്വതന്ത്ര ചിന്ത ഉണ്ടെങ്കിൽത്തന്നെ അവനത് സ്വകാര്യമായി സൂക്ഷിക്കുന്നു. സ്വതന്ത്രമായ ചിന്ത അന്യരിലേക്കും അത് സമൂഹതത്തിലേക്കും പകരമ്പോഴാണല്ലോ ഒരു ഗ്രാമജനതക്കാകെ ഉണരാൻ കഴിയുന്നത്. പക്ഷേ ഇവിടെ ഒരു തടവറയിൽ പെട്ടതുപോലെ മനുഷ്യന്റെ സ്വതന്ത്ര ചിന്തകൾ കെട്ടുപിണഞ്ഞു കിടക്കുകയാണ്.

എവിടെയും ഒറ്റപ്പെട്ട മനസ്സ്. അത് ഒന്നിച്ച് വരാൻ കഴിയാത്ത ചില സംഭവ വികാസങ്ങൾ. ഒരു അന്യത്വ ചിന്ത എല്ലായ്പ്പോഴും മനുഷ്യ മനസ്സിൽ രൂപപ്പെട്ട്കൊണ്ടിരിക്കുന്നു. ഈ അന്യത്വ ബോധം അവസാനിക്കുമ്പോഴേ ഒരു കൂട്ടായ്മയെക്കുറിച്ച് മനുഷ്യൻ ചിന്തിതനാകൂ. അപ്പോഴേ ഒരു മാറ്റമുണ്ടാകൂ. മനുഷ്യൻ ഒന്നെന്ന ചിന്തയുദിക്കൂ! വിപ്ലവത്തിന്റെ വിത്തുകൾ വിതക്കപ്പെടൂ!...

അന്ന് ജോലിക്ക് മേൽനോട്ടം വഹിച്ചത് മേസ്തിരി ഗോവിന്ദന്റെ മകനായ പാഞ്ചയായിരുന്നു. അച്ഛനേക്കാൾ കാർക്കശ സ്വഭാവക്കാരനും സ്ത്രീലമ്പടനുമാണ് പാഞ്ച. പാഞ്ച ബച്ചന്റെ കൂടെ ഒരേ ക്ലാസ്സിൽ പഠിച്ചിട്ടുണ്ട്. അന്നേ ശല്യക്കാരനായിരുന്നു അവൻ.

വളരെക്കാലം പാഞ്ച ഡൽഹിയിലായിരുന്നു. ഇപ്പോൾ അച്ഛന്റെ പിൻഗാമിയായി ഇവിടേക്ക് വന്നതാണ്. അഥവാ ഉപദ്രവിച്ചവനെ കണ്ടുപിടിച്ച് ശിക്ഷിക്കാനിറങ്ങിയതായിരിക്കും.

പാഞ്ച ബച്ചനെ കണ്ടപ്പോൾ ക്രൂരമായി ഒരു നോട്ടമയച്ചു. അവന്റെ നോട്ടം കണ്ടപ്പോൾ മുഖമടച്ച് ഒന്നു കൊടുക്കാനാണ് ബച്ചന് തോന്നിയത്. അത്രക്ക് ദേഷ്യം അവനുണ്ടായിരുന്നു. ആ മേസ്തിരി ചത്തില്ലല്ലോ എന്നോർ ത്തപ്പോൾ അവന് ദുഃഖം തോന്നി. ഓരോന്നിനേയും അങ്ങിനെ ഈ ഭൂമുഖത്ത് നിന്നും അടർത്തി മാറ്റിയാലേ രക്ഷയുള്ളു. പക്ഷെ അതുകൊണ്ടെന്തു ഫലം?! ഒരു മേസ്തിരി പോയാൽ മറ്റൊരു മേസ്തിരി വരുന്നു. അങ്ങിനെ വരാതിരിക്കാനുള്ള പണിയാണെടുക്കേണ്ടത്. അതിന് ഗ്രാമാസികൾ ഒന്നിക്കേണ്ടിയിരിക്കുന്നു. അവരെ ഒരേ കൊടിക്കീഴിൽ അണിനിരത്താൻ എന്താണ് ചെയ്യുക. ചിന്തിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല. അവന് ദുഃഖം തോന്നി.

ഗ്രാമത്തിൽ നടക്കുന്ന കൊടിയ മർ ദ്ദനങ്ങൾക്കും, അക്രമണങ്ങൾക്കുമെതിരെ പോലീസിൽ പരാതിപ്പെട്ടിട്ടു കാര്യമില്ല. പോലീസും അധികാരികളും ഒക്കെ ഭൂപ്രഭുക്കൻമാരുടെയും ഗ്രാമത്തലവൻമാരുടെയും ശിങ്കിടികളാണ്. അ പ്പോഴെന്ത് ചെയ്യും. ബച്ചൻസിങ്ങിന്റെ തലയ്ക്കുള്ളിൽ അഗ്നി പടരുകയായിരുന്നു. ദുഃഖവും അമർഷവും ഉള്ളിലൊതുക്കി ഒരു അഗ്നിപർവ്വതം കണ ക്കെ അവനങ്ങിനെ കഴിഞ്ഞുപോകുന്നു.

## അഞ്ച്

ആകാശത്തിൽ സൂര്യൻ കത്തിനിന്നു. അവരുടെ മുഖങ്ങളിലുടെ വിയർപ്പ് ചാലുകൾ ഒഴുകി കിളക്കുന്ന മണ്ണിൽ വീണു. വിയർപ്പിലെ ഉപ്പുരസം മണ്ണിലേക്ക് ഊർന്നിറങ്ങി.

ബച്ചന്റേയും മാലിഖിന്റേയും മൺവെട്ടികൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടിരുന്നു. എങ്ങും അദ്ധ്വാനത്തിന്റെ ശീൽക്കാരങ്ങൾ.

മണ്ണ് ചുമക്കുന്ന തൊഴിലാളി സ്ത്രീകൾ.

എലൈസ പാടുന്ന അവരുടെ ചുണ്ടുകൾ.

അകലെ ജലാശയത്തിൽ നിന്നും ഒഴുകിയെത്തിയ കാറ്റ് അവരിലെ ക്ഷീണത്തിന് അൽപാമാശ്വാസം പകർന്നു.

പാഞ്ച എല്ലാം നോക്കിക്കൊണ്ട് അവർക്കിടയിലൂടെ നീങ്ങി. അൽപം കഴിഞ്ഞ് ഒരു മരത്തിന്റെ തണലുപറ്റി അവൻ നിന്നു.

ബച്ചൻ സിങ്ങിന്റെ കണ്ണുകളും പാഞ്ചയുടെ കണ്ണുകളും ഒന്നിടഞ്ഞു അത്രമാത്രം.

ബച്ചൻ പണി തുടർന്നു.

പാഞ്ച ഒരു സിഗരറ്റ് കത്തിച്ച് പുകയൂതിവിട്ടു. അവന്റെ നോട്ടം ബച്ചനിൽ തന്നെയായിരുന്നു. ബച്ചൻ തലയുയർത്തി നോക്കിയപ്പോൾ തന്നെ ഇമവെട്ടാതെ നോക്കുന്ന പാഞ്ചയെക്കണ്ടു. എന്താണീ നോട്ടത്തിന്റെ അർത്ഥം. അവനാലോചിച്ചു. പിന്നീട് മാലീഖിനോട് പറഞ്ഞു.

“മാലിക്. ആ തെണ്ടി നമ്മളെത്തന്നെ നോക്കുന്നത് കണ്ടില്ലേ.”

“നമ്മളെയെന്തിന് നോ ക്കാൻ.... മാലിഖ് ചോദിച്ചു.”

“അറിയില്ല... അതാ നോക്കൂ.... അവൻ നമ്മളെ സംശയദൃഷ്ടിയോടെ

കവിത

# നിലാവ്



സബിതക്കോടി
നല്ലളം

പ്രകൃതി നിലാവിലലിഞ്ഞ രാവിൻ
ഇലച്ചാർത്തുകൾക്കിടയിലൂടെ
നിലാവ് താഴെക്കൂർന്നിറങ്ങുമ്പോൾ
കൊച്ചുമന്ദാരപൂക്കൾ തൻചിത്രം
മണ്ണിൽ വരച്ചനിലാവേ
രാത്രിതൻ ഇളം കാറ്റിൽ
മെല്ലെയൊന്നാടിക്കളിക്കുന്ന
കൊച്ചു മുല്ലയും പിച്ചകവും
പൂനിലാവിൻ തേൻ മഴയിൽ
കുഞ്ഞുവള്ളിയിൽ ഊയലാടി
പൂനിലാവിൻ പുഞ്ചിരിതൂകുമാ
കൊച്ചുമുല്ലയും പിച്ചകവും
ഇളം കാറ്റ് മുല്ലയെ ചുംബിച്ച നേരം
മുല്ലയോ തെന്നലിൻ കാതിൽ ചൊല്ലിയ
പ്രണയരഹസ്യം നിലാവറിഞ്ഞുവോ
വാനിൽ വിരിഞ്ഞൊരു കൊച്ചു താരകം പോൽ
വള്ളിയിൽ പൂവിട്ട പിച്ചകമേ
പൂനിലാവിനെ നോക്കി നിന്നനീ
നാണിച്ചുകൊണ്ട് തലതാഴ്ത്തിയതെന്തേ



നോക്കുകയാ...."
"എന്തിന് സംശയം..."
''ഹേയ് ഒന്നിനുമില്ല....''
ബച്ചന്റെ ശബ്ദത്തിനു വിറയലുണ്ടായിരുന്നു. താനാണ് അത് ചെയ്തതതെന്ന് മേസ്തിരി അറിഞ്ഞുകാണുമോ. അക്കാര്യം അയാൾ പാഞ്ചയോട് പറഞ്ഞിട്ടുണ്ടാകുമോ. പാഞ്ചയുടെ ഈ വരവിന്റേയും നോട്ടത്തിന്റേയും കാരണം അതായിരിക്കുമോ.
ബച്ചന് അതുവരെയുണ്ടായിരുന്ന ഉത്സാഹമെല്ലാം കുറഞ്ഞു. മൺവെട്ടി വഴിതിപ്പോകുന്നു. കാലുകൾക്ക് ശക്തിക്ഷയംസംഭവിക്കുന്നതുപോലെ. തൊണ്ട വരളുന്നു. വയറിൽ ഒരെരിച്ചിൽ. മൂത്രമൊഴിക്കണമെന്ന് ശങ്ക.
"എടാ മാലിഖേ അവൻ നമ്മളെ എന്തിനോ സംശയിക്കുന്നുണ്ട്... നോക്കൂ...."
''എന്തിന് സംശയിക്കാൻ...." എന്നു ചോദിച്ചുകൊണ്ട് മാലീഖ പാഞ്ച് നിൽക്കുന്നിടത്തേക്ക് നോക്കി. പാഞ്ച അവരെ ശ്രദ്ധിച്ചു നില്ക്കുന്നതാണ് മാലിഖും കണ്ടത്. മാലിഖ് പുറകിലേക്ക് തിരിഞ്ഞു നോക്കി. അവർക്കു പിന്നിൽ അൽപകലെയായി ജോലി ചെയ്യുകയാണ് ഗംഗ. മാലിഖ് പാഞ്ചയുടെ നേരെ യും ഗംഗയുടെ നേരേയും കണ്ണുകൾ പായിച്ചു. അവന് കാര്യം മനസ്സിലായി. ഗംഗയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി നോക്കിനില്ക്കുകയാണ് പാഞ്ച.
"എടാ അവൻ നമ്മളെയല്ല ശ്രദ്ധിക്കുന്നത്."
"പിന്നെ" ബച്ചൻ സംശയത്തോടെ ചോദിച്ചു.
മാലിഖ് കണ്ണുകൊണ്ട് ബച്ച ന്റെ ശ്രദ്ധ ഗംഗയിലേക്ക് തിരിച്ചു. നോക്കൂ ഗംഗയുടെ സൗന്ദര്യം ആ നായിന്റെ മോൻ ഊറ്റിക്കുടിക്കുകയാ.
ബച്ചൻ പല്ലുകൾ ഞെരിച്ചു. കൈയിലിരുന്ന മൺവെട്ടി കൊണ്ട് പാഞ്ചയുടെ തല അടിച്ചുപൊളിച്ചാലോ എന്നവന് തോന്നി. മാലിഖിന്റെ അമ്മാവന്റെ മകളാണ് ഗംഗ. റാണീകൂർ എന്നാണവളുടെ യഥാർത്ഥ പേര്. ഗംഗയെന്ന് എല്ലാവരും വിളിക്കും. വെൺനിലാവിന്റെ നിറമുള്ള അവൾ ഗംഗാദേവിയെപ്പോലെ സുന്ദരിയാണെന്നാണ് എല്ലാവരുടെയും അഭിപ്രായം. ബച്ചൻസിങ്ങിനുവേണ്ടി വിവാഹമുറപ്പിച്ച പെണ്ണാണ് അവൾ.
അവളന്ന് ആദ്യമായി പണിക്കിറങ്ങിയതാണ്. പാടത്ത് പണിക്കുവരരുതെന്ന് ബച്ചൻ പലതവണ അവളെ വിലക്കിയിട്ടുണ്ട്. പക്ഷേ വീട്ടിലെ ദാരിദ്ര്യം രോഗികളായ അപ്പനേയും അമ്മയേയും സംരക്ഷിക്കേണ്ട ചുമതല. അതുകൊണ്ട് വീട്ടിനുള്ളിൽ അടങ്ങിയിരിക്കുവാൻ അവളുടെ മനസ്സ് അനുവദിച്ചില്ല. ജോലി സ്ഥലത്ത് കൂട്ടായി മാലിഖും ബച്ചനും ഒക്കെയുണ്ടല്ലോ. ആ സമാധാനത്തിൽ തന്നെയാണ് അവളും പാടത്ത് പണിക്ക വരേണ്ടെന്ന് അവളോട് പറയണം. പാടത്ത് വന്നാലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് അവളെ ബോധ്യപ്പെടുത്തണം.
അപ്പന് കിട്ടിയതുപോലെ മകനും ഒരടികിട്ടിയാലെ പാഞ്ചയും പാഠം പഠിക്കുകയുള്ളൂ. അതേതായാലും തന്റെ കൈകൊണ്ടുതന്നെയാകട്ടെയെന്ന് ബച്ചൻ ഉറപ്പിച്ചു.
ഉച്ചക്ക് ഉണക്കറൊട്ടിയും ഉള്ളിയും പാതി വെന്ത ഉരുളക്കിഴങ്ങും കഴിക്കുമ്പോൾ ഗംഗ അരികിലുണ്ടായിരുന്നു. അപ്പോൾ കാര്യങ്ങൾ പറയണമെന്ന് ബച്ചൻ മനസ്സിൽ കരുതി. പിന്നീടത് വേണ്ടെന്ന് വെച്ചു. ഏതായാലും വൈകീട്ട് ജോലി കഴിഞ്ഞ് മടങ്ങുമ്പോഴാകട്ടെ എന്നു കരുതി മിണ്ടാതിരുന്നു. റൊട്ടിയും കഴിച്ച് ഗംഗ അവിടെനിന്നും എഴുന്നേറ്റ് പോയി. ബച്ചനും മാലീഖും ഒരു മാവിന്റെ ചുവട്ടിൽ വിശ്രമിക്കാനായി കിടന്നു.
അൽപ്പം കഴിഞ്ഞപ്പോൾ ഒരു നിലവിളി കേട്ടു. അത് ഗംഗയുടേതായിരുന്നു. ഭക്ഷണം കഴിഞ്ഞ് വിശ്രമത്തിലായിരുന്ന കർഷകത്തൊഴിലാളികൾ നാലുപാടും ചിതറി ഓടി. എവിടെ നിന്നാണ് നിലവിളി ഉയർ ന്നത്. വയലിന്റെ കരയിലെ ഉയർന്നുനിൽക്കുന്ന മണൽതിട്ടക്ക് പുറകിൽ നിന്നായിരുന്നു നിലവിളിയുടെ ശബ്ദം. ബച്ചൻസിങ്ങും മറ്റ് തൊഴിലാളികളും അവിടേക്ക് കുതിച്ചു.
പാഞ്ചയുടെ പിടിയിൽ കിടന്ന കുതറുന്ന ഗംഗയെയാണ് അവർ കണ്ടത്. ബച്ചൻസിങ്ങ് പാഞ്ചയുടെ ദേഹത്തേക്ക് ചാടി വീണു. പാഞ്ചയുടെ പിടിയിൽനിന്ന് മോചിതയായ ഗംഗാ പൊട്ടിക്കരഞ്ഞുകൊണ്ട് ബച്ചൻസിങ്ങിന്റെ മാതാവിന്റെ മുതുകിൽ തലചായ്ച്ചു. അവർ അവളെ ആശ്വസിപ്പിച്ചു. ബച്ചൻസിങ്ങ് പാഞ്ചയെ അവിടെനിന്നും അടിച്ചോടിച്ചു. നോവേറ്റ സർപ്പത്തെപ്പോലെയാണ് അവൻ അവിടെനിന്നും ഓടിപ്പോയത്.


2015 ഓടെ കേരളം കോഴിമുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കും
നേതാക്കളുടെ കാര്യം പിന്നെയും കഷ്ടത്തിലാവും


നിന്റെ ഭാര്യ നിന്നെ കാലനെന്നു വിളിച്ചിട്ടും നീ പ്രതികരിക്കാത്തതെന്താ?
കാലനെപ്പോഴും പോത്തിന്റെ കുടെയാണല്ലോ എന്ന് കരുതിയാ.


അദ്യകുട്ടിയുടെ പേരിനെ ചൊല്ലി തർക്കം ദമ്പതികൾ ബന്ധം പിരിഞ്ഞു
'സരിത ശാലു' എന്നാവും ആ പേര്


നിങ്ങള് സിനിമാനടനെ M.L.A ആക്കിയതെന്തിനാ?
ജയിച്ചു പോയിട്ട് M.L.A യെ ആരും കാണാനില്ലെന്ന് പരാതി പറയില്ലല്ലോ..

“ഇന്നാരും ഇനി പണിക്കിറങ്ങേണ്ട...”
ബച്ചൻസിങ്ങിന്റെ ആജ്ഞയ്ക്കുമുമ്പിൽ എല്ലാവരും തരിച്ചുനിന്നു. അവരത് അക്ഷരംപ്രതി അനുസരിക്കുകയായിരുന്നു. അവരുടെ കൺമുമ്പിൽ അത്തരമൊരു സംഭവം ആദ്യത്തേതായിരുന്നു.

കാലത്ത് മുതൽ പാഞ്ച ഗംഗയെ നോട്ടമിട്ടതായിരുന്നു. മൺതിട്ടയ്ക്ക് പുറത്ത് മൂത്രമൊഴിക്കാൻ പോയ അവളെ പാഞ്ച പിൻതുടർന്ന് ചെല്ലുകയായിരുന്നു. എല്ലാ സ്ത്രീകളും തനിയ്ക്ക് വഴങ്ങുന്നതുപോലെ ഗംഗയും വഴങ്ങുമെന്നായിരുന്നു പാഞ്ചയുടെ ധാരണ. ഭൂപ്രമാണിമാർക്കും അവരുടെ ഗുണ്ടകൾക്കും വഴങ്ങിക്കൊടുക്കേണ്ടിവന്ന ചരിത്രമാണ് ആ ഗ്രാമത്തിലെ സ്ത്രീകൾക്കുള്ളത്. അല്ലെങ്കിൽ അവരുടെ കുടുംബങ്ങളിലെ പുരുഷന്മാരുടെ ശവം നദികളിൽ ഒഴുകി നടക്കുകയായിരുന്നു. അതുകൊണ്ട് ലാംബ ഗ്രാമത്തിലെ സ്ത്രീകൾ എല്ലാം സഹിച്ചു. അവരുടെ ചാരിത്ര്യം സമീന്ദാർമാർക്ക് അടിയറവെക്കേണ്ടിവന്നു. എന്നാലിന്ന് അതിനൊരപവാദമായി ഗംഗ വളർന്ന് വന്നിരിക്കുന്നു.

സന്ധ്യക്ക് ഗ്രാമവാസികളെല്ലാം ബച്ചൻസിങ്ങി ന്റെ കുടിലിൽ ഒത്തുചേർന്നു. അവർ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങളെക്കുറിച്ചായിരുന്നു ഓരോരുത്തരും സംസാരിച്ചത്.

“നമ്മൾ കർഷകത്തൊഴിലാളികൾ കാലാകാലമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തല നേരെ ഉയർത്തിപ്പിടിച്ച് നടക്കാൻ പോലും നമുക്കാവുന്നില്ല. ഭൂപ്രമാണിമാർക്ക് നാമെല്ലാം വെറും പുഴുക്കളെപ്പോലെയാണ്. ഏതോ നികൃഷ്ടജീവികളെപ്പോലെയാണ് അവർ നമ്മോട് പെരുമാറുന്നത്. നമ്മുടെ അമ്മമാരുടേയും സഹോദരിമാരുടേയും ചാരിത്ര്യം അവർ കവർന്നെടുക്കുന്നു.”

“നമ്മൾ വിയർപ്പൊഴുക്കി മണ്ണിലദ്ധ്വാനിച്ച് കനകം വിളയിക്കുന്നു. ആ അദ്ധ്വാനത്തിന്റെ മുഴുവൻ പങ്കും അനുഭവിക്കുന്നത് ഭൂപ്രമാണിമാരും അവരുടെ വാൽനക്കിനടക്കുന്ന പിണിയാളുകളുമാണ്. എല്ലായ്പ്പോഴും നമ്മെ ഒറ്റപ്പെടുത്തി നിർത്തുക എന്നത് അവരുടെ തന്ത്രമാണ്. അതിന് ഭീഷണിയും മർദ്ദനമുറകളും അവർ സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള ഒറ്റപ്പെട്ടുനിൽക്കൽ അവർക്ക് വളരെയേറെ ഗുണം ചെയ്യുന്നു. നമ്മുടെ ശക്തി എന്താണെന്ന് നമുക്കറിയില്ല. അത് മനസ്സിലാക്കാൻ കഴിഞ്ഞാൽ ഈ ഭൂപ്രമാണിമാരെ നമുക്ക് നിലയ്ക്ക് നിർത്താൻ കഴിയും. അതുകൊണ്ട് നമ്മുടെ രക്ഷക്കുവേണ്ടി, ഈ ഗ്രാമത്തിന്റെ രക്ഷക്കുവേണ്ടി ഇനി മുതലെങ്കിലും നാം ഒന്നിച്ചുനിൽക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും പ്രശ്നങ്ങൾ നമ്മുടെ എല്ലാവരുടെയും പ്രശ്നങ്ങളാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഈ ഗ്രാമത്തിലെ ജനതയുടെ മൊത്തം പ്രശ്നങ്ങളും പ്രയാസങ്ങളുമാണ്. അത് മാറ്റിയെടുക്കുന്നതിന് നമുക്ക് ഒന്നിച്ച് നമ്മുടെ കൈകൾ കോർത്തിണക്കാം.”

ബച്ചൻസിങ്ങ് അത്രനേരവും സംസാരിച്ചത് ആ ഗ്രാമവാസികൾ ശ്വാസമടക്കിപ്പിടിച്ച് കേട്ടിരുന്നു. അത്തരത്തിൽ, ഒരു യുവാവ് സംസാരിക്കുന്നതുതന്നെ അവരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ അനുഭവമായിരുന്നു. വളരെ ആവേശത്തോടെയും എന്നാൽ തെല്ലൊരു ഉൾക്കിടിലത്തോടെയുമായിരുന്നു അവന്റെ വാക്കുകൾ ഓരോരുത്തരും മനസ്സിൽ കുറിച്ചെടുത്തത്. അർദ്ധ രാത്രി വരെ നീണ്ടുനിന്ന ആ കൂടിച്ചേരൽ അവസാനിച്ചപ്പോൾ അവരോരുത്തരുടേയും മനസ്സിൽ നിന്ന് നെടുവീർപ്പുയർന്നു.

എല്ലാവരും ബച്ചൻ പറഞ്ഞ കാര്യങ്ങളോട് യോജിപ്പുള്ളവരായിരുന്നു. എങ്കിലും അവരുടെ മനസ്സിൽനിന്ന് ഭയം പൂർണ്ണമായും വിട്ടുമാറിയിരുന്നില്ല. സുഖ്ദേവ്സിങ്ങിന് എതിരെ നിന്നാൽ നാളെ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചായിരുന്നു അവരുടെ ആശങ്ക. പക്ഷെ ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിച്ചുകൂടാ എന്ന് അവരുടെ മനസ്സ് പറയുന്നുമുണ്ടായിരുന്നു. അന്നു രാത്രിയിൽ പലരുടേയും ഉറക്കം നഷ്ടപ്പെട്ടുപോവുകയായിരുന്നു. ദുസ്വപ്നങ്ങൾ കണ്ട് ചിലരെല്ലാം ഞെട്ടിയുണരുകയായിരുന്നു. അരുതാത്തതെന്തോ തങ്ങൾ ചെയ്യാൻ പോകുന്നു എന്ന തോന്ന ലും ചിലർക്കുണ്ടാവാതിരുന്നില്ല.

## ആറ്

അന്ന് ആരും പണിക്കിറങ്ങുകയുണ്ടായില്ല.

എല്ലാവരും തങ്ങളുടെ പണിയായുധങ്ങളും പേറി വയലിന്റെ അരികിൽ നിലയുറപ്പിച്ചു.

പാഞ്ചയോടൊപ്പം അന്ന് മേൽനോട്ടത്തിനായി രണ്ടുപേർ കൂടിയുണ്ടായിരുന്നു. വിമൽ ഠാക്കൂറും രഞ്ജിഠാക്കൂറും.

പാഞ്ച ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്നറിഞ്ഞായിരിക്കണം ഈ ഠാക്കൂർമാരെക്കൂടി അവൻ കൂട്ടിക്കോണ്ടുവന്നത്. പണി ചെയ്യാൻ ആരും പാടത്തിറങ്ങാത്തതിനാൽ പാഞ്ച കാരണം തിരക്കി. ജോലിക്ക് വരുന്ന സ്ത്രീകൾക്ക് നേരെ അക്രമം ഉണ്ടാവില്ലെന്ന് ഉറപ്പ് കിട്ടിയാലെ ഞങ്ങൾ ജോലിക്കിറങ്ങൂ എന്നവർ ശഠിച്ചു.

അത്തരമൊരുറപ്പ് നൽകാൻ പാഞ്ചയോ കൂട്ടുകാരോ തയ്യാറായില്ല. മാത്രമല്ല സ്ത്രീകൾക്കെതിരായി അത്തരമൊരു അക്രമവും നടന്നില്ല എന്നു കൂടി അവർ പറഞ്ഞു.

ബച്ചൻ മുന്നോട്ടുവന്ന് പാഞ്ചയുടെ ഷർട്ടിന്റെ കോളറിൽപ്പിടിച്ച് ഉറക്കെപ്പറഞ്ഞു.

“ഇവൻ പറയട്ടെ അങ്ങിനെ നടന്നിട്ടില്ലെന്ന്.”

പാഞ്ച കൈ തട്ടിമാറ്റി അവനോട് അലറി.

“അങ്ങിനെ ഒരക്രമവും ഇവിടെ നടന്നിട്ടില്ല... ഉണ്ടെങ്കിൽ ഈനിൽക്കുന്ന തൊഴിലാളികൾ പറയട്ടെ...”

പാഞ്ച ഗ്രാമീണർക്കുനേരെ കൈചൂണ്ടി ആക്രോശിച്ചു. ആ ഗ്രാമവാസികൾ ഒന്നും മിണ്ടാനാകാതെ നിന്നുപോയി. ബച്ചന്റെ ഹൃദയം അരിശം കൊണ്ട് തിളക്കുകയായിരുന്നു. അവൻ പല്ലുഞെരിച്ചു.

“നിങ്ങളുടെ നാവിറങ്ങിപ്പോയോ....”

അവന്റെ ശബ്ദം ഉയർന്നുവായുവിൽ ലയിച്ചു. ആ ഗ്രാമവാസികളുടെ വായ എന്തോ പറയാൻ ഭാവിക്കുകയായിരുന്നു. പെട്ടെന്ന് പൊടി പറത്തിക്കൊണ്ട് സുഖ്ദേവ്സിങ്ങിന്റെ കുതിരവണ്ടി അവിടേക്ക് എത്തിച്ചേർന്നു. ആ തൊഴിലാളികളുടെ വാക്കുകൾ അവരുടെ തൊണ്ടയിൽ തടഞ്ഞുനിന്നു.

“കണ്ടില്ലെ അവർ ഒന്നും പറയാത്തത്... ഇതെല്ലാം അവനും അവളും കെട്ടിച്ചമച്ചതാണ്.”

“അല്ല ഞങ്ങൾ കണ്ടതാണ് നീ ഗംഗയെ കയറിപ്പിടിച്ചത്...”

അതൊരു ആരവമായിരുന്നു. അവിടെ കൂടിയിരുന്ന ഗ്രാമീണർ ഒന്നാകെ ഇളകിമറിഞ്ഞു. അവരുടെ മുന്നേറ

ത്തിൽ പാഞ്ചയുടെ ജീവൻ പോലും അപകടത്തിലാവുമെന്ന് മനസ്സിലാക്കിയ സുഖ്ദേവ്സിങ്ങ് അലറി.

"നിൽക്കൂ നിങ്ങളുടെ പ്രശ്നം ഞാൻ മനസ്സിലാക്കുന്നു... എല്ലാറ്റിനും നമുക്ക് പരിഹാരമുണ്ടാക്കാം. നാളെ മുതൽ പാഞ്ച ഇങ്ങോട്ടുവരുന്നതല്ല... എല്ലാവരും പണിക്കിറങ്ങിക്കൊള്ളുക.....

സുഖ്ദേവിന്റെ വാക്കുകൾക്ക് ആത്മാർത്ഥതയില്ലെന്ന് ബച്ചനറിയാം. മധുരത്തിൽ പൊതിഞ്ഞ വീൺവാക്കുകളാണവ. പക്ഷെ തന്റെ ഗ്രാമവാസികളെ അത് പറഞ്ഞ് ബോദ്ധ്യപ്പെടുത്താനീയവസരത്തിൽ കഴിയില്ലല്ലോ.

അവർ ആവേശത്തോടെ പണിക്കിറങ്ങിക്കഴിഞ്ഞിരിക്കുന്നു. ബച്ചൻ സിങ്ങും അവരോടൊപ്പം പണിക്കുചേർന്നു.

ഇനിയെന്താണ് സുഖ്ദേവ്സിങ്ങിന്റെ നീക്കമെന്നതിനെക്കുറിച്ചായിരുന്നു അവൻ ചിന്തിച്ചത്. കുറച്ചുദിവസം കഴിഞ്ഞ് മേസ്ത്രി പണിയുടെ മേൽനോട്ടം വഹിക്കാനെത്തും. അയാൾ പക തീർക്കാൻ കാത്തിരിക്കുകയാവും.

ആ ദിവസം പണികയറുമ്പോൾ നേരം സന്ധ്യയോടടുത്തിരുന്നു. കൂലി വിതരണം ചെയ്യുമ്പോൾ ബച്ചന്റെ പേര് വിളിച്ചത് അവസാനമായിരുന്നു. അത് മനപ്പൂർവ്വം തന്നെ. കൂലിയും വാങ്ങി തിരിയുമ്പോൾ ബച്ചന്റെ ചുമലിൽ പിടിച്ചുകൊണ്ട് പാഞ്ച അവനെ തടഞ്ഞു.

"നില്ക്കൂ... ചിലത് പറയാനുണ്ട്.!"

ബച്ചൻ തിരിഞ്ഞു നിന്നു. പാഞ്ചയെ ക്കണ്ടപ്പോൾ അവന്റെ മനസ്സ് ഒന്നുപിടഞ്ഞു. പക്ഷേ ധൈര്യം കൈവിടാതെ നിന്നു. എന്താണ് ഈ തെണ്ടിക്ക് തന്നോട് പറയാനുള്ളത്. അവൻ അമർഷത്തോടെ പാഞ്ചയുടെ മുഖത്തേക്ക് നോക്കി. പാഞ്ച തുടർന്നു.

"മി ബച്ചൻ... നിനക്ക് എന്നെ അറിയാമല്ലോ..."

"തീർച്ചയായും... ആട്ടെ.... എന്താണ് നിനക്ക് എന്നോട് പറയാനുള്ളത്?"

"നാളെ മുതൽ നിന്നെ ഈ പ്രദേശത്ത് കണ്ടുപോകരുത്?"

"അതുപറയാൻ നീ ആരാ....?"

"സുഖ്ദേവ് സിങ്ങിന്റെ കൽപ്പനയാണ്?"

"എന്തിന്?"

''നീ ഈ ഗ്രാമവാസികളെ സുഖ്ദേവ് സിങ്ങിന് എതിരായി ഇളക്കിവിടുന്നു.... അതുകൊണ്ട്."

"ഓ... അതുശരി... അപ്പോ ഗ്രാമവാസികൾ നേരെ നിന്ന് രണ്ടു വർത്തമാനം പറയുമ്പോഴേക്കും പേടി തുടങ്ങിയോ?"

പാഞ്ച പൊട്ടിത്തെറിച്ചുകൊണ്ട് പുച്ഛമായ് പറഞ്ഞു.

"സുഖ്ദേവ് സിങ്ങിന് പേടിയാണെന്നോ... ഈ ഗ്രാമീണരെയോ... അല്ലെങ്കില് നിന്നെയോ... പോടാ... അയാൾ വിചാരിച്ചാൽ ഒരു നിമിഷം കൊണ്ട് ഈ ഗ്രാമമാകെ ചുട്ടു ചാമ്പലാക്കും. മനസ്സിലായോ."

"നിങ്ങൾ വിചാരിച്ചാൽ എന്തും നടക്കുമെന്നറിയാം... അത്രയും അധികാരവും ബലവും നിങ്ങൾക്കുണ്ടല്ലോ... പിന്നെന്തിനാണ് എന്നോട് ഈ ഗ്രാമം വിട്ടു പോകാൻ പറയുന്നത്..."

"സുഖ്ദേവ്സിങ്ങ് ശാന്തി ആഗ്രഹിക്കുന്നു... അദ്ദേഹത്തിന്റെ തൊഴിലാളികളെ അദ്ദേഹം അളവറ്റ് സ്നേഹിക്കുന്നു. അവർക്ക് ഒരാപത്തും വരരുതെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം... അദ്ദേഹം സ്നേഹിക്കുന്ന ആ ഗ്രാമീണരുടെ മനസ്സ് മലിനപ്പെടുത്തുന്നത് നീയാണ്... അതുകൊണ്ടാണ് നീ സ്ഥലം വിടണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നത്."

ബച്ചൻ സിങ്ങ് ചൊടിച്ചു. അവനിത്രയും പറഞ്ഞു.

"നീ നിന്റെ സമീന്ദാരോട് പറഞ്ഞേക്ക് ബച്ചനങ്ങനെ പോകാൻ തീരുമാനിച്ചിട്ടില്ലെന്ന്."

ബച്ചൻ അവിടെ നിന്നും പാഞ്ചയെ അവഗണിച്ച് നടന്നു നീങ്ങി. പാഞ്ച അവന്റെ പോക്ക് നോക്കിനിന്നു. പാഞ്ചയുടെ മനസ്സിൽ ബച്ചൻസിങ്ങിനെതിരായ കരുനീക്കങ്ങൾ നടക്കുകയായിരുന്നു.

## ഏഴ്

ഗംഗയും ബച്ചൻസിങ്ങും തമ്മിലുള്ള വിവാഹം നടന്നു.

ഗംഗക്കൊരു സംരക്ഷകനെ കിട്ടിയല്ലോ എന്ന സന്തോഷത്തിലായിരുന്നു എല്ലാവരും.

പക്ഷേ അവരെയെല്ലാം ഒരു ഭയം പിടികൂടിയിരുന്നു.

നാട്ടുനടപ്പനുസരിച്ച് അന്നുരാത്രി സമീന്ദാരുടെ കിടപ്പറയിൽ പോകേണ്ടവളാണ് ഗംഗ. എന്നാൽ ബച്ചന്റേയും ഗംഗയുടേയും കാര്യത്തിൽ അങ്ങിനെ സംഭവിക്കില്ലെന്ന് അവർ വിശ്വസിക്കുന്നു.

രാത്രിയിൽ ഭക്ഷണം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു.

ബച്ചന്റെ മടിയിൽ തല ചായ്ച്ചു കൊണ്ടു ഗംഗ പറഞ്ഞു;

''മരണത്തിനു മാത്രമേ നമ്മെ വേർപെടുത്താൻ കഴിയൂ...."

ബച്ചൻ അവളുടെ ചുണ്ടിൽ കൈവെച്ചുകൊണ്ട് പറഞ്ഞു.

"ഗംഗേ ഈ രാത്രിയിൽ അശുഭകരമായതൊന്നും പറയല്ലേ"

പെട്ടെന്നായിരുന്നു പുറത്ത് കുതിരവണ്ടിയുടെ മണികിലുക്കം കേട്ടത്.

"ബച്ചൻസിങ്ങ് പുറത്ത് വരൂ"

അതൊരു ഗർജ്ജനം പോലെയായിരുന്നു.

പുറത്തേക്ക് കടക്കാൻ തുനിഞ്ഞ ബച്ചനെ ഗംഗ തടഞ്ഞു. പുറത്ത് നിന്ന് വീണ്ടും വീണ്ടും ബച്ചനോട് പുറത്ത് കടക്കാൻ ആവശ്യപ്പെട്ട് കൊണ്ടിരുന്നു. വീട്ടുകാരെല്ലാം ഉണർന്ന് പേടിച്ച് വിറച്ച് ഇരുന്നു. അവിടെ വന്നത് സമീന്ദാരുടെ ആൾക്കാരാണെന്ന് അവർക്കറിയാമായിരുന്നു. അവർ കുടിലിന്റെ കതക് ചവിട്ടിപ്പൊളിച്ച് അകത്ത് കയറി. ഗംഗയെ പ്പിടിച്ച് കുതിരവണ്ടിയിലേക്ക് കൊണ്ടുപോയി. അവരെ തടയാൻ ശ്രമിച്ച ബച്ചനെ അവർ തലക്കടിച്ചു വീഴ്ത്തി. ബോധം നശിച്ച ബച്ചൻ തറയിൽ മലർന്നടിച്ചുവീണു. ഗംഗയുടെ അകന്നുപോകുന്ന അലമുറയിടൽകേട്ട് വീട്ടുകാർ സ്തംഭിച്ചിരുന്നു. ഗ്രാമവാസികളാരും ഭയം മൂലം പുറത്തേക്കിറങ്ങിയതേയില്ല.

തെരുവിൽ എന്തോ കത്തിപ്പടരുന്നത് അവർ അറിഞ്ഞു. അട്ടഹാസത്തിന്റേയും ആക്രോശത്തിന്റേയും നിലവിളിയുടേയും സമ്മിശ്ര ശബ്ദങ്ങൾ. കുതിരപ്പടയോടുന്നതുപോലെ തോന്നിക്കുന്ന കുളമ്പടി ശബ്ദങ്ങൾ. ഒരു യുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതുപോലെ തോന്നി ഗ്രാമവാസികൾക്ക്. അവരുടെ സ്വപ്നങ്ങളും ജീവിതവും ഭാവനയും യാഥാർത്ഥ്യവും എല്ലാം ഒരു നിമിഷംകൊണ്ട് തകർന്നടിഞ്ഞുപോയി. ഇതവർ പ്രതീക്ഷിച്ചിരുന്നുവോ? ഇത്തൊരമൊരവസ്ഥയിൽ നിന്നും മോചിതരാവാൻ അവർക്കിനിയും

കഴിയില്ലേ? അതായിരുന്നുവോ അവരോരോരുത്തരും ചിന്തിച്ചിരുന്നത്!? അഥവാ എല്ലാം വിധിയെന്ന് വിചാരിച്ച് സമാധാനിക്കലോ?

അടുത്ത ദിവസത്തെ പ്രഭാതത്തിന് മരണത്തിന്റെ നിറമായിരുന്നു. എങ്ങും ശോകമൂകത കലർന്ന ചിത്രങ്ങൾ. ഒന്നും ഉരിയാടാൻ കഴിയാത്തവിധം അവർ മരവിച്ചുപോയിരിക്കുന്നു.

## എട്ട്

ഗംഗയെക്കുറിച്ച് പിന്നീടൊരു വിവരവും കിട്ടിയില്ല.

അവൾ തിരിച്ചെത്തുമെന്ന് വീട്ടുകാർ കരുതി. അതാണ് പതിവ്. പക്ഷെ ഗംഗയുടെ കാര്യത്തിൽ അതുണ്ടായില്ല.

ബച്ചൻസിങ്ങിന്റെ സമനില ആകെ തെറ്റി.

അവൻ തെരുവിലൂടെ അലഞ്ഞു.

സകലതിനേയും വെറുത്തുകൊണ്ടുള്ള അലച്ചിൽ.

ഒരു ദിവസം സുഖ്ദേവ്സിങ്ങിന്റെ മണിമന്ദിരത്തിലേക്ക് ബച്ചൻ കയറിച്ചെന്നു. മട്ടുപ്പാവിലിരുന്നു സുഖ്ദേവ് സിങ്ങ് ബച്ചൻ വരുന്നത് കണ്ടു. അയാൾ തന്റെ പിണിയാളുകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. അവർ ബച്ചനെ പിടിച്ചുകെട്ടി. ചങ്ങലക്കിട്ട് ഇരുട്ടറയിൽ തള്ളി. അങ്ങിനെ ഭക്ഷണവും വെള്ളവും കിട്ടാതെ ദിവസങ്ങളോളം ആ ഇരുട്ടറയിൽ കഴിയേണ്ടി വന്നു.

ഗംഗയുടെ ഓർമ്മകളുമായി ബച്ചൻ കിടന്നു.

പുറത്തെ സൂര്യപ്രകാശത്തിന്റെ കിരണങ്ങൾപോലും ആ മുറിയിലേക്ക് എത്തിനോക്കിയിരുന്നില്ല. പുറം ലോകം കാണാൻ കഴിയാതെ താൻ മരിച്ചുപോകുമെന്ന് ബച്ചൻ ഉറപ്പിച്ചു ഒന്നുറക്കെ നിലവിളിച്ചാൽ പോലും ആരും കേൾക്കാത്ത ഇരുട്ടറയായിരുന്നു അത്.

തന്റെ പ്രിയതമയുടെ ഒരു സ്വാന്തനംപോലും ഇനി താൻ കേൾക്കില്ല. ആ കാളരാത്രിയിൽ അവളുടെ ശരീരം ആ കശ്മലന്മാർ കൊത്തിവലിച്ച് കീറിയിരിക്കും. ഗംഗയില്ലാതെ തനിക്കിനി എന്തുജീവിതം. ഇനി ദിനരാത്രങ്ങളില്ല. പുലർ വേളകളില്ല. തളരുകയാണ് മനസ്സും ശരീരവും. എപ്പോഴാണ് മരണം കടന്നുവരുക. മരണം പോലും തന്നെ അവഗണിക്കുന്നു. എന്തൊരു ക്രൂരതയാണ് ഈ ലോകം തന്നോട് കാണിക്കുന്നത്. അല്ലെങ്കിൽ പീഡിപ്പിക്കപ്പെടുന്നവരോട് കാണിക്കുന്നത്. എവിടെയാണ് ഈശ്വരൻ. എന്തുകൊണ്ടാണ് ഇത്തരമൊരവസ്ഥയിലേക്ക് ഈശ്വരൻ തങ്ങളെ കൊണ്ടെത്തിക്കുന്നത്. ഈയൊരു അന്ധകാരത്തിൽനിന്ന് ഒരിക്കലും മോചനമുണ്ടാവില്ലായിരിക്കും. അന്ധകാരം സൃഷ്ടിക്കുന്നതും അന്ധകാരം ഇല്ലാതാക്കുന്നതും മനുഷ്യൻ തന്നെയല്ലെ. അവിടെ ഈശ്വരന് എന്ത് സ്ഥാനം. ഒന്നോർത്താൽ ഇതൊക്കെ എന്തിന് എന്ന് തോന്നിപ്പോകുന്നു.

വിശപ്പ് കത്തിക്കാളുന്നു

ദാഹംമൂലം തൊണ്ട വരളുന്നു.

ശരീരം വീണ്ടും തളരുകയാണ്.

എന്തെല്ലാം കൊതിച്ചു.

ഒന്നും നേടാനായില്ല.

അല്ലെങ്കിലെന്ത് നേടാൻ? നേടിയിട്ടെന്തു കാര്യം? എല്ലാം നാം ഇവിടെ ഇട്ടേച്ച് പോകുന്നു. അതുപോലെ താനും തന്റെ ഓർമ്മകളെ ഇവിടെ വലിച്ചെറിഞ്ഞ് പോകുന്നു. കാലത്തിന്റെ തിരിച്ചിലിൽ അതിന്റെ വഴിത്താരയിൽ അലിഞ്ഞ് കാലമെന്ന വാഹനത്തിന്റെ ചിറകിലേറി പ്രയാണമാരംഭിച്ച മനുഷ്യനിതാ ചിറകറ്റ് ഭൂമിയുടെ ഏതോ കോണിൽ ആരും അറിയാതെ അനാഥത്വവും പേറി കിടക്കുന്നു. ഇനി അവനിൽ അവശേഷിക്കുന്നത് ജീവന്റെ ഒരു കണിക മാത്രം. ഇനി അത് തെന്നിമാറാൻ നിമിഷങ്ങൾ മാത്രം ബാക്കി. ബച്ചന്റെ മനസ്സ് എന്തിനോ വേണ്ടി തയ്യാറാകുകയായിരുന്നു. വിശപ്പും ദാഹവും അകന്ന് ശരീരത്തിന് ഏതോ ശക്തി വിശേഷം ആവാഹിച്ചതുപോലെ അവനു തോന്നി. മഞ്ഞു പെയ്തുകൊണ്ടിരുന്ന പ്രദേശങ്ങളിൽ ആത്മരോഷത്തിന്റെ അഗ്നിജ്വാലകൾ കത്തിപ്പടരുന്നത് അവൻ സ്വപ്നം കണ്ടു. പിന്നെ മെല്ലെ കണ്ണടച്ച് ഇരുട്ടിനെ വരവേറ്റു.

●


India's No - 1
AKSHAYA WATER PROOFING
29/851, Kottoli, Mavoor Road,Kozhikode - 673016
Mob : P.P. Pradeep - 9447312616, 9037940457
Email: aakshayawaterproof@gmail.com
ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

SREELAKSHMI ENTERPRISES
MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson

MANAMKULAM
TIMBERS
Chalappuram P.O., Calicut-673 002, Kerala
Whole Sale and Retail Dealer of all types of Timber logs & Sizes, Nilotika Sizes Available
Ph: Abdul Nazar - 9847010745
Mohemed Faizel - 9847133878

AIWA TAILORING
(GENTS)
Sreevalayanad,
Kozhikode - 673007
Ph: Baiju : 9037164023


Highness Cool Refrigeration &
Air Conditions
NEAR POST OFFICE, MANKAVE, CALICUT - 7
(Service for Airconditioner, Refrigerator, Washing
Machine, Spray Painting,etc.)
Mob: 9349810003

P.V. ENTERPRISES
DEALERS IN ELECTRICAL &
PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

# തട്ടിതെറിപ്പിച്ച് കൊലചെയ്യപ്പെടുന്ന പൈതൃക മൃഗം.



വിനോദ്കുമാർ ദാമോദർ




പ്രമുഖ സംരക്ഷിത മേഖലയായ ബുക്സാവനത്തിൽ തീവണ്ടി തട്ടിതെറിച്ചു മരിച്ച കൊമ്പൻ

വാളയാറിൽ കാട്ടാനകളെ തട്ടി തെറിപ്പിക്കുന്ന തീവണ്ടികളേ പറ്റി കേൾക്കുന്ന ഒരു വിഷയമായിരുന്നെങ്കിലും ഇന്ന് ഈ സംഭവങ്ങൾ വളരെ നിയന്ത്രിയ്ക്കപ്പെട്ട ഒന്നായി മാറിയതായി വിശ്വസിക്കാം. ആ മേഖലയിൽ നിശ്ചയിച്ചിരിക്കുന്ന വേഗതയിൽ കൂടുതൽ സ്പീഡ് കാരണം സംഭവിക്കുന്ന അപകടങ്ങളിൽ വന്യജീവി സംരക്ഷണ നിയമം 1972 മോട്ടോർമാനെതിരെ നടപടി സ്വീകരിക്കാനുള്ള തീരുമാനമാണ് ഈ മേഖലയിൽ വേഗത കുറയ്ക്കുവാനും ഈ തരത്തിലുള്ള സംഭവങ്ങൾ കുറെയൊക്കെ നിയന്ത്രിയ്ക്കുവാനും കഴിഞ്ഞത്.

എന്നാലും മേഖല പൂർണ്ണമായും അപകട മുക്തമല്ല. താൽക്കാലികമായി മാത്രമേ വിരാമമുണ്ടായിട്ടുള്ളുവെന്നതാണ് സത്യം.

പ്രശസ്ത വന്യജീവി സംഘടനയായ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ റെയിൽ ട്രാക്കുകൾ മുറിച്ച് കടക്കുന്ന ആനകളെ സംരക്ഷിക്കുവാൻ നടപടികളെക്കുറിച്ച് റെയിൽവേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നടപ്പാക്കാൻ പൂർണ്ണമായും ബുദ്ധിമുട്ടുള്ള ഒരു റിപ്പോർട്ടാണെങ്കിലും ശ്രമങ്ങൾ നടത്തുമെന്നാണ് റെയിൽവേയുടെ അഭിപ്രായം. വിദഗ്ദർ നൽകിയ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ റെയിൽവെ അധികൃതർ വിശകലനം ചെയ്ത്‌വരികയാണെന്നാണ് അറിവ്. വാളയാർ റിസർവ്വ് വനമേഖലയിലെ പ്രധാന തീവണ്ടി പാളത്തിലേ സ്ഥിരം അപകട മേഖല വനം-വന്യജീവി വകുപ്പിന്റെ ഒരു തലവേദനയായിരുന്നു. ഈ മേഖലയിലെ പരമാവധി സ്പീഡ് മണിക്കൂറിൽ 20 കിലോ മീറ്ററായിരുന്നെങ്കിലും ഇവിടെ ഈ സ്പീഡിലല്ല വണ്ടികൾ ഓടുന്നതെന്നായിരുന്നു വന്യജീവി സംഘടനകൾ പരാതി നൽകിയിരുന്നത്.

വാളയാർ വനമേഖലയിലേ റെയിൽവെ പാത നല്ല കയറ്റമായതിനാൽ ഇവിടെ ഈ സ്പീഡിൽ പോയാൽ കയറ്റം കയറുവാൻ ബുദ്ധിമുട്ടാണെന്നാണ് മോട്ടോർമാൻമാരുടെ അഭിപ്രായം. വൻ ഭാരവുമായി വലിയാതെ തീവണ്ടി നിന്ന്പോകാനും സാധ്യതയുണ്ട്.

റെയിലിന്റെ രണ്ട് ഭാഗത്തും കമ്പിവേലികെട്ടിയാൽ വേനൽകാലത്ത് വെള്ളത്തിനും മറ്റുമായി റെയിൽ പാത കടന്നുപേകേണ്ടിവരുന്ന വന്യമൃഗങ്ങൾക്ക് വിഷമമായി തീരുമെന്ന് പരിസ്ഥിതി സ്നേഹസംഘടനയായ കൺസർവേഷൻ ഓഫ് നേചർ സൊസൈറ്റി അഭിപ്രായപ്പെടുകയുണ്ടായി.


ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പഠനം നടത്തിയത്.

തുടർച്ചയായി ഹോൺ അടിച്ചിട്ടും റെയിൽപാതയിൽ നിലയുറപ്പിക്കുന്ന വാളയാറിലെ ആനകളെ ഓടിപ്പിക്കുവാൻ മറ്റതരം ശബ്ദങ്ങളുണ്ടാക്കുവാൻ ശ്രമം നടത്തുന്നുണ്ട്.

പ്രധാന റെയിൽപാത കടന്ന്പോകുന്ന ഈ റെയിൽ റൂട്ട് തിരിച്ച്‌വിടാനോ വണ്ടികളുടെ എണ്ണം കുറയ്ക്കാനോ യാതൊരു വഴിയുമില്ലെന്നാണ് ദക്ഷിണ റെയിൽവെയുടെ ഉറച്ചനിലപാട്.

ഇത്തരത്തിലുള്ള ആന മരണങ്ങൾ സംഭവിക്കുന്ന ഇടങ്ങൾ വാളയാറിൽ മാത്രമല്ല. ഉദാഹരണത്തിന് ഉത്തർ പ്രദേശിലെ പ്രസിദ്ധ രാജാജി നാഷണൽ പാർക്ക് പോലുള്ള ഇടങ്ങളിൽ തീവണ്ടിതട്ടി കാട്ടാനകൾ മരിക്കുന്ന സംഭവം നടക്കുന്നുണ്ടെന്നുള്ള താണ് വാസ്തവം. ആനകളുടെ വിഹാരകേന്ദ്രങ്ങളായ ഇവിടെ കൂട്ടമായി നടക്കുന്ന ഇവരുടെ ഇടയിലെ രണ്ടോ മൂന്നോ ആനകളെ ഇത്തരത്തിൽ തട്ടി കൊല്ലുമ്പോൾ ഇത് അവരുടെ മൊത്തം ജീവിത രീതിയെ ബാധിയ്ക്കുന്നു. ഇവിടെയും പല പരിഹാര മാർഗ്ഗങ്ങളും തേടുന്നുണ്ടെങ്കിലും ഒന്നും തന്നെ ഫലവത്താകുന്നില്ല.

ഇതിനുള്ള ഉദാഹരണമാണ്. രാജാജി നാഷണൽ പാർക്കിൽ കണ്ടത്. ടിപ്പു എന്ന്



വാളയറിൽ തീവണ്ടി തട്ടികൊല്ലപ്പെടുന്ന ആനകൾ

പേരിട്ട ഒരു കൊമ്പനാന, ആരേയും കൂസലില്ലാത്ത ശരീര പ്രകൃതവും. സ്വഭാവപ്രകൃതവും രാജാജി നാഷണൽ പാർക്കിൽ തീവണ്ടിതട്ടി ആനകൾ മരിക്കുന്ന സംഭവങ്ങൾ നിയന്ത്രിക്കുവാൻ വേണ്ടി പഠിയ്ക്കുവാൻവന്ന സംഘം ഈ ആനയെ പിൻതുടർന്നു.

ഈ ആനയോട് പിടിയാനകൾക്ക് പ്രത്യേക ആകർഷണം തോന്നിയിരുന്നു. വളരെ തിരഞ്ഞെടുത്ത ആനകളുമായി മാത്രം ബന്ധം പുലർത്തുന്ന സ്വഭാവമുള്ള പിടിയാനകൾക്ക് ടിപ്പുവിനോട് വളരെ അടുപ്പം തോന്നിയിരുന്നത് അതിശയമല്ല. മറ്റ് കൊമ്പനാനകൾക്ക് ഇവനെ വലിയ ഭയമായിരുന്നു. മനുഷ്യനെ കാണുന്നത് ഇവന് തീരെ ഇഷ്ടമില്ലായിരുന്നു. മാസങ്ങൾക്ക് ശേഷമാണ് ഈ സംഘത്തിന് രാജാജി നാഷണൽ പാർക്കിൽ ആനകൾ തീവണ്ടിതട്ടി മരിച്ച വിവരം കിട്ടി അതന്വേഷിക്കുവാനുള്ള ഉത്തരവാദിത്വം കിട്ടിയത്. അവിടെ എത്തിയ സംഘം ടിപ്പുവിനെ കാണാൻ വേണ്ടി വളരെയധികം തിരഞ്ഞു. ഒടുവിൽ കണ്ടെത്തുകയും ചെയ്തു. എന്നാൽ ടിപ്പു പഴയ ടിപ്പുവല്ലായിരുന്നു. പഴയ പ്രൗഢിയൊന്നും തന്നെ അവനിൽ കാണാനില്ലായിരുന്നു. കാരണം അന്വേഷിച്ചപ്പോഴാണ് വിവരം കിട്ടിയത്. ടിപ്പുവിന്റെ ഉറ്റ കൂട്ടുകാരായിരുന്നു. മല്ലികയെന്ന പിടിയാനയും അവയുടെ കുഞ്ഞുങ്ങളും കഴിഞ്ഞ ദിവസം അതിവേഗത്തിൽ പായുന്ന തീവണ്ടി തട്ടി മരിച്ചുപോയിരുന്നു.

ടിപ്പുവിന്റെ ജീവിതംതന്നെ മാറ്റി മറിച്ച ഈ സംഭവം നടന്നത് അതി സുരക്ഷാ വന്യജീവി സംരക്ഷണ കേന്ദ്രമായ ഒരു നാഷണൽ പാർക്കിലായിരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ ഇന്ത്യയിൽ പല വന മേഖലകളിലും അിറയാതെ പോകുന്നുമുണ്ട്.

കേന്ദ്രസർക്കാർ പൈതൃക മൃഗമെന്ന സ്ഥാനം നൽകി അലങ്കരിക്കപ്പെട്ടിട്ടുള്ള ഒരു വന്യജീവിയാണ് ആന. ഈ വന്യജീവിയാണ് ഇന്ന് പല സംരക്ഷിത മേഖലകളിലും ഇത്തരത്തിൽ തട്ടിത്തെറിച്ച് മരണപ്പെടുന്നത്. മുകളിൽ പറഞ്ഞ സ്ഥലങ്ങളിലെല്ലാം തന്നെ ഒരു ശ്രമങ്ങൾ അപകടങ്ങൾ ഇല്ലാതാക്കാൻ നടക്കുന്നുണ്ടെങ്കിൽ വിചിത്രമായ നിലപാടാണ് ചില സ്ഥലങ്ങളിൽ എടുത്തുവരുന്നത്. അതായത് ആനയെ തീവണ്ടി തട്ടി തെറിപ്പിക്കുന്നത് വെറുതെ നോക്കി നിൽക്കുകയാണ് റെയിൽവെ അധികൃതർ. ആനകൾ പൊതുവെ കൂട്ടമായി നല്ലരീതിയിൽ മരക്കൂട്ടങ്ങളും ജലവും കിട്ടുന്ന ഇടങ്ങളിൽ താമസിക്കുന്നവരാണ്. ഇവരുടെ ഈ വാസസ്ഥലം പൂർണ്ണമായും സുരക്ഷിതമാക്കേണ്ടതുണ്ട്. അവർ നമ്മുടെ നിബഡവനങ്ങളുടെ സംരക്ഷകരാണ്. അവർ വൻ മരങ്ങളെ ചിലപ്പോൾ പിഴുതെറിയുന്നത് കാണാം. അതൊരിക്കലും നാം മരങ്ങൾ വെട്ടി വെളിപ്പിച്ച് തുടരുന്ന പ്രവർത്തനങ്ങളെപോലെയല്ല. ആനകൾ, മരങ്ങൾ പിഴുതെറിയുന്നത് ആ സ്ഥലത്തേക്ക് സൂര്യവെളിച്ചം നേരിട്ടെത്തിക്കുന്നതിന് വേണ്ടിയാണ്. ഈ പ്രക്രിയകൊണ്ടിവിടെ പുൽപ്രദേശം വളരും. അവർ കൂട്ടമായി നീങ്ങിക്കൊണ്ടിരിക്കുന്ന മൃഗങ്ങളാണ്. ഈ സമയത്താണ് പലപ്പോഴും അതിവേഗത്തിൽ സംരക്ഷിത വനങ്ങളിൽകൂടി പോകുന്ന തീവണ്ടിതട്ടി തെറിക്കുന്നത്. എന്നാൽ ഈ അപകടം മനസ്സിലാക്കുന്ന ആനക്കൂട്ടങ്ങൾ മറ്റ് വഴികളിലൂടെയാണ്. കൂട്ടമായി നീങ്ങിക്കൊണ്ടിരിക്കുന്നത്. അപ്പോഴാണ് പലപ്പോഴും ഇവ മനുഷ്യവാസമുള്ളയിടങ്ങളിലും കൃഷിയിടങ്ങളിലും എത്തുന്നത്. ഇത് ഒഴിവാക്കണം. അല്ലെങ്കിൽ ഇവരും മനുഷ്യരും ഏറ്റുമുട്ടേണ്ടി വരും. അത്കൊണ്ട്തന്നെ വെസ്റ്റ് ബംഗാളിലെ ബുക്സാ കടുവ സങ്കേതത്തിലെ തുടർച്ചയായ ആനതട്ടി മരണം തടയുന്നതിന്വേണ്ടി കണ്ടെത്തിയ വഴിയായിരുന്നു അവിടുത്തെ വനംവകുപ്പ് നിർമ്മിച്ച എഴുപത് കിലോ മീറ്റർ നീളത്തിലുള്ള ഇലക്ട്രിക്‌വേലി നിർമ്മാണം. ഇത് കൂടുതൽ അപകടമായി. ആനകൾ നേരിട്ട് കൃഷിസ്ഥലത്തേക്കിറങ്ങി. അപ്പോൾ ജനങ്ങൾതന്നെ ഈ കമ്പിവലകൾ പൊളിച്ച്മാറ്റുകയായിരുന്നു.

പിന്നെ അവർകണ്ടെത്തിയ മാർഗ്ഗം വനത്തിൽ തന്നെ മരങ്ങൾ അടുപ്പിച്ചു വളർത്തി തടസ്സങ്ങളുണ്ടാക്കുകയായിരുന്നു. ബുക്സാ കടുവ സങ്കേതത്തിലെ ഏറ്റവും വലിയ കൊമ്പനെന്നെ അറിയപ്പെട്ട ആനതട്ടി തെറിപ്പിച്ച പ്രശ്നം ജനങ്ങളെതന്നെ രോക്ഷാകുലരാക്കി. ഇപ്പോൾ പശ്ചിമ ബംഗാൾ ശക്തമായ നടപടികൾ എടുത്ത് തീവണ്ടിതട്ടി ആനകൾ മരിയ്ക്കുന്നത് തടയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ അഭിപ്രായങ്ങൾ അറിയിക്കാൻ എല്ലാ വന്യജീവി സ്നേഹികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

എന്തുതന്നെയായാലും വാളയാർ അടയ്ക്കമുള്ള സംരക്ഷിത വനങ്ങളിൽ നടക്കുന്ന ഈ കൊല പൂർണ്ണമായും അവസാനിപ്പിയ്ക്കാതെ പറ്റില്ലയെന്നാണ് വന്യജീവി സ്നേഹികൾ പ്രൊജക്ട് എലിഫന്റ് എന്ന കേന്ദ്ര സർക്കാർ അധികൃതരോട് ആവശ്യപ്പെട്ടത്, പ്രത്യേകിച്ചും വന്യജീവി സംരക്ഷണ ഭേദഗതി ബിൽ 2013 കർശനമായ വന്യജീവി സംരക്ഷണം ഉറപ്പ് വരുത്തിക്കൊണ്ട് ഭേദഗതിയോടെ രാജ്യസഭയിൽ അവതരിപ്പിച്ച ഈ അവസരത്തിൽ.

●

കഥ

# കുഞ്ഞിമ്മ



കെ.പി.സുധീര



കുഞ്ഞിമ്മ ഏകാഗ്രതയോടെ ഒരു കിടപ്പവിരിപ്പിന്റെ ശുഭ്രതയിൽ വർണ്ണനൂലുകൾ ഓടിച്ചുകൊണ്ടിരിക്കയാണ്. ഞാൻ കട്ടിൽപ്പടിയിൽ തലയണ ചാരിവെച്ച് വായിക്കുവാനായി ഒരു പുസ്തകമെടുത്തു. പക്ഷേ പുസ്തകത്തിൽ മനസ്സുറക്കുന്നില്ല. കുഞ്ഞിമ്മയുടെ മുഖത്ത് കണ്ട അപൂർവ്വ തേജസ്സും ചേതസ്സും എന്നെ എന്തിനോ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു.

അവരുടെ മുഖത്ത് ഞാൻ കുട്ടിക്കാലത്ത് കണ്ടിരുന്ന അതേ താരുണ്യമുണ്ടായിരുന്നു. വല്യുമ്മയുടേയും ഉമ്മയുടേയും കൺതടങ്ങളിൽ പടർന്നു കാണുന്ന കാളിമ ഇവിടെയില്ല. ഇടതു മൂക്കിന്റെ അറ്റത്ത് മുമ്പ് മൂക്കുത്തി അണിഞ്ഞതിന്റെ ദ്വാരം അടഞ്ഞു കിടന്നിരുന്നു. കുഞ്ഞിമ്മ എത്രയോ സുന്ദരിയാണ്. ഈ മുപ്പതുവർഷത്തിനിടയിലെ എന്റെ ജീവിതത്തിനിടയിൽ ഞാൻ കണ്ട ഏകസുന്ദരി കുഞ്ഞിമ്മയാണ്. എല്ലാ അർത്ഥത്തിലുമുള്ള ലാവണ്യം.

കുഞ്ഞിമ്മയുടെ മുറി എന്റേയും മുറിയാണ്. വിശാലമായ കിടപ്പുമുറിയിൽ രണ്ട് വലിയ കട്ടിലുകളും രണ്ടു പേരുടെ ലോകവും. എന്റെ പുസ്തകങ്ങൾ സൂക്ഷിക്കുന്ന റാക്കും, ഉപ്പയുടെ മഹത്തായ പുസ്തകശേഖരത്തിന്റെ വലിയ അലമാരകളും ,കുഞ്ഞിമ്മയുടെ തുന്നൽ വകുപ്പും എല്ലാം ഇതിനകത്തുതന്നെ. കുഞ്ഞിമ്മയുടെ കട്ടലിലിരുന്നാൽ താഴെ ഗേറ്റ് കടന്നുവരുന്നവരെ കാണാം. കോൺക്രീറ്റിട്ട വിശാലമായ മുറ്റം. ഗേറ്റിന്റെ കുറ്റിയൊന്നു ശബ്ദിച്ചാൽ കുഞ്ഞിമ്മയുടെ ശ്രദ്ധ ജാഗരൂകമാകും.അവർ ആരെയോ കാത്തിരിക്കുകയാണ്.

“ബിലാൻ ഇവിടെ വന്ന് ഈ നൂലൊക്കെ ഒന്നു വെട്ടി നിരപ്പാക്ക്. റിയാദിലേക്ക് കൊടുത്തയക്കാനുള്ള മൂന്ന് വിരികളാണ്.സന്ധ്യയോടെ ഇത് കളക്ട് ചെയ്യാൻ ആളെത്തും. നാളെ രാവിലത്തെ ഫ്ളൈറ്റിന് പോകാനുള്ളതാണ്. വൃത്തിയായി പാക്ക് ചെയ്ത് വെക്കണം.”

കുഞ്ഞിമ്മ കിടക്കവിരിപ്പിന്റെ മൃദുലതയെ വാത്സല്യപൂർവ്വം തലോടി. അതൊരു യാത്രപറച്ചിലാണ്. കഅ്ബയും താഴികക്കുടവും,ചന്ദ്രക്കലയും - നിലാവത്ത് കിടന്ന് വെട്ടിത്തിളങ്ങുംപോലെ - മൂർത്തമായ ചിത്രങ്ങളേയും കുഞ്ഞിമ്മ സമർത്ഥമായി തുന്നിച്ചേർക്കാറുണ്ട്. ഉമ്മയും വല്യുമ്മയും സ്വകാര്യമായി അതിനെ വിമർശിക്കും. പരസ്പരം ഉരസിയിരിക്കുന്ന പ്രാവുകൾ, പിന്നെ ഹിന്ദുക്കൾക്കായി ശ്രീകൃഷ്ണ ലീലകൾ......അങ്ങിനെ കുഞ്ഞിമ്മയുടെ ഭാവനക്ക് അതിരില്ല. എല്ലാ ചിത്രങ്ങളിലും കിടന്നു പിടച്ചിരുന്നത് സ്നേഹത്തിന്റെ ചിറകടികളായിരുന്നു എന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. പ്രാണനിൽ അലിഞ്ഞു ചേർന്ന ഉദാത്തമായ സ്നേഹം. അതിന്റെ തീവ്രചൈതന്യത്തനിമ. അവരുടെ വിരലുകളിലും, വാക്കുകളിലും പ്രവർത്തികളിലും ഇനിമയായി.

‘‘ബിലാൽ”

കുഞ്ഞിമ്മ വീണ്ടും ഓർമ്മിപ്പിച്ചു.

”ഓ....

വയ്യ കുഞ്ഞിമ്മ- ഇന്ന് ഫസ്റ്റ് അവറിൽ തന്നെ ഷേക്സ്പിയറിന്റെ 'മാക്ബത്ത്' വിസ്തരിച്ചു തൊണ്ട കടഞ്ഞു. - ഇന്ന് കവിത എഴുതാനൊരു മൂഡ്. അതാണ് ലീവെടുത്ത് പോന്നത്”.

കുഞ്ഞിമ്മയുടെ ചുണ്ടിൽ ഒരു കുസൃതിച്ചിരി തലകാട്ടി.

”ഉം മഹാകവിയുടെ മകൻ ഒരു വെറും കവിയെങ്കിലും ആകേണ്ടതാണ്.”

ഉപ്പയെ പരാമർശിക്കുമ്പോൾ കുഞ്ഞിമ്മയുടെ കവിളുകൾ കനൽ പോലെ ചുവക്കും.- കണ്ണുകൾ ഏതോ ദൃശ്യപ്രപഞ്ചങ്ങളെതേടും- പ്രായം വടുകെട്ടാൻ കൂട്ടാക്കാത്ത ആ മുഖം, ഏതോ പ്രത്യാശയാൽ തുടുക്കും.അതെ , കുഞ്ഞിമ്മ കാത്തിരിക്കുകയാണ്. വർഷങ്ങളായി കാത്തിരിക്കുകയാണ്.

“ ശരി നിനക്കും വേണ്ടാതായി ഈ കുഞ്ഞിമ്മയെ....”

കുഞ്ഞിമ്മ മൃദുവായി പരാതി പറഞ്ഞു. അപ്പോൾ അവരുടെ നേർത്ത പുഞ്ചിരിക്കിടയിലൂടെ ഒരു മിനുങ്ങുന്ന നുണക്കുഴി തെളിഞ്ഞു.

'നിന്റെ അടുത്ത കവിതാസമാഹാരം ഉടനെ ഇറങ്ങണം. നീയിങ്ങനെ മടിപിടിച്ചിരിക്കരുത്. കാവ്യപ്രപഞ്ചത്തിന്റെ വാതിൽ നിനക്കായി തുറന്നു കിടക്കയാണ്. നീ ഔന്നത്യങ്ങൾ കീഴടക്കണം.അതിനല്ലേ ഞാനിങ്ങനെ.....

കുഞ്ഞിമ്മ പൂർത്തിയാക്കിയില്ല.

ഞാൻ കുഞ്ഞിമ്മ കാണാതെ അവരുടെ തലയണക്കീഴിലെ വിരിപ്പിന്നടിയിൽനിന്നും ഒരു ചിത്രം തപ്പിയെടുത്തു. എനിക്കറിയാം,അതാരുടെ ചിത്രമാണെന്ന്.

“ വേണ്ട ബിലാൽ,നീയതെടുക്കരു

തെന്ന് എത്ര പറഞ്ഞാലും കേൾക്കില്ല" കുഞ്ഞിമ്മ തിരിഞ്ഞു നോക്കാതെ പറഞ്ഞു.

ആൽബത്തിൽ നിന്നും അടർത്തിയെടുത്ത് ലാമിനേറ്റ് ചെയ്ത ഒരു ചിത്രമാണത്. അതിൽ മന്ദസ്മിതം ഉണർന്ന ചുണ്ടുകളോടെ ഒരു യുവാവ്. ചുണ്ടിൽ പുഞ്ചിരിയാണെങ്കിൽ കണ്ണുകളിൽ അഗാധമായ വ്യസന ഭാവമായിരുന്നു. അതെ, എന്റെ ഉപ്പ എത്രയോ സുന്ദരനാണ്.അ താവാം ഒരു പെൺമോഹിയല്ലാതിരുന്നിട്ടും മൂന്നു സ്ത്രീകളുടെ മോഹത്തിനും മോഹനിരാസത്തിനും പാത്രമാവേണ്ടിവന്നത്. ഒരു കാര്യത്തിൽ ഉപ്പക്ക് തെറ്റുപറ്റി. ഉപ്പ ആദ്യമായും അവസാനമായും തെരെഞ്ഞെടുക്കേണ്ടിയിരുന്നത് കുഞ്ഞിമ്മയെ ആയിരുന്നു.

" ബിലാൽ, നീയൊന്ന് എണീക്ക് മോനേ, തമാശ കളയ്."

"ശരി കുഞ്ഞിമ്മ.''

ഞാൻ കിടക്കവിരിപ്പുകളിൽ പൊങ്ങിനിന്നിരുന്ന വർണ്ണ നൂലുകൾ ശ്രദ്ധാപൂർവ്വം വെട്ടിയെടുത്തു. ഭംഗിയായി ഇസ്തിരിയിട്ട് പ്ളാസ്റ്റിക് കൂടിലാക്കി.

കുഞ്ഞിമ്മയുടെ കിടക്കവിരിപ്പുകളിലെ ചിത്രത്തുന്നൽ വിദേശത്തെ ഷെയ്ക്ക്മാർക്കും അറബികൾക്കും പ്രിയങ്കരമായിരുന്നു. അവർക്കിതിന് നല്ല വിലയും കിട്ടിപ്പോന്നു. മൃദുവായ വിലപിടിപ്പുള്ള തുണിയിലാണ് കുഞ്ഞിമ്മയുടെ കരവിരുത്.വീടിന് തൊട്ടുള്ള ''ബിലാൽ കോസ്റ്റ്യൂംസ്'' മികച്ച റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുകയും കയറ്റി അയക്കുകയും ചെയ്തു. എല്ലാം കുഞ്ഞിമ്മയുടെ മേൽനോട്ടത്തിലായിരുന്നു. എങ്കിലും കുഞ്ഞിമ്മ ആഴ്ചയിൽ മൂന്നു വിരിപ്പുകളെങ്കിലും ചിത്രത്തയ്യലുകളെക്കൊണ്ട് അലങ്കരിച്ചൊരുക്കും.

വരുമാനം ഏറുംതോറും ചിലവുകൾ പിടിയിലൊതുങ്ങാതെയായി. വല്യുമ്മക്ക് ജോലിയില്ലെങ്കിലും പറമ്പുകളിൽനിന്ന് നല്ല വരുമാനം. ഉമ്മക്ക് കോളേജിലെ ക്ലാർക്കുദ്യോഗം. എന്നാലും വീട്ടിലെ കല്യാണങ്ങൾക്ക് മുതൽ സൽക്കാരധൂർത്തുകൾക്ക് വരെ കുഞ്ഞിമ്മ കയ്യയച്ച് ചെലവു ചെയ്യും.

കുഞ്ഞിമ്മ ശ്രദ്ധാപൂർവ്വം സൂചികളും വർണ്ണനൂലുകളും നൂൽപ്പെട്ടിയിൽ നിറച്ചു. അൽപ്പം ആയാസത്തോടെ എഴുന്നേറ്റു.

അവർ മികച്ച തരം ഖദർ സിൽക്കിന്റെ സാരിയായിരുന്നു ഉടുത്തിരുന്നത്. സാരി ത്തലപ്പുകൊണ്ട് ചുമലൊന്നു ചുറ്റിപ്പുതക്കുമെന്നല്ലാതെ കുഞ്ഞിമ്മ തലമുടി മറച്ചിരുന്നില്ല. അവർ കറുത്തു മിനുങ്ങുന്ന തലമുടി കരുതലോടെ പരിപാലിച്ചു. കുഞ്ഞിമ്മയുടെ മങ്ങാത്ത ചർമ്മ സൂഷ്മയിലും, കറുത്തുമിന്നുന്ന തലമുടിയിലും പെണ്ണുങ്ങൾ അസൂയാലുക്കളായി.

"ബിലാലെ- നീ വേഗം വന്ന് ഊണ് കഴിക്കുന്നുണ്ടോ,

താഴെ നിന്ന് ഉമ്മയുടെ വിളി. ഓ. ഉമ്മ ഇന്ന് പോയിട്ടില്ല. കുഞ്ഞിമ്മ പുഞ്ചിരിച്ചു. അതവർക്ക്കൂടിയുള്ള ക്ഷണമാണ്. ''വേണമെങ്കിൽ വന്ന് ഉണ്ടോളിൻ " എന്ന ധ്വനി.

''മോനെ. ഇനി ഉമ്മാനെ ശുണ്ഠി പിടിപ്പിക്കേണ്ട, നമുക്കു പോയി ഉണ്ണാം.

ഞങ്ങൾ ഉണ്ണാനിരുന്നു. ഞാനും,കുഞ്ഞിമ്മയും ,വല്യുമ്മയും,ഉമ്മയും.

''കുട്ട്യോളൊക്കെ ഉണ്ടില്ലേ, താത്ത?"

കുഞ്ഞിമ്മ വല്യുമ്മക്ക് നേരെ മുഖമുയർത്തി. ഒരു അർദ്ധസ്മിതത്തോടെ ചോദിച്ചു.

ഉം, ഉമ്മറിന് ചെറിയൊരു പനിണ്ട്. ഫാഷിന് വല്യേ കുറുമ്പ്. ഓനിന്ന് മീനില്യാണ്ട് ചോറ് വേണ്ടാന്ന്."

വല്യുമ്മ പേരക്കുട്ടികളുടെ വിശേഷം പറയുമ്പോൾ കുഞ്ഞിമ്മ പൊട്ടിച്ചിരിച്ചു.

"ഉമ്മറിനെ ഇന്ന് ഡോക്ടറെ കാണിക്കാം...."

കുഞ്ഞിമ്മ ഉമ്മയുടെ നേരെ ചിരിക്കുന്ന മുഖം തിരിച്ചു.

ഉമ്മയുടെ മുഖം തുടുത്തു വിങ്ങിയിരുന്നു. കരഞ്ഞു കലങ്ങിയതു പോലുള്ള കണ്ണുകൾ.

"എന്താണിന്ന് ചെറിയ രാജ്ഞിക്കൊരു വ്യസനം....? എന്നോടു പറയൂലേ?"

ഉമ്മ ഒരു മുന്നറിയിപ്പുമില്ലാതെ ഊണിന് മുമ്പിലിരുന്ന് പൊട്ടിക്കരഞ്ഞു.

" ജാമി മോള് അടുത്താഴ്ച പുതിയ വീട്ടീക്കൂടും... എന്താ കൊടുക്കാന്ന് ഒരു പിടിയൂല്ല. എന്റേല് കാശൊന്നൂല്ല.കല്ല്യാണത്തിന് സകലതും പൊടി പൊടിച്ചതല്ലേ?"

കുഞ്ഞിമ്മ നിശ്ശബ്ദം ഉണ്ടുകൊണ്ടിരുന്നു. "കാര്യമാക്കണ്ട" എന്ന് ഞാൻ കണ്ണിറുക്കി. ഇനി ആ ഭാരംകൂടി കുഞ്ഞിമ്മ ഏൽക്കണം. മകൾക്ക് വീട്ടു സാമാനങ്ങൾ മുഴുവൻ കുഞ്ഞിമ്മയുടെ വകയാകട്ടെ. അതായിരുന്നു ഉമ്മയുടെ ഉന്നം. എന്നിട്ട് അൽപം സ്നേഹം പ്രതിഫലമായി കൊടുത്തിരുന്നെങ്കിൽ!

" അതിനുള്ള വഴി ബിലാൽ കാണട്ടെ. അവന്റെ പെങ്ങളല്ലേ, കൊടുക്കാതിരിക്ക്വോ?'

കുഞ്ഞിമ്മ വാഷ്ബേസിനരികിലേക്ക് നടന്നുകൊണ്ട് പോംവഴി പറഞ്ഞു.

''അവനോടല്ലേ ഞാനാദ്യം ചോദിച്ചത്. അതെങ്ങനാ, റൂബി, അവനല്ലേ മൂത്ത മക്കളെ കല്യാണത്തിന് ചെലവാക്കിയത്? അതിന്റെ കടം തീരട്ടേന്ന്. കോളേജിലെ ജോലികൊണ്ട് അവന്റെ കടം വീട്ടാൻ തെകയോ?"

വല്യുമ്മയെ ഇടംകണ്ണിട്ട് നോക്കിക്കൊണ്ടാണ് ശരം വല്യുമ്മയാണല്ലോ ആഷ്നയേയും മുംതാസിനേയും പെറ്റത്.

"അതോ , കേട്ടോളിൻ- എനിക്ക് ജാമിമോളെക്കാൾ വലുതാ അവര്.. ഉമ്മാടെ വേർതിരിവ് എനിക്ക് ഉണ്ടാവൂലാ. ഉപ്പ അതല്ലേ ഞങ്ങളെ പഠിപ്പിച്ചത്. ജാമിമോളുടെ വാശിയും കുറുമ്പും ഉമ്മ പഠിപ്പിച്ചതാണ്."

താഴ്ന്ന സ്ഥിതിയിലാണ് തുടങ്ങിയത്. പറഞ്ഞു തീർന്നപ്പോൾ എന്റെ സ്വരം ഉച്ചസ്ഥായിയിലേക്കുയർന്നു പോയി. ഉമ്മയുടെ നിയന്ത്രണത്തിന്റെ അണ തകർന്നു.

" ആരു വന്നതിനു ശേഷാ ഈ വീട് നശിച്ചതെന്ന്, ആര് കാരണാ ആ മനുഷ്യൻ നാടു വിട്ടുപോയതെന്ന്. ഓർത്ത് നോക്കിയിട്ടുണ്ടോ? എടാ, നിനക്ക് സ്വന്തം ഉമ്മാനേക്കാൾ വലുതാ അവര്. സ്നേഹം സ്നേഹംന്ന് ഉരുവിട്ട്,കയറി വന്നതുമുതൽ ആ മനുഷ്യനെ പന്ത് തട്ടീല്ലേ? ഞങ്ങടെ ഭർത്താവ് വീട്ടില് സൈ്വര്യം കിട്ടാണ്ടെ പോയി. എന്നിട്ട് വീടുഭരണം നടത്തുന്നു! പുരുഷന്മാരാ വീട്ടില് ഭരണം നടത്തേണ്ടത്. സ്ത്രീകളല്ല. ആ മനുഷ്യനെ ഓർത്ത് തീ തിന്നാത്ത ദിനങ്ങളില്ല. അല്ലാഹു എന്ത് കണ്ടിട്ടാ എന്നെയിങ്ങനെ.... ആ മനുഷ്യനിപ്പൊ ജീവിക്കുന്നോ മരിച്ചോ എന്ന് ആർക്കറിയാം. കൊല്ലെത്രയായി പോയിട്ട്. എന്തെങ്കിലുമൊരു വിവരംണ്ടോ?

ഉമ്മ നിന്നു കിതച്ചു. കുഞ്ഞിമ്മ വല്ലാതെയൊന്നു നടുങ്ങി. ഏതോ ഘനതമസ്സിലേക്കാണ്ടു പോകുകയാണോ അവരെന്ന് ഞാൻ ഭയപ്പെട്ടു. പക്ഷേ, ഒന്നുമുണ്ടായില്ല.

കുഞ്ഞിമ്മ നിസ്തോഭയായി എന്റെ മുമ്പിൽ വന്നു നിന്ന് നനഞ്ഞ കൈകൊണ്ട് എന്റെ ചുമലിൽ തൊട്ടുകൊണ്ട് മുറിയിലേക്ക് പോയി. "മതി മോനേ" എന്നായിരുന്നു ആ സ്പർശനത്തിന്റെ പൊരുൾ.

സ്നേഹമില്ലാത്തവളല്ല ഉമ്മ. ഉപ്പയെ എത്രയോ സ്നേഹിച്ചിരുന്നിരിക്കും. വല്യുമ്മയും അങ്ങനെ തന്നെ. പക്ഷേ ആര് സൈ്വര്യം

കെടുത്തിയിട്ടാണ് ഉപ്പ പോയെതെന്ന് എനിക്കറിയാം. പ്രജ്ഞയുടേയും ഭ്രാന്തിന്റേയും നടുക്ക് നട്ടം തിരിയുന്ന ഉപ്പ ഇട്ടെറിഞ്ഞ് പോകയല്ലായിരുന്നു. എല്ലാം മുൻകൂട്ടി ഉപ്പ പ്ലാൻ ചെയ്തു. പറമ്പുകളും ബിസിനസ്സും ഷെയറുകളും എല്ലാം ഭാഗിച്ചു വെച്ചു. കുഞ്ഞിമ്മക്ക് മാത്രം ഒന്നുമില്ല. കുഞ്ഞിമ്മയെ കൂട്ടി എങ്ങോട്ടെങ്കിലും പോകാനാണത്രേ തുനിഞ്ഞത്. ആരും അറിയാതെ. അവസാനനിമിഷം കുഞ്ഞിമ്മ കാലുമാറി.

"ഒളിച്ചു പോകാൻ ഞാനില്ലെന്ന്" അവർ ശഠിച്ചു പറഞ്ഞത്രെ. അതൊരു വല്ലാത്ത ആഘാതം തന്നെയായിരുന്നു. പോരുന്നില്ലെങ്കിൽ വേണ്ട റൂബി, എനിക്ക് ഞാൻ മാത്രം. എന്നും ഞാനൊറ്റക്കായിരുന്നു. നീയായിരുന്നു എന്റെ ജീവനെ ഉണർത്തിയത്. നീയുണ്ടാവും അവസാനംവരെ എന്നു വെറുതെ ഞാൻ മോഹിച്ചു."

കുഞ്ഞിമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവർ ഒരു കരുത്തിനെന്നപോലെ കുട്ടിയായ എന്നെ ചേർത്തുപിടിച്ചു.

"ശരി വരുന്നില്ല, അല്ലേ റൂബി. ഞാൻ പോവും, പോവും." കുഞ്ഞിമ്മ ഉറക്കെ തേങ്ങിയത് ഇപ്പഴും ഓർമ്മയുണ്ട്. ചൂടറ്റ കണ്ണീർകണങ്ങൾ അടർന്നുവീണു.

തൽക്കാലത്തെ ക്ഷോഭം മാറിയാൽ ഉപ്പ വരും, വരും എല്ലാവരും കാത്തു. ഉത്കണ്ഠാപൂർണ്ണമായ കാത്തിരുപ്പ്. ഉപ്പ പിന്നീടൊരിക്കലും പടികടന്നെത്തിയില്ല. പൊള്ളുന്ന മണൽക്കാട്ടിലൂടെയുള്ള യാത്രപോലെയായി കുഞ്ഞിമ്മയുടെ പിന്നത്തെ ജീവിതം. ആർക്കു വേണ്ടിയാണ് പിന്നെ കുഞ്ഞിമ്മ ജീവിച്ചത്? ഒരൊറ്റ നിമിഷംകൊണ്ട് ഉമ്മ എല്ലാം മറന്നുകളഞ്ഞല്ലോ.

" ആരെച്ചൊല്ലിയാണ് വലിയൊരു കാവ്യപ്രപഞ്ചം തന്നെ ഉപേക്ഷിച്ചു ഉപ്പ പോയതെന്ന് എനിക്കറിയാം. ഉമ്മ- എന്തേ- കുഞ്ഞിമ്മ കൂടെ പോകാതിരുന്നത്? നിങ്ങൾ തമ്മിൽ പോരടിക്കരുതെന്ന് കരുതീട്ട്. ഇവിടത്തെ കുട്ടികൾ,ഉപ്പയുടെ കുട്ടികൾ നന്നായി വരണമെന്ന് കരുതിയിട്ട്.

ഇതൊന്നും ഞാൻ പറഞ്ഞില്ല. പറഞ്ഞാൽ വഴക്ക് വർദ്ധിക്കും. ഉമ്മക്ക് അപസ്മാരമുണ്ടാകും. വല്യുമ്മക്ക് തല ചുറ്റലും തുടങ്ങും. വേണ്ട, ഒന്നും വേണ്ട.

മുകളിലെ മുറിയിൽ ചെന്നപ്പോൾ കുഞ്ഞിമ്മ അലമാര തുറന്ന് പാസ്സ് ബുക്കുകൾ,ചെക്ക് ബുക്കുകൾ ഇവ നിലത്തേക്ക് ചൊരിഞ്ഞിട്ട് തിരയുകയായിരുന്നു.

"മതി കുഞ്ഞിമ്മ തിരഞ്ഞത്. കുഞ്ഞിമ്മ ഇപ്പോഴാർക്കും പണം കൊടുക്കാൻ പോണില്ല. ഇവിടത്തെ ആവശ്യങ്ങൾ തീരില്ല കുഞ്ഞിമ്മ. ഈ ജന്മം മുഴുവൻ അധ്വാനിച്ചുണ്ടാക്കികൊടുത്താലും തീരില്ല. മക്കളത് കഴിഞ്ഞാൽ പേരക്കുട്ടികളുടെ. കുഞ്ഞിമ്മക്ക് എന്തെങ്കിലും അസുഖം വന്നാൽ ആരെങ്കിലും നോക്കുന്ന് തോന്നുന്നുണ്ടോ? ഒരു ജന്മം മുഴുവനും മറ്റുള്ളവർക്കായി എരിച്ച് തീർത്ത ആളോട് പറഞ്ഞത് കേട്ടില്ലേ. ജീവിച്ചിരിക്കുന്നെന്നോ മരിച്ചോ എന്ന്". നിലത്തെ നീല പരവതാനിയിലായിരുന്നു. കടലാസ്സുകൾ ചികഞ്ഞിരുന്ന കുഞ്ഞിമ്മയുടെ വിരലുകൾ നിശ്ചലമായി. ഏതെ വേദനയാൽ ആ നെഞ്ച് വിറച്ചു.

എനിക്കോർമ്മവെച്ചത് മുതൽ വീട് ഒരു രാജദർബാറിനെപ്പോലെ ശബ്ദങ്ങൾ നിറഞ്ഞതായിരുന്നു. മുൻവശത്തെ വലിയ ഹാളിൽ കവിയരങ്ങുകളും, കാവ്യസദസ്സുകളും അരങ്ങേറി. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്ന് നാനാ മതസ്തരായ കവികൾ, സാഹിത്യകാരന്മാർ, കാവ്യകലയുടെ ആശയഗാംഭീര്യവും, അർത്ഥ പുഷ്ടിയും തേടിയെത്തി. ഹർഷാവേശത്തോടെ ഉപ്പ എല്ലാവരേയും സ്വീകരിച്ചു. മഹാകവി അമീർഖാന്റെ ഘനഗംഭീരമായ കവിത, പാരായണം ഏത് ശബ്ദത്തിനും മീതെ ആയിരുന്നു. അകത്ത് ബീഗത്തിന് ചായസൽക്കാരം കൊണ്ട് പൊരുതിമുട്ടി. മിത്രങ്ങൾക്കും അപരിചിതർക്കും, ആവശ്യക്കാർക്കും ഉപ്പ വേണ്ട സാമ്പത്തിക സഹായം നൽകിപ്പോന്നു. മുംതാസ് ജനിച്ചതിൽ പിന്നെയാണ് വല്ല്യുമ്മ ഉപ്പയിൽ നിന്നകലാൻ തുടങ്ങിയത്. (മൂത്താപ്പയുടെ മകൻ ഹബീബിക്കയാണ്. പഴയ കഥകളൊക്കെ എനിക്ക് പറഞ്ഞ്തന്നത്. ഉപ്പയുടെ കവിതയുടെ ഘനിമയും ഗരിമയും ഏറെ ആസ്വദിച്ച ഭാഗ്യവാൻ). വല്ല്യുമ്മ കവിതയേയും കവികളേയും വെറുത്തു. വീട്ടിലെ ഉത്സവങ്ങൾ വല്ല്യുമ്മയെ ചൊടിപ്പിച്ചു. അവർ മകളെയെടുത്ത് സ്വന്തം വീട്ടിലേക്ക് ഇറങ്ങിപ്പോയി. ഉപ്പയുടെ കാര്യങ്ങൾ കഷ്ടത്തിലായി. ചായസൽക്കാരങ്ങൾക്കും ആതിഥ്യങ്ങൾക്കും കുറവുകൾ വന്നുതുടങ്ങി. ഉപ്പ തളർന്നു. ഒത്ത്തീർപ്പ് ശ്രമങ്ങൾ ഏറെ നടന്നു. കവിതയെഴുത്ത് നിർത്താതെ പോരില്ലെന്ന് വല്ല്യുമ്മ. അങ്ങനെയാണത്രെ ഉമ്മ ഉപ്പയുടെ ജീവിതത്തിലേക്ക് കടന്നുവന്നത്.

പക്ഷേ ഒരു തമാശയുണ്ടായി. ഉമ്മയെ വീട്ടിൽ കൊണ്ടുവന്ന അന്നുതന്നെ വല്ല്യുമ്മ മുതാസിനെ എടുത്ത് വീട്ടിൽ തിരിച്ചെത്തി. അവരന്നും എങ്ങനെ കഴിഞ്ഞിരുന്നു എന്ന് അറിഞ്ഞ്കൂട. ഏതായാലും പുതിയൊരു കൊടുങ്കാറ്റ് വീശുന്നത് വരെ രജ്ജിപ്പിൽ കഴിഞ്ഞ്വെന്ന് തോന്നുന്നില്ല.

അല തകർത്തുകൊണ്ട് ഓർമ്മകൾ കുഞ്ഞിമ്മയെ ആകെ ഉലയ്ക്കുകയാണ്. അവരുടെ ഹൃദയത്തിന്റെ ഹൃദയവും ആത്മാവിന്റെ ആത്മാവും രസനയുടെ രസനയുമായിരുന്ന ഒരാൾ. ഏതോ ചിന്തകളുടെ ഇലകൊഴിഞ്ഞ കൊമ്പിൽ തളർന്നിരിക്കയാണ് അവരുടെ മനസ്സ്.

ഉപ്പക്ക് കുഞ്ഞിമ്മ ആരായിരുന്നു? എത്ര അടിപതറിയ അവസരത്തിലും കുഞ്ഞിമ്മയുടെ അടുത്ത് പോയാൽ മന്ദസ്മിതംകൊണ്ട് തുടുത്ത മുഖത്തോടെയായിരുന്നത്രെ ഉപ്പ പുറത്തേക്ക് കടന്നിരുന്നത്.

ഉപ്പയും വല്യുമ്മയും കയ്ക്കുന്ന അനുഭവങ്ങൾ ഏറെകൊടുത്തിരിക്കണം. ഇഴ പറഞ്ഞ് തുടങ്ങിയിരുന്ന ഹൃദയബന്ധങ്ങൾ അക്കാലത്ത് കുഞ്ഞിമ്മക്ക് ചുറ്റും ചരിത്രം തിരയടിച്ചിരുന്നുവത്രെ. ഏതോ കവി സമ്മേളനത്തിൽ വെച്ച് കണ്ട്മുട്ടിയതാണെന്ന് ഒരു കൂട്ടർ, ഏതോ സംഗീത വിദ്വാന്റെ വിഭൂഷിയായ മകൾ എന്ന് മറ്റുചിലർ. ഏതായാലും മൂക്കുത്തിയഴിച്ച്, മുല്ലപ്പൂ കളഞ്ഞ് അഗ്രഹാരത്തിൽ നിന്നും അവർ 'അമീർ മൻസിലിൽ" എത്തി. ബ്രാഹ്മണ്യം കിടിലം കൊണ്ടു. ഏകദൈവ സങ്കൽപ ധാരകൾ കോൾമയിർകൊണ്ടു.

ജീവിതം ഒരു പാനോത്സവം പോലെ മദഭരിതമായിരുന്നുവെന്ന് കുഞ്ഞിമ്മ. ഹൃദയത്തിന്റെ ഉൾത്താളങ്ങൾ ഒന്ന് ചേർന്ന് ആത്മാവിനെ തൊട്ട് തഴുകുന്ന സ്നേഹത്തിന്റെ ഉപ്പ് ജീവിതത്തെ രുചികരമാക്കി.

ലോകം മുഴുവൻ ഉറങ്ങി കഴിയുമ്പോൾ ഇരുവരും പുഴക്കരയിലേക്ക് പോകും. കാലുകൾക്ക് കീഴെ തുടിക്കുന്ന ഭൂമി. വിരിഞ്ഞുമലർന്ന നിലാവിന്റെ സമൃദ്ധിയിൽ ഉപ്പ നക്ഷത്രങ്ങൾക്ക് കീഴെ മലർന്ന് കിടക്കും. പുഴക്കരയിലെ ഏകാന്ത സമ്പർക്കങ്ങളിൽ നിറനിലാവിന്റെ വെളിച്ചത്ത് കവിതയെഴുത്ത്.

ഉപ്പ ഏറ്റവുമധികം പ്രണയകവിതകൾ എഴുതിയിട്ടുള്ളത് അക്കാലത്താണത്രെ. പ്രണയ ഭാവനയുടെ ക്ഷീരം അകിട്ചുരത്തി പ്രവഹിച്ചു. ഏറെ മദിര കുടിച്ച ഒരു ഉമ്മത്തനെപ്പോലെ ഉപ്പ കവിതകൾ പറഞ്ഞു കൊടുക്കും. കുഞ്ഞിമ്മ എഴുതിയെടുക്കും.

അക്കാലത്ത് കാവ്യ പ്രചോദനത്തിന്റെ ഉറവിടം കുഞ്ഞിമ്മതന്നെയായിരുന്നു. തുരുതുരെ പുസ്തകങ്ങൾ ഇറങ്ങി. പാരിതോഷികങ്ങൾ, ബഹുമതികൾ, പ്രിയ പ്രേയസിയുടെ പരിരംഭണം എന്റെ കവിതകൾ എന്ന് അഭിമുഖത്തിൽപ്പോലും ഉപ്പ പറഞ്ഞുവത്രെ. സ്നേഹത്തിന്റെ പരിരക്ഷ, പരിലാളന, ഒടുങ്ങാത്ത വിശ്വാസം എല്ലാം ഉപ്പ അറിയുകയായിരുന്നു. തീവ്ര പ്രണയത്തിന്റെ ശാദ്വല ഭൂമിയിൽ സ്വപ്നത്തിന്റേയും ജീവിതത്തിന്റെയും ഉന്മത്ത നൃത്തം.

'വിപഞ്ചികയുടെ
തന്ത്രികളിൽ ചലനം സൃഷ്ടിക്കുന്നവളേ-
നീ എവിടെയാണ്.....
എവിടെയാണ് ....?

ഉപ്പ സദാ മൂളിക്കൊണ്ടിരിക്കും.

കുടുംബ ബന്ധങ്ങളുടെ അയഞ്ഞ കെട്ടുകൾ ഉറപ്പിക്കാൻ കുഞ്ഞിമ്മ ആവുന്നതും ശ്രമിച്ചു. ഉമ്മയേയും വല്യുപ്പയേയും രോഗകാലത്ത് ശുശ്രൂഷിച്ചു. കുട്ടികളുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെട്ടു. എന്നിട്ടും വീട്ടിലെ വേവലാതികൾ അസ്വാരസ്യങ്ങളായി നിശബ്ദം നീറിപ്പടർന്നു. അഗ്നിജ്വാലകളായി ആളിപ്പടർന്നു.

പ്രശസ്തിയുടെ ഉത്തുംഗത്തിലുള്ള ഈ അസ്വൈരതകൾ ഉപ്പ ചുറുചുറുക്കോടെ സഹിക്കുകയായിരുന്നു. ഉമ്മയോടും വല്യുമ്മയോടും ഒരു നീതിനിഷേധവും നടത്താതിരുന്നിട്ടും അവർക്ക് ഉപ്പ തെറ്റുകാരനായി.

എന്റെ കുട്ടിക്കാലത്ത് കുഞ്ഞിമ്മയുടെ കൂടെയായിരുന്നു ഉറക്കം. കുട്ടികൾ ഉറങ്ങാനായി ഉമ്മയും വല്യുമ്മയും മലക്കുകളുടെയും ജിന്നുകളുടെയും കഥകൾ കേൾപ്പിക്കുമ്പോൾ കുഞ്ഞിമ്മ ഗന്ധർവ്വന്മാരുടെ ദേവന്മാരുടെയും കഥകൾ എനിക്ക് പറഞ്ഞുതന്നു. ബ്രഹ്മചാരികൾ സ്വരിച്ചു പാടുന്ന വേദമന്ത്രധ്വനികൾ കേൾപ്പിച്ചു. മരണാനന്തര രഹസ്യം മൂന്നാമത്തെ വരവായി അർത്ഥിച്ച നചികേതസ്സിന്റെ കഥ പറഞ്ഞു. ആരുമറിയാതെ കുഞ്ഞിമ്മ എന്നെ സംസ്കൃതം പഠിപ്പിച്ചു. ആത്മസത്തയേയും പരമസത്തയേയും കുറിച്ച് പറഞ്ഞുകേൾപ്പിച്ചു.

ലോഭമില്ലാതെ പണം എടുത്തു ചെലവാക്കുന്നത് ഞാൻ തടയുമ്പോൾ ഇപ്പോഴും കുഞ്ഞിമ്മ പറയും 'ഇദം ന' ഇതെന്റേതല്ല.

പലപ്പോഴും ഗാർഹിക പ്രശ്നങ്ങളിൽ ഉരുകി വേദനിക്കുന്ന കുഞ്ഞിമ്മയെ നോക്കി ഉപ്പ ഉച്ചത്തിൽ പാടിയിരുന്നത് ഇന്നും ഓർക്കുന്നു.

'ദിലേനാദാൻ തുജേ
ഹുവാ ക്യാഹേ?
ആഖിർ ഇസ്ദർദ് കീ
ദ്വ ക്യാഹെ'

ഇത് പാടിക്കഴിഞ്ഞ് ഉപ്പ ഉറക്കെ പൊട്ടിച്ചിരിക്കും. കുഞ്ഞിമ്മ പുഞ്ചിരി തൂകും.

ഹൃദയത്തിന്റെ കഥയില്ലായ്മകൾക്കും അതിന്റെ തീവ്ര വ്യഥകൾക്കും ചികിത്സ അന്വേഷിച്ച് അവസാനം ഉപ്പ എവിടെപ്പോയി? ഉത്തരേന്ത്യയിലെ ഏതോ നവാബിനെ രസിപ്പിക്കാൻ ദർബാർ ഹാളിൽ കവിത ചൊല്ലുന്നുണ്ടാവുമോ? അതോ ഏതെങ്കിലും സൂഫിമാത്തിലോ ദർഗ്ഗയിലോ പ്രാർത്ഥനയിൽ മുഴുകിക്കഴിയുകയോ?

കവിതയുടെ പ്രണയഭാജനം, ഭാഷയുടെ അഭിമാന ഭാജനം, നാടിന്റെ അപൂർവ്വ പ്രതിഭ! എവിടെപ്പോയി ഇന്നാ അത്ഭുത പ്രതിഭ?

ഏതോ നവാബിനും സിൽബന്ധികൾക്കുംവേണ്ടി ഉപ്പ പാടുന്നുണ്ടാവുമോ? 'ദിൽ ആപ്കാ കേദിൽ മേ ഹെ ജോ കുച്ഛ് സബ് ആപ്കാ ദിൽ ലിജിയേ മഗർ മേരെ അർമാൻ നികാൽ കേ' കുഞ്ഞിമ്മയുടെ ഗദ്ഗദംപോലെ പശ്ചാത്തല സംഗീതം ഉയരുന്നുണ്ടാവും.

ഈ ഹൃദയത്തിനകത്തുള്ള സകലതും അങ്ങയുടേതാണോ? എങ്കിൽ എടുത്തുകൊള്ളൂ. പക്ഷേ അതിനുള്ളിൽ തുടിക്കുന്ന മോഹങ്ങളുണ്ടല്ലോ. അത് തീർച്ചയായും തിരികെ കിട്ടണം.

കുഞ്ഞിമ്മയുടെ ഹൃദയത്തിൽ തപസ്സിന്റെ അഗ്നിയുണ്ട്. സ്നേഹത്തിന്റെ അഗ്നി. കാത്തിരിപ്പിന്റെ തപസ്സ്. രക്തത്തിന്റേയും മാംസത്തിന്റേയും സ്വപ്നത്തിന്റേയും ആകെത്തുകയായ ഈ ജീവിതം അവരോട് നീതികാണിച്ചുവോ?

കുട്ടിക്കാലം മുതൽ പ്രണയവും പോരുകളും സ്നേഹവും രോഷവും പാരസ്പര്യവും വിഘടനതയും ഇതൊക്കെ കണ്ട് വളർന്നവനാണ് ഞാൻ. അതുകൊണ്ടുതന്നെ മനസ്സേറെ തളർന്നുപോയി. ഉമ്മ എത്ര നിർബന്ധിച്ചിട്ടും, വല്യുമ്മ എത്ര പറഞ്ഞിട്ടും ഞാൻ വിവാഹം കഴിക്കാൻ മടിക്കുന്നത് അതുകൊണ്ടാണ്. കുഞ്ഞിമ്മ മാത്രം നിർബന്ധിക്കില്ല.

"നിന്റെ ജീവിതം അതെടുത്ത് ചൂത് കളിക്കാൻ ആർക്കവകാശം! നീ സ്വന്തം വഴിയിലൂടെ മാത്രം നീങ്ങണം. എന്നാൽ ഒന്നറിഞ്ഞുകൊള്ളൂ. മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് അടക്കമില്ല. സംതൃപ്തിയിലേക്കുള്ള ആദ്യത്തെ പടി ഇന്ദ്രിയ നിഗ്രഹമാണ്. അഥവാ ദമാ."

ഉപ്പയുടെയും കുഞ്ഞിമ്മയുടെയും സല്ലാപങ്ങളും വിലാപങ്ങളും ഒരു ചന്ദന സുഗന്ധമായി. അതിന്റെ ഓർമ്മകൾ എന്നെ ഉന്മത്തനാക്കുന്നു. സ്നേഹത്തിന്റെ ആ സുകൃതങ്ങളേയും. എന്നാൽ അറ്റമില്ലാത്ത വേദനകളെ മറക്കുവാനും വയ്യ. ശരീരത്തിൽ ഭ്രമിച്ചും രമിച്ചും കഴിക്കുകയല്ല യഥാർത്ഥ സ്നേഹം. തീഷ്ണസ്നേഹത്തിന്റെ അമൃത് ഒരു വശത്ത്. അസഹ്യമായ വെറുപ്പിന്റെ കാളകൂടം മറുവശത്ത്. എന്തൊക്കെ ഓർമ്മകളാണ്....! കുഞ്ഞിമ്മയുടെ ഈ ഉരുകിയൊഴുകുന്ന അശ്രുവിന് എന്തൊക്കെ ഓർമ്മകളാവാം.

അസറിന്റെ ബാങ്ക് മുഴങ്ങി. ഞാൻ കുഞ്ഞിമ്മയെ മോഹനിദ്രയിൽ നിന്നുണർത്തി. ഞാനും കുഞ്ഞിമ്മയും വുളു എടുത്തു....

പ്രാർത്ഥനയാൽ കൂമ്പിയ ഹൃദയത്തോടെ കുഞ്ഞിമ്മ മക്കക്ക് നേരെ തലകുനിച്ചു. "അല്ലാഹു അക്ബർ....."

പ്രാർത്ഥനയിൽ അവരുടെ ചുണ്ടുകൾ വിറച്ചു. "ബിസ്മില്ലാഹിറഹ്മാനി റഹീം കുൽഹു വല്ലാഹു അഹമദ്..... "അല്ലാഹുസ്സമദ്......."

മൂന്നാമത്തെ റക് അത്ത് ആയപ്പോഴേക്കും കുഞ്ഞിമ്മ നിസ്ക്കാര വിരിപ്പിലേക്ക് വീണു. ഏതോ മോഹാലസ്യത്തിലേക്ക് വഴുതി വീഴും മുമ്പ് അവർ പിറുപിറുത്തു..... ആമീൻ.......

എനിക്കാരേയും വിളിക്കാൻ തോന്നിയില്ല. ആരെവിളിച്ചു കൂട്ടാനാണ്. ഏത് മഹാ വൈദ്യരാണ് കുഞ്ഞിമ്മയുടെ മോഹാലസ്യം മാറ്റുക. ആരുടെ ചുറ്റുമാണ് അവരുടെ ആത്മാവ് ചിറക് വീശിപ്പറക്കുന്നത്. ആ ജീവന്റെ നിലനിൽപ്പാണ് ഉമ്മ സന്ദേഹപ്പെട്ടത്, രോഷപ്പെട്ടത്. ഹൃദയം മുഴുവനും സ്നേഹം നിറച്ച് കാത്തിരിക്കുന്ന ഈ സാധുവിന്റെ നെഞ്ചിലാണ് ആ മൂർച്ചയുള്ള വാൾ കത്തിയിറക്കിയത്.


എത്രനേരം ഞാൻ കുഞ്ഞിമ്മക്കരികെ ഇരുന്നു എന്ന് അറിഞ്ഞുടാ. അടഞ്ഞ അവരുടെ കൺമുമ്പിലൂടെ ഒരു പുഴ ഒഴുകി മറയുന്നുണ്ടെന്ന് എനിക്ക് തോന്നി.

ഒരു യുഗത്തിന് ശേഷമെന്നത്പോലെ കുഞ്ഞിമ്മ കണ്ണ് തുറന്നു. സ്വയം അടർത്തിമാറ്റിക്കൊണ്ട് വിശാലമായ ഒരു ലോകം അകമേ സൃഷ്ടിക്കുകയാണോ? അവരുടെ മുഖത്തേ യൗവനം അസ്തമിച്ചിരുന്നു. എനിക്ക് മനസ്സിലായി അവർ വാർദ്ധക്യത്തിലെത്തി നിൽക്കുകയാണ്. വേദനയുടെ അപാര സംഗീതമാണ് എന്നെ നോക്കുന്ന ആ കണ്ണുകളിൽ തിരയടിക്കുന്നത്.

ആരേയോ കാത്തിരുന്നിരുന്ന ആ കണ്ണുകൾ - അവയിലെ നോട്ടം പതറിപ്പതറി എന്റെ കാലുകളിൽ ഉടക്കി. ഉപ്പയുടേത് പോലെയാണ് എന്റെയും കാലുകൾ എന്ന് കുഞ്ഞിമ്മ എപ്പോഴും പറഞ്ഞിരുന്നു. കുഞ്ഞിമ്മ കാൽ മടക്കി നിലത്തിരുന്ന എന്റെ കാലടിയെ വിരൽകൊണ്ട് തൊട്ടുകണ്ണിൽ ചേർത്തു.

ചുണ്ടിൽ ഒരു അതീവ ശാന്തത. പിന്നീട് ഏതോ അജ്ഞാത വിതാനങ്ങൾക്കപ്പുറത്തേക്ക് കുഞ്ഞിമ്മയുടെ നോട്ടം പാളി വീണു. ●

കഥ



എം.എസ്. കുമാർ.

# ഒരു ജനകീയ കഥ

യഥാ രാജാ തഥാ പ്രജാ എന്നത് പഴയ ആപ്തവാക്യമാകുന്നു. ജനാധിപത്യയുഗത്തിൽ യഥാ പ്രജ തഥാ രാജാ എന്നായി. പ്രജകൾക്കനുസരിച്ച ഭരണാധികാരി എന്നർത്ഥം.

തൃപ്രങ്ങോട് അസംബ്ലി നിയോജകമണ്ഡലം പട്ടികജാതി സംവരണമായിട്ട് മൂന്ന് പതിറ്റാണ്ടായി. ആദ്യത്തെ എം.എൽ.എ.ശ്രീ കുഞ്ഞപ്പനായിരുന്നു. എഴുതാനും വായിക്കാനും അറിയാതിരുന്ന പി.പി.കുഞ്ഞപ്പൻ തന്റെ പേര് മത്തങ്ങയോളം വലുതാക്കി വരച്ച് ഷ്പ്ര എന്നു ഒപ്പുവെച്ചു വരുമ്പോഴേക്കും കടലാസു തീർന്നെന്നിരിക്കും. എങ്കിലും തൃപ്രങ്ങോട്ടെ സമ്മതിദായകരുടെ കൂടുതൽ വോട്ടു കിട്ടിയ കുഞ്ഞപ്പൻ എം.എൽ.എ ആയി.

അരിമ്പൂരത്തുമനക്കലെ കന്നുനോക്കുകാരനും കാര്യക്കാരനുമായ കുഞ്ഞൻ രാഷ്ട്രീയത്തിലിറങ്ങിയതിനൊരു നാൾവഴിയുണ്ട്. ആദ്യം കോൺഗ്രസ്സുകാരനും, പിന്നെ കമ്മ്യൂണിസ്റ്റും ഒടുവിൽ ആത്മീയവാദിയുമായിത്തീർന്ന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കുടയും സഞ്ചിയും പിടിച്ച് കൂടെ നടക്കലായിരുന്നു പ്രധാന പണി. സഞ്ചിയിൽ മുറുക്കാൻ ചെല്ലവും ചുക്കുവെള്ളവുമായിരിക്കും. സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ചുരുക്കപ്പേര് തുപ്പൻ എന്നായിരുന്നു. തിരുമേനി ഒരുതവണ പഞ്ചായത്തുമെമ്പറായിട്ടുണ്ട്.

നിയോജകമണ്ഡലം സംവരണമായപ്പോൾ കുഞ്ഞന്റെ പേര് തുപ്പൻനമ്പൂതിരിതന്നെയാണു നിർദ്ദേശിച്ചത്. വെറും കുഞ്ഞൻ കുഞ്ഞപ്പനായി. കൈതോലയിൽ വാഴയില തലയണയാക്കിവെച്ച് മലർന്നുകിടന്നിരുന്ന കുഞ്ഞപ്പൻ എം.എൽ.എ ക്വോർട്ടേഴ്സിലെ പത്താം നമ്പർ മുറിയിൽ കിടന്ന ആദ്യരാത്രി ഉറങ്ങിയില്ല. പിറ്റേന്നു പകലും രാത്രിയും നീണ്ട ഉറക്കവുമായി.

കാലത്ത് അസംബ്ളിയുടെ വാണിംഗ് കേട്ടാൽ കുഞ്ഞപ്പൻ എം.എൽ.എ ഞെട്ടിയുണരും. മുഖം കഴുകി വെള്ളം കവിളിത്തുപ്പും, ഒരു തുള്ളി വെളിച്ചെണ്ണയും പച്ചവെള്ളവും കൂട്ടിക്കശക്കി തല മിനുക്കും. കുളിക്കാൻ സമയം കിട്ടാത്തതിനാൽ അക്കാര്യം മറക്കും.

കാലം മാറിയതോടെ കുഞ്ഞപ്പൻ എം.എൽ.എ യും മാറി. സൗമ്യമായി പെരുമാറിയിരുന്ന കുഞ്ഞപ്പൻ കർശക്കനായി. പേരു നേരെ എഴുതി ഒപ്പിടാനും ഓരോ മുറി ഇംഗ്ലീഷു പറയാനും ശീലിച്ചു. നാടുനന്നായില്ലെങ്കിലും വീടും കുടുംബവും നന്നായി.

നാലാം ടേമിൽ കുഞ്ഞപ്പന് വേണ്ടപോലെ ഭൂരിപക്ഷം കിട്ടിയില്ല. തൊണ്ണൂറ്റിഒമ്പതു വോട്ടിന്ന് കഷ്ടിച്ചു രക്ഷപ്പെട്ടു. അപ്പോഴേക്കും തൃപ്രങ്ങോട് ജനറൽ സീറ്റായി. ആർക്കും മത്സരിക്കാം. കുഞ്ഞപ്പൻ അപ്രസക്തനായി. കോടികളുടെ ആസ്തിയായല്ലോ. ഇനി എം.എൽ.എ പണി വേണ്ട.

എന്നും ന്യൂനപക്ഷക്കാരനും പിന്നോക്കക്കാരനും തങ്ങളെ ഭരിച്ചുവന്നതിൽ മിഡിൽക്ലാസ് കുടുംബങ്ങളും അരാഷ്ട്രീയക്കാരും ആശ്വസിച്ചു. രണ്ടു മുന്നണികളിലും ഇനി ആരുവരുമെന്നാവോ.

പൗരമുന്നണിയും ജനാധിപത്യമുന്നണിയും കൊണ്ടുപിടിച്ചാലോചിച്ചു. തൃപ്രങ്ങോടു വിട്ടുകൊടുക്കില്ലെന്ന് പൗരമുന്നണിയും,പിടിച്ചെടുക്കണമെന്ന് ജനാധിപത്യക്കാരും വീറോടെ ആഗ്രഹിച്ചു. പൗരമുന്നണി സ്ഥാനാർത്ഥിയെ എളുപ്പം പ്രഖ്യാപിച്ചു. ട്രേഡു യൂണിയൻ നേതാവും മധ്യവർഗ്ഗക്കാരനുമായ ഹംസക്കുട്ടി. മൂന്നിലൊന്ന് ന്യൂനപക്ഷവോട്ടുകളുള്ളതിനാൽ ഹംസക്കുട്ടിക്കു സാദ്ധ്യതയേറെ.

ജനാധിപത്യമുന്നണി കുഴപ്പത്തിലായിരുന്നു. കുപ്പായം തുന്നിയവർ ഏറെ. തർക്കം സംസ്ഥാനത്തിലൊതുങ്ങിയില്ല. ആരു നിന്നാലും റബലുണ്ടാകും.

കേന്ദ്ര നേതൃത്വം കൂടിയാലോചിച്ചു. തൃപ്രങ്ങാട് പത്തിരുപതിനായിരം വോട്ടർമാർ പുതിയ തലമുറയാണ്. അഭ്യസ്തവിദ്യർ. ഒരു ജാഥയിലും പങ്കെടുക്കാത്തവർ. നമുക്കൊരു ഐ.ടി. ബിരുദധാരിയായ ചെറുപ്പക്കാരനെ അയക്കാം.

യങ്ങുട്ടർക്ക് സുരേഷ് ബാബു ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി. മുന്നണിയിൽ തന്നെ അതൃപ്തിയുണ്ടായി. സുരേഷ് നാട്ടിലിറങ്ങി. ആദ്യം ഹംസക്കുട്ടിയെ കണ്ടു. എനിക്ക് രാഷ്ട്രീയത്തിലൊന്നും പരിചയമില്ല. അങ്ങ് ജനസമ്മതനും തൊഴിലാളിനേതാവുമാണെന്നറിയാം. ഞാൻ തിരഞ്ഞെടുപ്പിനു നിൽക്കുകയാണ്. അങ്ങുമായി മത്സരിക്കുകയല്ല.



ഹംസക്കുട്ടി സുരേഷിന്റെ പുറത്തുതട്ടി സമാധാനിപ്പിച്ചു. “ജനാധിപത്യത്തിൽ അങ്ങനെയൊന്നുമില്ലെടോ” ജനം എങ്ങോട്ടുതിരിയുമെന്നാർക്കും പറയാനാവില്ല. ....” പിന്നെ അയാൾ സ്വയം പറഞ്ഞു. നല്ലൊരു ചെറുപ്പക്കാരൻ.

സുരേഷ് നാട്ടിലെ മൊബൈൽ നമ്പറുകൾ ശേഖരിച്ചു. ഞാനൊരു സ്ഥാനാർത്ഥിയാണ്. നിങ്ങളുടെ ഒരു സഹോദരൻ. പ്ലീസ് വോട്ട് മീ....

ആയിരക്കണക്കിന് എസ്.എം.എസ് പറന്നു. ഫേസ്ബുക്കുകളിൽ തന്റെ എളിയ അഭ്യർത്ഥന പ്രചരിപ്പിച്ചു. സംഘടനായോഗങ്ങളും, കുടുംബയോഗങ്ങളും കോർണർ യോഗങ്ങളുമായി ഹംസക്കുട്ടിയും പൗരമുന്നണിയുമായും മുന്നേറി. ജനങ്ങൾക്ക് ഹംസക്കുട്ടിയെ പരിചയപ്പെടുത്തേണ്ടതില്ല. പ്രവർത്തകർക്ക് ആത്മവിശ്വാസം.

മിഡിൽക്ലാസ് കുടുംബങ്ങൾ ,അത്യാവശ്യം സവർണ്ണബോധമുള്ളവർ,സ്ഥാനികൾ,അവർ നിശ്ശബ്ദ വോട്ടുകളായിരുന്നു. സുരേഷ് ബാബു അവരെ കണ്ടു. “ഒരാനുകൂല്യവും ലഭിക്കാത്ത ഒരു നായർ ചെക്കനാണീ ഞാൻ...”

ചെറുപ്പക്കാരുടെ ഗാങ്ങുകൾ സന്ദർശിച്ചു. വൈകുന്നേരം നൂറടിക്കാത്തവർ ചുരുക്കമാണെന്നു മനസ്സിലാക്കി. ഒരാളെ കെയ്സ് കണക്കിന് മദ്യം മിറക്കാൻ പ്ലാൻ ചെയ്തു. ഓരോ വാർഡിലും അത്തരം “സ്മാൾ ക്ലിക്കുകളുണ്ടാക്കി.ഗുണ്ടാലിസ്റ്റിലുള്ളവരെ സ്റ്റേഷനിലുള്ള ലിസ്റ്റു നോക്കി പഠിച്ചു. ഓരോരുത്തരേയും വ്യക്തിപരമായി കണ്ടു. ഞാൻ നിങ്ങളുടെ ആളാ...

അവിചാരിതമായി തന്റെ വീട്ടിലേക്ക് ഒരു സന്ധ്യയിൽ കയറിവന്ന കല്യാണിക്കുട്ടി ഒരു നിമിഷം അന്തിച്ചുനിന്നു. ഒരു പരിചയവുമില്ലല്ലോ. ഇനി എപ്പോഴെങ്കിലും തന്റെ അടുത്തു വന്ന കോളേജുകുട്ടികളാരെങ്കിലുമായിരിക്കുമോ? പറ്റുവടി ഏജന്റായി നൊണ്ടിൽ പത്മനാഭൻ പരിചയപ്പെടുത്തി. കല്യാണിക്കുട്ട്യേ.. ഇക്കുറി നമ്മുടെ സ്ഥാനാർത്ഥിയാണ് സുരേഷ്. നിന്റെ സഹായം ണ്ടാവണം. പറ്റുന്നവരോടെല്ലാം പറയണം. കാശു വേണെങ്കിൽ പറഞ്ഞോ.

അയ്യോ കാശൊന്നും വെറുതെ വേണ്ട. വേണെങ്കിൽ കാശില്ലാതെതന്നെ. നിങ്ങളുടെ സഹായം ഉണ്ടായാൽ മതി.

ഓ...

പതിവിലേറെ വീറും വാശിയുമുള്ള തിരഞ്ഞെടുപ്പായിരുന്നു. തൊണ്ണൂറ്റഞ്ചു ശതമാനം പോളിംഗ്. പുതിയവരും പഴയവരും കഴിഞ്ഞ മുപ്പതുവർഷമായി വോട്ടിങ്ങിന്നിറങ്ങാത്തവരും വോട്ടു ചെയ്തു.

കൗണ്ടിംഗിനു മുമ്പുള്ള രണ്ടുദിവസം ഇരുമുന്നണികളും വിജയം അവകാശപ്പെട്ടു. പുതിയ വോട്ടർമാർ നിർണ്ണായകഘടകം. മിഡിൽക്ലാസും,അപ്പർക്ലാസും,സവർണ്ണരും അവർ ആരുമിളകിയത് പ്രവചനത്തിന്നതീതമാകുന്നു.

വോട്ടെണ്ണുന്ന കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ സുരേഷ്ബാബുവും,ഹംസക്കുട്ടിയും അടുത്തടുത്തിരുന്നു. പുറത്ത് പൗരമുന്നണി വ്യാപകമായി സംഘടിച്ചിരുന്നു. സുനിശ്ചിത ഫലം കാത്ത്. ഹംസക്കുട്ടിയുടെ ജന്മനാടായ തലപ്പിള്ളി പഞ്ചായത്തിൽ സുരേഷ് ബാബുവിന് നൂറുവോട്ടു ഭൂരിപക്ഷം. ജനാധിപത്യമുന്നണി അഞ്ഞൂറു വോട്ട് കണക്കാക്കിയ സ്ഥലം. സുരേഷ്ബാബു എഴുന്നേറ്റു. ഹംസക്കുട്ടിയുടെ മുഖത്തു ചിരി. അവന്റെ ഭൂരിപക്ഷം മുൻകാലത്തേക്കാൾ കുറഞ്ഞിരിക്കുന്നു.

ഓരോ പഞ്ചായത്ത് എണ്ണിത്തീരുമ്പോഴും നൂറും ഇരുന്നൂറും വോട്ടുകൾ ജനാധിപത്യമുന്നണിക്ക് കൂടവെ പുറത്തെ പൗരമുന്നണി മുങ്ങിത്തുടങ്ങി. പുതിയ ആരവമുയർന്നു. കൈകളിൽ സോഡാക്കുപ്പികൾ,കുറുവടികൾ, അശ്ലീല മുദ്രാവാക്യങ്ങൾ.


സുരേഷ്ബാബുവിന് മൂവായിരം വോട്ടിന്റെ ഭൂരിപക്ഷം. വന്ദ്യവയോധികനായി അരിമ്പൂരത്ത് തുപ്പൻ നമ്പൂതിരിപ്പാട് ഇലക്ഷൻ റിസൽട്ടറിഞ്ഞ് കാർക്കിച്ചു. മുറുക്കാൻ നിറഞ്ഞ വായാൽ അസ്പഷ്ടമായി പറഞ്ഞു. യഥാ പ്രജാ തഥാ രാജാ! ജനാധിപത്യം ഇങ്ങിനെയൊക്കെയാണിപ്പോൾ....

അദ്ദേഹം പതുക്കെ എഴുന്നേറ്റു നടന്ന് തൊടിയിലേക്കു തുപ്പി. കട്ടച്ചോരനിറം....!

●

**അനുഭവം**

# സത്യയുഗത്തിലെ ഒരു സന്യാസി




പ്രഭാകരൻ വരക്കൽ

എല്ലാം ഉണ്ടായിട്ടും ഒന്നും വേണ്ടാത്താ വരായി ലോകത്ത് ഒരൊറ്റ കൂട്ടരെ ഉള്ളു. അത് നമ്മുടെ ഭാരതത്തിലെ ഋഷി ശ്വരന്മാരാണ്. നിഷ്കാമ പ്രവർത്തനത്തിലൂടെ ലോകത്തിന് മുഴുവൻ വെളിച്ചം പകർന്ന്കൊടുത്തവർ ലോകഃ സമസ്താഃ സുഖിനോ ഭവന്തു എന്ന് പ്രാർത്ഥിച്ചവർ! ഓരോ ഋഷിയും ഒരോ ശാസ്ത്രജ്ഞനാണ്. എല്ലാ അറിവും അവരുടെ അറിവിന്റെ ബാക്കി പാത്രമാണ്.

ത്യാഗഭൂമിയായ ഭാരതം ഋഷികളുടെ നാടാണ്. ജനനിയും ജന്മഭൂമിയുമായ ഭാരത ഭൂമി നമുക്ക് സ്വർഗ്ഗ ത്തേക്കാൾ പ്രിയ ങ്കരമാണ്. ദൈവത്തിന്റെ സ്വന്തം നാടായ ഈ നാട് വിദേശികൾക്കും പ്രിയങ്കരമാണ്. ലോകത്ത് നല്ലവരായി ജീവിച്ച് മരിച്ചവർ ഭാരതത്തിൽ പുനർജനിക്കുമെന്ന് ഒരു ചൈനീസ് പഴമൊഴി തന്നെയുണ്ട്. ഇനിയൊരു ജന്മമുണ്ടെങ്കിൽ അത് ഭാരതത്തിൽ ആയിരിക്കേണമേ എന്ന് എഴുതിവെച്ച് ഗംഗയിൽ ചാടി ആത്മത്യാഗം ചെയ്ത പ്രസിദ്ധ ജർമ്മൻ ചിന്തകനായ മാർക്സ്മുള്ളറുടെ ജീവിത സന്ദേശം ഇന്നും നമ്മേ കോൾമയിൽ കൊള്ളിക്കുന്നു.

പരിത്രാണാം ച സാധൂനാം<br>
വിനാശായ ച ദുഷ്കൃതാം<br>
ധർമ്മ സംസ്ഥാപനാർത്ഥായ<br>
സംഭവാമി യുഗേ യുഗേ

സജ്ജനങ്ങളുടെ നന്മക്കും ദുർജ്ജനങ്ങളുടെ വിനാശത്തിനും ധർമ്മത്തിന്റെ പുനഃസ്ഥാപനത്തിനും വേണ്ടി ഞാൻ യുഗം തോറും അവതരിക്കുന്നു. ഭഗവാൻ അന്ന് പറഞ്ഞത് ഇന്നും



ശ്രീധരസ്വാമി തിരുവടികൾ

സംഭവിച്ച്കൊണ്ടിരിക്കുന്നു. ഒരിക്കലും ഒളിമങ്ങാത്ത എത്രയെത്ര തേജസ്വികളാണ് ലോക ഹിതത്തിനായി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ശാന്തിയുടെയും ത്യാഗത്തിന്റെയും മൂർത്തീഭാവമായി പുതിയൊരുപ്രകാശം വർഷിച്ചു ബുദ്ധപൌർണ്ണമിയായി ഉദിച്ചുയർന്ന ശ്രീ ബുദ്ധ ദേവൻ.

ദൈവവും നിങ്ങളും ഒന്നു തന്നെയാണെന്നും നിങ്ങൾക്കും ദൈവത്തിനും തമ്മിൽ ഒരു വ്യത്യാസവും ഇല്ലെന്നുമുള്ള അദ്വൈത സിദ്ധാന്തത്തിലൂടെ അറിവിന്റെ സർവ്വജ്ഞപീഠം കയറിയ ആദിശങ്കരൻ.

ആദിശങ്കരൻ സാക്ഷാൽ ശിവശങ്കരൻ തന്നെയാണെന്ന് ആത്മജ്ഞാനികൾ പറയുന്നു.

ലോകരാഷ്ട്രങ്ങളെ സഹിഷ്ണുതയും സർവ്വധർമ്മ സമഭാവനയും പഠിപ്പിച്ച് ഭാരതത്തിന്റെ കീർത്തി വാനോളം ഉയർത്തിയ മഹായോഗി സ്വാമി വിവേകാനന്ദൻ.

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി നാനാത്വത്തിൽ ഏകത്വം ദർശിച്ച് സർവ്വമത സമുന്വയവും വിശ്വമാനവികതയും സാധനയാക്കി ഹിന്ദു ധർമ്മത്തിനേറ്റ കറ കഴുകി കളഞ്ഞ് ഹിന്ദുത്വത്തിന്റെ അശ്വമേധയാഗം ജയിച്ച് ദിഗ്വിജയിയായ ശ്രീനാരായണ ഗുരുദേവൻ തുടങ്ങി എത്രയെത്ര മഹാത്മാക്കാൾ.

ഈ മണ്ണിൽ ജീവിച്ചുമരിച്ച മഹാത്മാക്കൾ നമ്മുടെ പൂർവ്വികരാണ്. ഇവരുടെ കാൽപ്പാടുകൾ പിൻതുടർന്നാൽ യഥാർത്ഥ ദേശാഭിമാനവും ഭാരതീയ സംസ്ക്കാരവും വളർത്തിയെടുക്കാം. ചിക്കാഗോയിലെ ലോക മത സമ്മേളനത്തിൽ പങ്കെടുത്ത് ലോകം കീഴടക്കിയ ശേഷം ഭാരതത്തിൽ മടങ്ങിയെത്തിയ സ്വാമി വിവേകാനന്ദൻ ആദ്യം ചെയ്തത് ഈ മണ്ണിൽ കിടന്നുരുളുകയായിരുന്നു. കാരണം ചോദിച്ചപ്പോൾ സ്വാമിജി പറഞ്ഞു വിദേശത്ത് പോയതിന്റെ പാപങ്ങൾ എന്റെ മനസ്സിനെ സ്പർശിച്ചിട്ടില്ല. ശരീരത്തിൽ പറ്റിയിട്ടുണ്ടെങ്കിൽ അത് കഴുകി കളയണം. പവിത്രമായ ഈ മണ്ണിൽ കിടന്നുരുണ്ടാൽ ആ പാപം കഴുകികളയാം. ഇതായിരിക്കണം നമ്മുടെയും രാഷ്ട്രസ്നേഹം.

നമ്മുടെ രാജ്യം പോലെ മറ്റൊരു രാജ്യവും ഇല്ല നമ്മുടെ മതംപോലെ മറ്റൊരു മതവും ഇല്ല. നമ്മുടെ ധർമ്മം പോലെ മറ്റൊരു ധർമ്മവും ഇല്ല നമ്മുടെ പുരാണം കൂടി ശാസ്ത്രമാണ്. ഇന്നത്തെ എല്ലാ മൂല്യച്യുതികൾക്കും കാരണം നമ്മൾ നമ്മുടെ ആചാരാനുഷ്ഠാനങ്ങളും മത ചരിത്രവും തത്ത്വചിന്തയും അറിയാതെപോയതും പാശ്ചാത്യരെ അനുകരിച്ചതുമാണ്.

തിരക്ക് പിടിച്ച് ഇന്നത്തെ ജീവിത സാഹചര്യത്തിൽ ഈശ്വരചിന്തകൊണ്ടും ആർക്കും സമയമില്ല.

പുത്തൻ തലമുറ ഈശ്വര വിശ്വാസവും ഭയഭക്തിയും മനുഷ്യസ്നേഹവും ഇല്ലാത്തവരായിരിക്കുന്നു. ഈ കലിയുഗത്തിൽ ധർമ്മം ക്ഷയിക്കുമെന്നും അധർമ്മം പെരുകുമെന്നും ശാസ്ത്രം പറയുന്നു. പുണ്യഭൂമിയായ കേരളം ത്രേതായുഗാവസാനം പ്രളയത്തിൽപ്പെട്ട് ഭൂരിഭാഗവും കടലെടുത്തു. പിൻകാലത്ത് പരശുരാമൻ തന്റെ മഴുവെറിഞ്ഞ് പ്രളയത്തെ അകറ്റി വടക്ക് ഗോകർണ്ണം മുതൽ തെക്ക് കന്യാകുമാരിവരേയും കിഴക്ക് സഹ്യസാനുവിന്റെ പടിഞ്ഞാറുഭാഗത്തുള്ള മുഴുവൻ സ്ഥലവും വീണ്ടെടുത്തു. ഒരു ദിവസം പരശുരാമൻ താൻ വീണ്ടെടുത്ത കേരള കരയിലൂടെ നടന്ന് പോകുമ്പോൾ കലി അട്ടഹസിച്ച്കൊണ്ട് ഓടിവരുന്നത് കണ്ടു. താൻ നേടിയെടുത്ത കേരളത്തിൽ കലിബാധ ഏൽക്കുന്നത് പരശുരാമന് തീരേ ഇഷ്ടപ്പെട്ടില്ല. സ്വാമി കലിയെ പിടിച്ച് കെട്ടി പ്രഹരിച്ചു. തത്സമയത്ത് അവിടെ ദേവന്മാരും ത്രിമൂർത്തികളും പ്രത്യക്ഷപ്പെട്ടു. കലിയെ അഴിച്ച് വിടുവാൻ ആവശ്യപ്പെടുകയും ചെയ്തു. താൻ കടലിൽ നിന്നും നേടിയെടുത്ത കേരളത്തിൽ കലിബാധ ഉണ്ടാകുകയില്ലെന്ന് ഉറപ്പ് തരുവാൻ ത്രിമൂർത്തികളോട് തിരിച്ചാവശ്യപ്പെട്ടു. അങ്ങനെയെങ്കിൽ ജനങ്ങൾ ക്ഷേത്രദർശനവും ഈശ്വരാരാധനയും ചെയ്യട്ടെ! ത്രിമൂർത്തികൾ അറിയിച്ചു. അപ്രകാരം പരശുരാമൻ ജനങ്ങൾക്കുവേണ്ടി നിരവധി ദുർഗ്ഗാലയങ്ങളും ശിവാലയങ്ങളും ശാസ്താലയങ്ങളും നിർമ്മിച്ച് പ്രതിഷ്ഠനടത്തി ഇത്രയേറെ ക്ഷേത്ര പ്രതിഷ്ഠ നടത്തിയ ഒരവതാരവും വേറെയില്ല. ക്ഷേത്ര പരിരക്ഷ നടത്തുന്നതിന് അന്നത്തെ രാജാക്കന്മാരേയും പൂജാവിധികളും മന്ത്രതന്ത്രാദികർമ്മങ്ങളും നമ്പൂതിരിമാരേയും ഏൽപ്പിച്ചു അങ്ങനെ ജനങ്ങൾ ഈശ്വര ഭജനയിലൂടെ കലിബാധ തരണം ചെയ്തുപോന്നു. ഇന്നത്തെ ജനങ്ങൾ ഇതിലൊന്നും വിശ്വാസമില്ലാത്തവരായിരുന്നു. എല്ലാവരെയും കലി ബാധിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. സങ്കീർണ്ണമായൊരു കാല ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

എപ്പോഴെല്ലാം ഇങ്ങനെയുള്ള ദുർഘടാവസ്ഥ സംജാതമാകുന്നുവോ അപ്പോഴെല്ലാം ഓരോ പുണ്യാത്മാക്കളുടെ സാന്നിദ്ധ്യവും ഉണ്ടാകാറുണ്ട്. ഇപ്പോഴിത ഭാർഗ്ഗവ മുനിയുടെ അനുഗ്രഹംകൊണ്ടും കലികാല ഭക്തന്മാരുടെ ഭാഗ്യം കൊണ്ടും ഭാരതാംബയുടെ അക്ഷയ ഖനിയിൽ നിന്നും വീണ്ടും ഒരു ഉജ്ജ്വല താരോദയം ശ്രീമദ് ശ്രീധര സ്വാമി തിരുവടികൾ കൗമാരം കഴിഞ്ഞപ്പോൾ ഋഷികേശിൽ എത്തി ആദ്യം ശിവാനന്ദാശ്രമത്തിലും ഗുരു മഹാരാജ് മഹാശയനോടൊപ്പവും, യൗവനം കഴിയും വരെ ചിലവഴിച്ചു. സംസ്കൃതത്തിലും വേദാന്തത്തിലും ആഗാധ പാണ്ഡിത്യം നേടി. പരിവ്രാജകനായി ഭാരതമെല്ലാം ചുറ്റി സഞ്ചരിച്ചു അൻപതിലേറെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂവായിരത്തോളം പേർക്ക് മന്ത്ര ദീക്ഷ നൽകി. അറുപത്തി ഒൻപത് സന്യാസ്യ ശിഷ്യന്മാരുണ്ട്. നടത്തിയ പ്രഭാഷണങ്ങൾക്ക് കണക്കില്ല.

പ്രചാരണ വേലയില്ല പ്രസിദ്ധീകരണങ്ങളില്ല. നമ്മുടെ പുരാതനമായ വൈദിക സന്യാസി സമ്പ്രദായത്തിലെ ഒരു പ്രതിനിധിയെ സ്വാമിയിലൂടെ നമ്മൾക്ക് കാണാൻ കഴിയും.

എല്ലാം ആത്മീയ ആചാര്യന്മാരും പറയുന്നു. കാര്യം തന്നെയാണ് സ്വാമിയും പറയുന്നത്. മാർഗ്ഗവും ലക്ഷ്യവും ഒന്നുതന്നെ പഠിക്കാൻ ധാരാളമുണ്ട് മനസ്സിലാക്കാൻ ഒന്നേ ഉള്ളു. അഹം ബ്രഹ്മാസ്മി ദ്വൈതവും അദ്വൈതവും രണ്ടല്ല. പരസ്പരം പൂരകങ്ങളാണ്. രണ്ടും രണ്ട് തലങ്ങളാണ്. സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം തുടങ്ങിയവ പാംഭേദങ്ങളുമാണ് സ്വാമിയുടെ അൻപതിലേറെ പുസ്തകങ്ങൾ ഹിന്ദുമതത്തിലെ തത്ത്വശാസ്ത്രം മനഃശാസ്ത്രം, ആദർശങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയുടെ സംക്ഷിപ്ത വിവരണമാണുള്ളത്. മുമുക്ഷുകൾക്ക് വഴികാട്ടിയും യുവജനങ്ങൾക്ക് നല്ലൊരു സാഹിത്യ വിരുന്നുമാണ്. നാട്ടിലെ ജനങ്ങൾ ഈ പുസ്തകങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ നാടുണരുകയും നന്നാകുകയും ചെയ്യുമെന്ന് തീർച്ച.

ഭാരതീയ തത്വശാസ്ത്രത്തെകുറിച്ച് ലോക പ്രശസ്തരായവർ പറഞ്ഞത് ചിലത് ശ്രദ്ധിക്കാം.

ഭാരതീയ ചിന്താധാരകൾ എക്കാലവും വർണ്ണിക്കുന്ന ഒരു ഏകത്വമുണ്ട്! ആത്യന്തികമായ രണ്ടല്ലാത്ത യഥാർത്ഥ ഒന്ന്. പ്രപഞ്ചത്തിലെ സമസ്ത വസ്തുവിലും തിളങ്ങി നിൽക്കുന്നു അതിന്റെ ചൈതന്യം. അതിനെ ബ്രഹ്മമെന്ന് ഹിന്ദുക്കൾ പറയുന്നു. ധർമ്മകായ എന്ന് ബുദ്ധമതം പ്രപഞ്ചത്തിന്റെ ഈ ഏകത്വം തത്വശാസ്ത്രത്തിന്റെ അനുഭവസത്ത് മാത്രമല്ല ഇത് അത്യന്താധുനിക ഭൗതീക ശാസ്ത്രത്തിന്റെ അതി പ്രധാനമായ ഒരു ഗവേഷണഫലം കൂടിയാണ്. ഇത് അണുവിന്റെ നിലവാരത്തിൽ തന്നെ ഭൗതിക ശാസ്ത്രജ്ഞന് ദൃശ്യമാണ്.

(പ്രൊഫ. ഫ്രിറ്റ് ജോഷ്കാപ)

ഭാരതീയ സന്ദേശമായ പ്രപഞ്ചത്തിലെ ഏകാത്മതാ ഭാവം ഇന്ന് ഞാൻ, ആധുനിക ശാസ്ത്രത്തിന്റെ ഭാഷയിൽ വിവരിക്കുമ്പോൾ എന്റെ ഹൃദയത്തിലുണ്ടാക്കുന്ന ആനന്ദതിമർപ്പ് വിവരിക്കുന്നതിൽ ഞാൻ പരാജയപ്പെടുന്നു...... ഇപ്പോൾ എനിക്ക് മനസ്സിലാക്കുന്നുണ്ട്. ഒര് മുപ്പത് നൂറ്റാണ്ടുകൾക്ക് മുമ്പ് എന്റെ പിതാമഹന്മാർ ഗംഗാതീരത്ത് നിന്ന് കൊണ്ട് ലോകത്തിന് നൽകിയ സന്ദേശത്തിന്റെ ചെറിയൊരംശം! ഈ ശാസ്ത്രത്തിലൂടെ ഇവിടെ ഞാനത് കാണുന്നു.

(പ്രൊഫ. ജെ.സി. ബോസ്)

നമുക്ക്ജ്ഞാതമായ ഭാരതീയ ഋഷിവര്യന്മാരുടെ ദൃഷ്ടി ഗോചരങ്ങളായ ലോകത്തെ തഴഞ്ഞ് മുമ്പോട്ട് പോകുക അസാദ്ധ്യം തന്നെ. അത്യുജ്ജ്വലമാണിവരുടെ ദൃഷ്ടിയിലെ ഈ പ്രപഞ്ചം. ഈ ഗ്രഹത്തിന്റെ ഭാവി നിലനിൽപ്പ് തന്നെ അതിനെ ആശ്രയിച്ചിരിക്കും. ആധുനിക ശാത്രജ്ഞൻ സസ്യത്തിലെ ജീവനെക്കുറിച്ചുള്ള ജ്ഞാനത്താൽ തന്നെ പതറിപ്പോകുമ്പോൾ എത്ര അവിശ്വസനീയമാണ് - തോന്നാമെങ്കിലും ഈ ഭാരതീയ ഋഷിവര്യന്മാർ നൽകുന്ന സമഗ്ര പ്രശ്ന പരിഹാരം ആധുനിക ശാസ്ത്രജ്ഞന്മാരുടെ പൊടിപാറുന്ന വാക്കുകളേക്കാൾ വിശ്വസനീയമാണ്. എന്തിനേറെ ആ ഋഷിവര്യന്മാർക്കേ ജീവിതത്തെ സമഗ്രമായ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുന്നുവാൻ സാധിച്ചിട്ടുള്ളു.


(പ്രൊഫ. ക്രിസ്റ്റഫർ ബേഡ്)

ആയിരക്കണക്കിന് വർഷങ്ങളുടെ ചൈതന്യവത്തായ ഒരു സംസ്ക്കാരമാണ് ഭാരതത്തിന്റേത് ഇവിടെയാണ്. മനുഷ്യൻ അവന്റെ ചിന്തയുടെ കൊടുമുടിയിലെത്തിയത്. (പ്രൊഫ. റാൽഫ് വാൽഡോ എമേർബൺ)

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ഓർമ്മ

# റോം നഗരത്തിന്റെ രോമാഞ്ചങ്ങൾ



ഭാസി മലാപ്പറമ്പ്

1990ൽ ഇറ്റലി ആതിഥേയത്വം വഹിച്ച പതിനാലാമത് ഫുട്ബോൾ ലോകകപ്പ് ഞാൻ 'കവർ' ചെയ്ത മൂന്നാമത്തെ ലോകകപ്പ് മേളയാണ്. മറഡോണയുടെ നേതൃത്വത്തിൽ 1986ൽ മെക്സിക്കോവിൽ വെച്ച് ലോകകപ്പ് കരസ്ഥമാക്കിയ അർജന്റീന ആ വിജയം ആവർത്തിക്കുന്നതിന്നായി മറഡോണയെ തന്നെ നായകനാക്കിയ ഫുട്ബോൾ മാമാങ്കം! പക്ഷെ ഫിഫാകപ്പ് വീണ്ടും സ്വന്തം ട്രോഫി റൂമിൽ എത്തിക്കുവാൻ അർജന്റീനക്ക് കഴിഞ്ഞില്ല. ബ്രഹ്മെയുടെ പെനൽറ്റി ഗോളിന്ന് പ.ജന്മ്നി അർജന്റീനയെ ഫൈനലിൽ തൂത്തുവാരി തങ്ങളുടെ മൂന്നാം കപ്പ് വിജയം ആഘോഷിച്ചു!


മറഡോണയുടെ മനോഹരമായ പാസിൽ നിന്ന് കനീജിയ നേടിയ ഗോളിന്റെ ബലത്തിൽ അർജന്റീന നിത്യശത്രുക്കളായ ബ്രസീലിനെ പരാജയപ്പെടുത്തിയ ടൂർണ്ണമെന്റിലെ മത്സരം ഏറ്റവും മികച്ച മത്സരങ്ങളിലൊന്നായിരുന്നു.

ആതിഥേയരായ ഇറ്റലിയുടെ കപ്പ് വിജയം പ്രതീക്ഷിച്ച ഫുട്ബോൾ ലോകം നേപ്പിൾസിലെ സെമിഫൈനലിൽ ഇറ്റലി അർജന്റീനയോട് ടൈബ്രെയ്ക്കാറിൽ പരാജയം (4-3) ഏറ്റുവാങ്ങുന്നത് അത്ഭുതത്തോടെ നോക്കിനിന്നു.

1982, 1986 (സ്പെയിൻ, മെക്സിക്കോ) ലോകകപ്പ് മത്സരങ്ങൾ 'കവർ ചെയ്ത എനിക്ക് റോം എന്ന ചരിത്രനഗരം ഒരു വികാരമായിരുന്നു. ഇന്ത്യൻ ഫുട്ബോൾ ടീം ഏറ്റവും ഒടുവിൽ ഒളിമ്പിക്സിൽ മാറ്റുരച്ച റോമാ നഗരം! അങ്ങിനെ റോമിൽതന്നെ താമസിച്ചുകൊണ്ട് മറ്റുവേദികളിലെ മത്സരങ്ങളിലും കവർ ചെയ്യാമെന്ന് ഞാൻ തീരുമാനിക്കുകയായിരുന്നു. ഇറ്റാലിയ 90 ലോകകപ്പിന് പ്രസ് അക്രഡിറ്റേഷൻ ലഭിച്ചയുടനെ അന്ന് കോഴിക്കോട് ബിഷപ്പ് ആയിരുന്ന ഫാദർ മാക്സ്വൽ നൊറോണയെ മലാപ്പറമ്പിൽ തന്നെയുള്ള ബിഷപ്പ് ഹൗസിൽ സന്ദർശിച്ച് ഇറ്റലി യാത്രയെപറ്റി അറിയിച്ചു. അദ്ദേഹത്തിന്റെ സ്പോട്ടിങ്ങ് സ്പിരിറ്റിന്റെ ശക്തി നേരിൽ കണ്ട നിമിഷങ്ങൾ! ഉപരി പഠനാർത്ഥം വത്തിക്കാനിലുള്ള ഫാ. വിൽസെന്റ് അറയ്ക്കൽ മുഖാന്തിരം അദ്ദേഹം റോമിൽ എനിക്ക് താമസിക്കുവാൻ പ്രത്യേക സൗകര്യങ്ങൾ നൽകി സഹായിച്ചു. എനിക്ക് അതിഥേയത്വമൊരുക്കുന്ന സൗഹൃദത്തോടെ ഫാ. വിൻസെന്റ് അറക്കൽ റോം ഇന്റർ നാഷണൽ എയർപോർട്ടിൽ എന്നെ സ്വീകരിക്കുവാൻ എത്തിയ സുന്ദര നിമിഷം എക്കാലത്തും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു.

ഫുട്ബോൾ കവറേജിനിടയിൽ നഗര കാഴ്ചകൾ സന്ദർശിക്കുന്നത് മുൻ ലോകകപ്പ് വേദികളിൽ ഒരു പതിവ് സ്വഭാവമാക്കിയ ഞാൻ റോമാ നഗരക്കാഴ്ചകളിൽ ആ മഗ്നനായി റോമ നഗരത്തിലെ ചരിത്ര സ്മാരകങ്ങൾ എന്നെ കാണിയ്ക്കുന്ന മാർഗ്ഗ ദർശകനായി ഫാദർ വിൻസെന്റ് അറയ്ക്കൽ ജൂലിയാസ് സീസറുടെ പ്രതിമക്ക് മുന്നിലും സെന്റ് പീറ്റേഴ്സ് ചത്വര അതിലും വത്തിക്കാനിൽ മൈയ്യൽ ഏഞ്ചലോയുടെ കലാ സൃഷ്ടികൾക്ക് മുന്നിലും കൊളോണിയത്തിന് മുന്നിലും ഞാൻ അദ്ദേഹത്തിനൊപ്പം കണ്ണുകൾ മിഴിച്ചുനിന്നുപോയി!

ഫാ. ജോൺ പോൾ മാർപ്പാപ്പ രണ്ടാമന്റെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങുവാനും ഫാ. വിൽസെന്റ് അറക്കൽ അവസരമൊരുക്കി. മാർപ്പാപ്പയുടെ അനുഗ്രഹ വചനങ്ങൾ ഇപ്പോഴും എന്റെ ഭവനത്തിലെ അവാർഡ് ഷെൽഫിൽ ഇരുന്നുകൊണ്ട് പുഞ്ചിരിതൂകുന്നു.








# പ്രശാന്ത് നടുവട്ടം

നാടക രംഗത്തും സാഹിത്യമേഖലയിലും തന്റെ പ്രതിഭ തെളിയിച്ചു തിളങ്ങി നിൽക്കുന്ന പ്രശാന്ത് നടുവട്ടം ഒട്ടനവധി നാടകങ്ങളും ചെറുകഥകളും രചിച്ചിട്ടുണ്ട്. നക്ഷത്രരാജ്യം മാസികയിൽ പ്രിസിദ്ധീകരിച്ച കടുങ്ങോൻ എന്ന ചെറുകഥ ജനമനസുകളിലൂടെ ഏറെ ശ്രദ്ധേയമായി. സ്കൂൾ ജീവിത കാലത്ത് സാഹിത്യരചനയിലും നാടക രചനയിലും പ്രശാന്ത് നടുവട്ടം ഒട്ടനവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്

പ്രസിദ്ധീകരിച്ചവ : കൂനൻപെരച്ചുട്ടി, കടുങ്ങോൻ, പാദസ്വരം

നാടകങ്ങൾ : മരം, ശങ്കരൻകുട്ടി, പണ്ടം പണയത്തിൻമേൽ പലിശയ്ക്ക് കൊടുക്കപ്പെടും

ഒരു നോവലിന്റെ പണിപ്പുരയിലാണ്. ഒരു പ്രദേശത്ത് ചുറ്റിപ്പറ്റി ജിവിക്കുന്ന കുറെയാളുകളുടെ ജിവിതരീതികളും സ്വഭാവവും പച്ചയായി ഇതിവൃത്തമാക്കിയാണ് നോവൽ രചന പുരോഗമിക്കുന്നത്.

വിലാസം :
പ്രശാന്ത് കെ.
രാധാസ്, നടുവട്ടം, നോർത്ത് ബേപ്പൂർ,
കോഴിക്കോട്
മൊബൈൽ : 9895075919

# നവദമ്പതികൾക്ക് മംഗളാശംസകൾ



കെ.പ്രസീതും, റിങ്കുവും

നോവിലിസ്റ്റും ഫുട്ബോൾ ലേഖകനുമായ ലൗ ഡെയിലിൽ ഭാസി മലാപ്പറമ്പിന്റെയും പാർവ്വതി ഭാസിയുടെയും മകൻ കെ. പ്രസീതും (ഐ. സി. ഐ. സി.ഐ പ്രൂഡൻഷ്യൽസ്) പെരുമണ്ണ പുത്തലത്തുമീത്തൽ ആർ. ആർ. വില്ലയിൽ പി. എം. രാധാകൃഷ്ണനും റീത രാധാകൃഷ്ണന്റെയും മകൾ റിങ്കുവും മുത്തൂറ്റ് ഫിൻകോർപ്പ്) 2013 നവംബർ 17ന് അഴകൊടി ദേവീമന്ദിരത്തിൽ വെച്ച് വിവാഹിതരായി

നവദമ്പതികൾക്ക് നക്ഷത്രരാജ്യം മാസികയുടെ മംഗളാശംസകൾ

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
മാനേജിംഗ് എഡിറ്റർ

# വളയനാട് ട്രാവൽസ്

വളയനാട് ക്ഷേത്രത്തിന് മുൻവശം,
കോഴിക്കോട് – 673 007
ഫോൺ: 0495 3199293, 8891940150,
8129077722, 9562629996



വിവാഹം, വിനോദം, തീർത്ഥ
യാത്രകൾക്ക് സമീപിക്കുക

**Volvo Type Bus & Tempo Traveler**

# P.R. BRICKS
## HYDROLIC HOLLOW & SOLID BRICKS

**Mob: P. Rajan : 8089176128**



Olavanna,
Vandhana
stop,
Calicut - 25

# ഒരലക്കോട്ട് ബോഡി വർക്ക്സ്

പന്നിയൂർക്കുളം, കോഴിക്കോട്
ഫോൺ:0495 2431633

ബോഡി പേച്ച്‌വർക്ക്സ്



# ചിറക്കൽ കാർ എ/സി.

കുടിൽതോട്, കോഴിക്കോട്
ഫോൺ : 9846956562

# Midhilapuri
## ALUMINUM FABRICATION

Olavanna, Vandhana Stop
Mob: 8606158553, 9744770343



Kitchen Work, Partition Work
Caboard, Fiber door, celing etx

# ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

# HASBI
## TOURS & TRAVELS




*Meenchanda, Areekkad, Calicut - 27*
*Mob: Sahir - 9895999100*
*9895350141*

# GLAMOUR



**GENTS WEAR MANKAVE Whole Sale & Retail**
*Mob: 9847756569, Naluparambil*
*Complex, Calicut - 7*

*Pants, Geans, Shirt, T-Shirts etc....*

# ഒരു രാഷ്ട്രീയ ചിത്രം



സി.കെ. രാഘവൻ പുത്തൂർ

രണ്ടാം ലോകമഹായുദ്ധക്കാലത്ത് അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ.) ജപ്പാനിലെ ഹിരോഷിമാ, നാഗസാക്കി എന്നീ നഗരങ്ങളിൽ രണ്ട് അണുബോംബുകൾ വർഷിച്ചു. 68 വർഷങ്ങൾ ആയിട്ടും ആ രാജ്യത്തിലെ ജനങ്ങൾ അന്നത്തെ ബോംബിന്റെ റേഡിയേഷൻ കാരണം പല ആരോഗ്യപ്രശ്നങ്ങളും ഇന്നും നേരിടുന്നുണ്ട്. ആ ബോംബേറിൽ രണ്ട് നഗരങ്ങളും അവിടുത്തെ ജനങ്ങളും നാമാവശേഷമായെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? അന്നാകട്ടെ വെറും രണ്ട് ബോംബുകൾ മാത്രമാണ് പ്രയോഗിക്കപ്പെട്ടത്. ഇന്ന് 9 രാഷ്ട്രങ്ങളിലായി 19,000 അണുബോംബുകൾ ഉണ്ടെന്നാണ് ഒരു ഏകദേശകണക്ക്. റഷ്യയുടെ കൈവശം 10,000 ബോംബുകളും, അമേരിക്കയുടെ (U.S.A.) കൈയ്യിൽ 8000 ബോംബുകളുമാണുള്ളത്. ഇത് ഇരുരാജ്യങ്ങളും പരസ്പരം സമ്മതിച്ചതാണ്. ബാക്കിയുള്ള 1000 ബോംബുകളോ അതിൽ കുറച്ചധികമോ 7 രാഷ്ട്രങ്ങളിലായാണുള്ളത്. അണുബോംബ് നിർമ്മിച്ചശേഷം അത് ഉപേക്ഷിച്ച ഏകരാജ്യം തെക്കെ ആഫ്രിക്കയാണ്. ഇന്ന് ലോക രാഷ്ട്രങ്ങളുടെ കൈവശമുള്ള അണുബോംബുകൾ പകുതിയെങ്കിലും ഉപയോഗിക്കുകയാണെങ്കിൽ ഭൂമിയിൽ ഉള്ള ജീവജാലങ്ങൾ മിക്കവാറും നശിക്കും. പിന്നീട് അനേകവർഷങ്ങളോളം മനുഷ്യനടക്കമുള്ള ജീവികൾക്ക് പിറവിയെടുക്കാനുള്ള സാഹചര്യം ഇല്ലാതായിത്തീരും. അതിനാൽ ലോകത്തിലെ മിക്ക ഭരണാധികാരികളും ജനങ്ങളും, ആണവായുധ വിമുക്തമായ ഒരു ലോകം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ ആ ലക്ഷ്യം സഫലമാക്കാൻ വിഷമങ്ങൾ പലതാണ്. 10000 ബോംബുകളുള്ള റഷ്യയും, 8000 ബോംബുകളുള്ള യു.എസ്സും. ആണവായുധം കുറച്ച് കൊണ്ടുവന്നു. അവസാനം അവ തീരെ ഇല്ലാതാക്കാനുള്ള ചർച്ചകളിൽ കുറെ വർഷങ്ങൾ കൂടുമ്പോൾ ഏർപ്പെടാറുണ്ട്. അങ്ങനെയുള്ള ഒരു ചർച്ചയുടെ വിശദാംശങ്ങളിലേക്കാണ് നാം പോവുന്നത്. യു.എസ്. പ്രസിഡണ്ടും, റഷ്യൻ പ്രസിഡണ്ടും അവരുടെ നാൽപ്പതോളം വരുന്ന സംഘാംഗങ്ങളും, 7 മീറ്ററോളം നീളവും വീതിയുമുള്ള ഒരു വലിയ മേശയ്ക്ക് എതിരായി ഇരുന്നുകൊണ്ടാണ് ചർച്ച നടക്കുന്നത്. ആദ്യം സംസാരിക്കാൻ അവസരം നൽകിയത് യു.എസ്. പ്രസിഡണ്ടിനാണ്. ഞാൻ ചെറുപ്പത്തിൽ ഇന്ത്യോനേഷ്യയിൽ സ്കൂളിൽ പഠിച്ചിട്ടുണ്ട്. ഇത് കേട്ടപ്പോൾ റഷ്യൻ പ്രസിഡണ്ട് പ്രതികരിച്ചു. സ്വൽപം പുഞ്ചിരിയോടെ ഞാൻ ഈ പണിക്ക് വരുന്നതിന് മുമ്പ് പഴയ കെ.ജി.ബി. (K.G.B.) ജോലി ചെയ്തിട്ടുണ്ട് . പിന്നീട് കുറെ സമയത്തോളം അനൗപചാരിക സംഭാഷണങ്ങൾ നീണ്ടു. വീണ്ടും യു.എസ്. പ്രസിഡണ്ട് തന്റെ സംസാരം തുടങ്ങി. നമ്മൾ ഇവിടെ കൂടിയിരിക്കുന്നത് ഭൂമുഖത്ത് നിന്ന് ആണവായുധങ്ങൾ (Atomic Weapons) തുടച്ചുനീക്കാൻ കഴിയുക എന്ന ദീർഘ ലക്ഷ്യം സാധ്യമാക്കാനുള്ള ചർച്ചകൾക്ക് വേണ്ടിയാണ് അവ ഉപയോഗിച്ചുതീർക്കാനല്ല. അവ നിർവ്വീര്യമാക്കി നശിപ്പിക്കാനാണ്. മുമ്പിലുള്ള റഷ്യൻ പ്രസിഡണ്ടിനെ നോക്കി സ്വൽപം മന്ദഹാസത്തോടെ അദ്ദേഹം തുടർന്നു. ഞങ്ങളുടെ കൈവശം വെറും 8000 ബോംബുകൾ മാത്രമെയുള്ളു. നിങ്ങളുടെ കൈയ്യിൽ അത്തരത്തിലുള്ള 10,000 എണ്ണങ്ങൾ ഉണ്ട്. നമ്മൾ ഇത് അംഗീകരിച്ചതാണ്. ആദ്യം നിങ്ങൾ 2000 ബോംബുകൾ ഇല്ലാതാക്കണം. അത് കഴിഞ്ഞ് നമുക്ക് അടുത്ത ചർച്ചയാവാം. ഇത് കേട്ടപ്പോൾ റഷ്യൻ പ്രസിഡണ്ട് മറുപടി ഇപ്രകാരം നൽകി. താങ്കൾ പറയുന്നത് തികച്ചും ന്യായമായകാര്യമാണ്. ഞാൻ അംഗീകരിക്കുന്നു. പക്ഷെ ഞങ്ങളുടെ സ്ഥിതി നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ കൈവശം അണുബോംബുകൾ കുറച്ചധികമെണ്ണമുണ്ടെന്നത് ശരിതന്നെ. അണുബോംബുകൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും ശക്തിയുള്ള ആയുധം. രാസായുധം (Chemical Weapon) ആണല്ലോ? അതും ഇപ്പോൾ ഉപേക്ഷിക്കേണ്ട സ്ഥിതിയാണുള്ളത്. രാസായുധങ്ങളും, അണുവായുധങ്ങളും ഇല്ലാതായാൽ ഞങ്ങളുടെ കൈയ്യിൽ കാര്യമായിട്ടുള്ള ആയുധങ്ങളൊന്നുമില്ല. നിങ്ങളാണെങ്കിൽ ഗ്രനഡ (Grenada) മുതൽ ലിബിയവരെ പലരാജ്യങ്ങളിലും നിങ്ങളുടെ ആയുധങ്ങൾ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പരുത്തിയതാണ്. ഞങ്ങൾക്കാണെങ്കിൽ ജോർജിയ യിൽ മാത്രമെ വളരെ ചെറിയ തോതിലെങ്കിലും ആയുധങ്ങൾ ഉപയോഗിക്കാൻ സന്ദർഭം കിട്ടിയിട്ടുള്ളു. അതുകൊണ്ട് ഞങ്ങളുടെ ബോംബുകളിൽ നിന്ന് 2000 എണ്ണം ഒഴിവാക്കുക എന്നത് ഞങ്ങൾക്ക് ചെയ്യാൻ പറ്റാത്ത കാര്യമാണ്. ഇതുകേട്ടപ്പോൾ അമേരിക്കൻ പ്രസിഡണ്ട് റഷ്യക്കാരെ ആശ്വസിപ്പിക്കാൻ ശ്രമം നടത്തി.

നിങ്ങളാരും വിഷമിക്കണ്ട. ഹേഗിൽ പ്രവർത്തിക്കുന്ന, ലോകത്തിൽ നിന്ന് രാസായുധം മുഴുവൻ തുടച്ച്മാറ്റാൻ സ്ഥാപിക്കപ്പെട്ട സംഘടനയായ OPCW ആദ്യം പറഞ്ഞത് ലോകത്തെവിടെയും 2007 ആകുമ്പോഴേക്കും രാസായുധങ്ങൾ ഉണ്ടാവരുത് എന്നായിരുന്നു. എന്നിട്ടിപ്പോൾ എന്തായി? നിങ്ങൾ 2018ലും ഞങ്ങൾ 2023ലും നമ്മുടെ രാജ്യങ്ങളിലെ രാസായുധങ്ങൾ മുഴുവൻ ഇല്ലാതാക്കാമെന്ന OPCW യ്ക്ക് ഉറപ്പ്കൊടുത്തു. നമ്മുടെ സഹായമില്ലാതെ ഒരു OPCW യ്ക്കും മുന്നോട്ട്പോകാൻ പറ്റുകയില്ല. അതിനാൽ നമുക്ക് തോന്നുന്ന കാലത്തോളം നമ്മുടെ രാസായുധങ്ങൾ നമുക്ക് അങ്ങനെ തന്നെ വെയ്ക്കാം. OPCW സമയപരിധി നീട്ടിക്കൊണ്ടേയിരിക്കും. കൂടാതെ രാസായുധങ്ങൾ ആവശ്യമാണെങ്കിൽ നമുക്ക് എപ്പോൾ വേണമെങ്കിലും ഉടൻ ഉണ്ടാക്കാമല്ലോ? അമേരിക്കൻ പ്രസിഡണ്ട് സംസാരം അവസാനിപ്പിച്ചപ്പോൾ അമേരിക്കൻ സംഘത്തിലെ മറ്റൊരാൾ സംസാരിക്കാൻ തുടങ്ങി. നമ്മൾ ഈ അണുബോംബുകളെല്ലാം ഉപേക്ഷിച്ചു വെന്നിരിക്കട്ടെ. അണുവായുധങ്ങൾ കൈവശമുള്ള ഏതെങ്കിലുമൊരു രാജ്യം പരസ്യമായി അണുബോംബ് ഉപേക്ഷിച്ചു എന്ന് പറയുകയും, രഹസ്യമായി അത്കൈവശം വെയ്ക്കുകയും ചെയ്താൽ നാം എന്ത്ചെയ്യും? മറ്റൊരുകാര്യംകൂടി പുതുതായി ഏതെങ്കിലും ഒരു രാജ്യം രഹസ്യമായി അണുബോംബ് നിർമ്മിച്ചു ഒരു ദിവസം പെട്ടെന്ന് നമ്മെ ഭീഷണിപ്പെടുത്തികൂടെന്നുമില്ല. നമ്മുടെ ഇന്നത്തെ മിസ്സൈൽ തടയുന്ന സംവിധാനം. (Anti-Missele Defence System) അത്രയൊന്നും ഫലപ്രദമല്ല.

റഷ്യൻ പ്രസിഡണ്ട് ഈ പറയുന്നതെല്ലാം കാര്യമാണെന്ന ഭാവത്തിൽ തല



യാട്ടിക്കൊണ്ടിരിക്കുന്നു. പിന്നീട് സംസാരിച്ചത് ഒരു റഷ്യൻസംഘാഗമാണ്. 135 കോടി ജനസംഖ്യയുള്ള ചൈനയും 120 കോടി ജനങ്ങളുള്ള ഇന്ത്യയും ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ, ഊർജ്ജാവശ്യങ്ങൾക്ക് ധാരാളമായി അണുവിഭജന റിയാക്ടർ പ്ലാന്റുകൾ (എശരൈശീ അഭൗശര ജീംല്യ ജഹമിലേ) സ്ഥാപിക്കുകയേ വഴിയുള്ളു എന്ന അവസ്ഥയിലാണ് ഇന്നുള്ളത്. നൂറ് കണക്കിന് ഇത്തരം നിലയങ്ങൾ ഏഷ്യൻ നാടുകളിൽ സ്ഥാപിക്കപ്പെടേണ്ടിവരും. ഭരണകർത്താക്കൾക്ക് വേറെ മാർഗ്ഗമൊന്നുമില്ല. ആ രാജ്യങ്ങളിലെ ജനങ്ങളുടെ വളരെയധികം വരുന്ന ഊർജ്ജാവശ്യങ്ങളെ നേരിടാൻ. വളരെയധികം ഫിഷൻ റിയാക്ടർ പ്ലാന്റ്കൾ (Fission Reactor Plants) സ്ഥാപിക്കപ്പെട്ടാൽ, അവയിൽ അപൂർവ്വം ചിലതിലെങ്കിലും അണുറേഡിയേഷൻ ചോർച്ച (Atomic Radiation Leak) സംഭവിക്കുന്നത് സ്വാഭാവികം മാത്രം. അതിനാൽ ഭൂമിയിൽ നിന്ന് അണുവായുധങ്ങൾ ഇല്ലാതായാൽ തന്നെ മനുഷ്യർ അറ്റോമിക് റേഡിയേഷൻ വിപത്തിൽ നിന്ന് രക്ഷപ്പെടാൻ പോകുന്നില്ല. അപ്പോൾ നമ്മൾ അണുവായുധങ്ങൾ കൈവശം വെയ്ക്കുന്നതിൽ ധാർമ്മികമായി ഒരു തെറ്റുമില്ല. ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ വാക്കുകൾക്ക് വിരാമമിട്ടു.

ഉടൻതന്നെ റഷ്യൻ സംഘത്തിലെ മറ്റൊരംഗം ചാടിയെഴുന്നേറ്റ് ഉച്ചത്തിൽ പ്രസംഗം തുടങ്ങി.

ഇന്ന് താങ്കളുടെ രാജ്യം ഒന്നാമത്തെ സൈനിക ശക്തിയും റഷ്യ രണ്ടാമത്തെ സൈനികശക്തിയുമാണല്ലോ? അണുവായുധരഹിത ലോകത്ത് കാലാൾപ്പടയ്ക്ക് (Infentry) വമ്പിച്ച പ്രാധാന്യം വരും. അപ്പോൾ ചൈനയും ഇന്ത്യയുമായിരിക്കും ലോകത്തിലെ ഒന്നാമത്തെ സൈനിക ശക്തിയും, രണ്ടാമത്തെ സൈനിക ശക്തിയും 31.5 കോടി ജനസംഖ്യ മാത്രമുള്ള നിങ്ങളും, നിങ്ങളുടെ പകുതിയിലും കുറവ് മാത്രം ജനങ്ങളുള്ള ഞങ്ങളുടെ നാടും സൈനിക ശക്തിയിൽ എത്രാം സ്ഥാനത്തായിരിക്കുമെന്ന് കണ്ടുതന്നെ അറിയണം. ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചു. അപ്പോൾ ഈ കാര്യം ശരിയെന്നമട്ടിൽ പ്രസംഗകനെ അനുമോദിച്ചു എല്ലാവരും കൈയ്യടിച്ചു. തുടർന്ന് റഷ്യൻ പ്രസിഡണ്ട് തന്റെ അഭിപ്രായം പ്രകടിപ്പിച്ചു. എനിയ്ക്കിപ്പോൾ ഒരു റഷ്യൻ പഴമൊഴിയാണ് ഓർമ്മവരുന്നത്. ഇരിയ്ക്കുന്ന മരത്തിന്റെ വേര് ആരും വെട്ടിമാറ്റുകയില്ല എന്നതാണ്. പിന്നീട് അമേരിക്കൻ പ്രസിഡണ്ട് വളരെ ഗൗരവത്തിൽ സംസാരിക്കുന്നതാണ് കണ്ടത്. ഇവിടെ നമ്മൾ പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് മാത്രമെ ഈ ചർച്ച മുമ്പോട്ട് കൊണ്ടുപോകാൻ പറ്റുകയുള്ളു. നമ്മുടെ ഈ ചർച്ചയുടെ ഫലം പ്രതീക്ഷിച്ചുകൊണ്ട് ലോകം മുഴുവനുമുള്ള സമാധാന പ്രേമികൾ കാത്തുനിൽക്കുന്നുണ്ട്. അവരെ തികച്ചും നിരാശപ്പെടുത്തരുതല്ലോ? അതിനാൽ എനിക്ക് ചെറിയൊരഭിപ്രായമുണ്ട് അതിൽ നിങ്ങൾ സഹകരിക്കണം. റഷ്യൻ പ്രസിഡണ്ടിന്റെ മുഖത്ത് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

നമ്മുടെ രണ്ട് രാജ്യങ്ങളുടെയും കൈവശമുള്ള ഓരോ അണുബോംബുകൾ നമുക്ക് നിർവ്വീര്യമാക്കി ഉപേക്ഷിക്കാം. പഴയത് ആയാലും മതി. അപ്പോൾ റഷ്യക്കാർ എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. റഷ്യൻ പ്രസിഡണ്ട് സമ്മതഭാവത്തിൽ തലയാട്ടി. അമേരിക്കൻ പ്രസിഡണ്ട് തുടർന്ന് ഇത്രയും കൂടി പറഞ്ഞു. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന നിഷ്കളങ്കരായ മനുഷ്യരെ നാം നിരാശപ്പെടുത്താൻ പാടില്ല. അവർ ഇന്നെല്ലെങ്കിൽ നാളെ അണുവായുധ വിമുക്തമായ ഒരു ലോകം സ്വപ്നം കണ്ടു ജീവിയ്ക്കുകയാണ്. ആ കാര്യംകൂടി കണക്കിലെടുത്ത് ഒരു സംയുക്ത പ്രസ്താവനയും ഇറക്കി ഈ ചർച്ച അവസാനിപ്പിക്കാം. അവരുടെ സംയുക്ത പ്രസ്താവന ഇപ്രകാരം. അണുവായുധനിർമാർജ്ജനത്തിന്റെ ഭാഗമായി യു.എസ്. – റഷ്യൻ ചർച്ചയിൽ രണ്ട് രാജ്യങ്ങളിലുള്ള അണുവായുധങ്ങൾ കുറച്ചുകൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായി രണ്ട് രാജ്യങ്ങളുടെയും അണുബോംബ് ശേഖരത്തിൽ നിന്ന് ബോംബുകൾ നശിപ്പിക്കാൻ ധാരണയായി. അടുത്ത ചർച്ച അമേരിക്കയിൽ വെച്ച് 2018 നടത്താനും തീരുമാനിച്ചു. അങ്ങനെ ആ ചർച്ച അവിടെ അവസാനിച്ചു.

ലോകത്തിൽ ഏറ്റവും ശാസ്ത്രബോധമുള്ള ജനങ്ങൾ ജപ്പാൻകാരാണ്. അവിടത്തെയടക്കം ആണവനിലയങ്ങളിൽ ചോർച്ചയുണ്ടായി എന്നതിനർത്ഥം. വളരെയധികം ആണവനിലയങ്ങൾ സ്ഥാപിക്കപ്പെട്ടാൽ ചിലതെങ്കിലും റേഡിയേഷൻ ചോർച്ച ലോകത്ത് ഏതൊരു രാജ്യത്തും സംഭവിക്കാമെന്നതാണ്. ആണവനിലയങ്ങൾ സ്ഥാപിക്കാതിരിയ്ക്കാൻ വയ്യ. നമ്മുടെ അനുദിനം വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യങ്ങൾ നേരിടാൻ മറ്റൊരു മാർഗ്ഗവുമില്ല. കൽക്കരി –വാതക നിലയങ്ങൾ കൂടുതൽ സ്ഥാപിച്ചാൽ വലിയ അളവിൽ വായുമലിനീകരണവും മറ്റു പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കും. കൂടാതെ കൽക്കരി, വാതകം തുടങ്ങിയ ഇന്ധനങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടിവരും. നമ്മുടെ നാട്ടിലെ വൻ ജല–വൈദ്യുത പദ്ധതികളെല്ലാം ഇതിനകം നടപ്പിലാക്കി കഴിഞ്ഞു. ആണവ നിലയങ്ങളിൽ നിന്ന് റേഡിയേഷൻ ചോർച്ചയുണ്ടായാൽ ആയിരക്കണക്കിന് കിലോമീറ്റർ ദൂരെവരെ മാരക രശ്മികൾ വ്യാപിച്ച് മനുഷ്യർക്ക് മാത്രമല്ല മറ്റ് ജീവജാലങ്ങൾക്കും ദുരന്തങ്ങൾ സൃഷ്ടിക്കും. ഇക്കാര്യത്തിൽ ആകെയുള്ളൊരു ആശ്വാസം പത്ത്കൊല്ല ത്തിനകം അണുസംയോജനറിയാക്ടർ നിലയങ്ങൾ (Atomic Fusion Reactor Plants) നിലവിൽ വരുമെന്നുള്ളതാണ്. ഇത്തരം ആണവനിലയങ്ങളാകുമ്പോൾ മാരകമായ രശ്മികളുടെ പ്രശ്നമില്ല. ഇന്ധനം ഹൈഡ്രജനോ അതിന്റെ വകഭേദങ്ങളോ ആയിരിക്കും.

എനിക്കിപ്പോൾ ഓർമ്മവരുന്നത് അമ്പത്തഞ്ച് കൊല്ലങ്ങൾക്ക് മുമ്പ് ഞാൻ പ്രൈമറി സ്കൂൾ പുസ്തകത്തിൽ പഠിച്ച ഒരു കാര്യമാണ്. ഒരു ഇംഗ്ലീഷ്കാരൻ കേരളത്തിൽ വന്ന് ഇവിടുത്തെ നെൽവയലുകൾ കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായം ഇപ്രകാരമായിരുന്നു.


കേരളത്തിൽ നെൽവയലുകളുടെ വിസ്തീർണ്ണത്തിൽ കൂടുതലാണ് വയൽവരമ്പുകളുടെ വിസ്തീർണ്ണം . ഇതുപോലെ ഭാവനാവിലാസമുള്ള ഒരു വിദേശി ഇപ്പോൾ കേരളം കാണുകയാണെങ്കിൽ അയാളുടെ അഭിപ്രായം താഴെ പറയുന്നപ്രകാരമാവാം . കേരളത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ പകുതിയിലധികവും റോഡുകളോ, മറ്റ്തരത്തിലുള്ള വഴികളോ, റയിലുകളോ ആണ് .

കഥ

# തെരുവിൽ ഉറങ്ങുന്നയാൾ



പ്രശാന്ത് നടുവട്ടം



നഗരത്തിന്റെ തിരക്കിൽ ലക്ഷ്യബോധത്തിന്റെ പിൻവാങ്ങലുകൾ. തിരക്കുപിടിച്ച് കൂട്ടംകൂടി മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന ആൾകൂട്ടങ്ങൾ ഇതിൽ നിന്നെല്ലാം രക്ഷാമാർഗ്ഗം തീർക്കാൻ പാടുപെടുന്ന ഒരു പറ്റം മനുഷ്യർ. തെരുവിൽ നിന്നും വഴിവാണിഭക്കാരുടെ ഉറക്കെയുള്ള അട്ടഹാസങ്ങൾ ഓരോ വിൽപന വസ്തുക്കൾ ആൾകൂട്ടത്തിലേക്ക് നീർത്തിക്കാട്ടിക്കൊണ്ട് അത് വാങ്ങാൻ പ്രേരിപ്പിക്കുന്ന തെരുവ് കച്ചവടക്കാർ. എല്ലാദിക്കിലും തിരക്കുള്ള തെരുവിലൂടെ വലിയൊരു ചാക്കും മുതുകിലേന്തി നിസ്സാരമായി തടസ്സം തട്ടിമാറ്റിക്കൊണ്ട് അയാൾ ആൾക്കൂട്ടത്തിലൂടെ നടന്നകലുകയാണ്. അൽപസമയത്തിനു ശേഷം തന്റെ മുതുകിലുള്ള ചാക്ക് തെരുവിന്റെ ഭാഗത്ത് ഇറക്കി വെച്ച് അതിന്റെ കെട്ട് അഴിച്ചുമാറ്റി അതിലേക്ക് സൂക്ഷിച്ചു നോക്കി സംതൃപ്തിയടയുന്നത് കാണാമായിരുന്നു. തന്റെ ജീവിതത്തിൽ വലിയൊരു സമ്പാദ്യംപോലെ അയാൾ എന്നും അതും തൂക്കിനടക്കും. തെരുവ് കച്ചവടക്കാർക്ക് അയാളൊരു നേരം പോക്കായിരുന്നു. അവർ എന്തെങ്കിലും അയാളെപ്പറ്റി സംസാരിച്ചുകൊണ്ടേയിരിക്കും. ഇത് കേട്ടാൽ അവരെ സൂക്ഷിച്ചുനോക്കി എന്തെല്ലാമോ പുലമ്പും. അതുകേൾക്കുമ്പോൾ അവർക്ക് വലിയ സന്തോഷമായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ എവിടെ നിന്നോ വഴിതെറ്റി തെരുവിലെത്തിയ നാടോ വീടോ അറിയാത്ത കാലുകൾക്ക് സ്വാധീനമില്ലാത്ത മുടന്തനായ, ചിലപ്പോൾ തന്റെ പേര് സുകുമാരനെന്നും മറ്റ് ചിലപ്പോൾ കുമാരനെന്നും വിളിച്ച്പറയും. വ്യക്തതയില്ലാത്ത പേര് അയാളുടെ മനസ്സിന്റെ വൈകല്യം കൊണ്ടാണോ അതോ അങ്ങിനെയൊരു പേര് തന്നെയാണോയെന്ന് അജ്ഞാതമായിരുന്നു. ഒരിക്കൽ അയാളുടെ സമ്പാദ്യത്തിനെപ്പറ്റിയും ആ സമ്പാദ്യമായിരുന്നു ചാക്കിലെന്നും പിന്നീട് ഞങ്ങൾക്ക് മനസ്സിലായി. റോഡിൽ കാണുന്ന ഉപയോഗ ശൂന്യമായ എല്ലാ വസ്തുക്കളും ആ ചാക്കിൽ ഞങ്ങൾക്ക് കാണാമായിരുന്നു. ഇത് കൂടാതെ ചെറിയൊരു പ്ലാസ്റ്റിക് സഞ്ചിയിൽ ചില്ലറ നാണയങ്ങൾ, നോട്ടുകൾ എല്ലാം കൂടി എൺപത് രൂപയോളം അയാളുടെ സമ്പാദ്യമായിരുന്നു. ഇത ജീവിതത്തിന്റെ വലിയൊരു കാര്യമായി ചിന്തിച്ച് സ്വയം സന്തോഷിയ്ക്കുന്നത് നമ്മളറിയും. സന്ധ്യമയങ്ങിയാൽ തെരുവിൽ ഏതെങ്കിലും, അടയ്ക്കാനൊരുങ്ങുന്ന പീടികയുടെ വരാന്ത ലക്ഷ്യം വെച്ച് തന്റെ കൈയ്യിലുള്ള ചാക്ക് തല ഭാഗത്ത് ചുരുട്ടി വെച്ച് നീണ്ടുനിവർന്ന് കിടന്ന് ഉറക്കത്തിലേക്ക് വഴുതിവീഴും. നാളത്തെ പ്രഭാതത്തിനായി.

●

# ഒരു രാഷ്ട്രീയ ചിത്രം തുടർച്ച

നെൽവയലുകൾ നമ്മുടെ നാട്ടിൽ കാര്യമായി ഇല്ലാതായി. ജനങ്ങൾ വർദ്ധിച്ചു. അപ്പോൾ നഗരങ്ങൾ വൻനഗരങ്ങളായി, നാട് നഗരങ്ങളായി, കാടുകൾ നാടുകളായി മാറി. 1947ൽ ഇന്ത്യയിലെ ജനസംഖ്യവെറും 19 കോടിയായിരുന്നു. ഇപ്പോൾ ലോകജനസംഖ്യ 700 കോടിയാണ്. ഇത് കൂടികൂടിവന്ന് 2050 ആകുമ്പോഴേക്ക് ലോകജനസംഖ്യ 900 കോടി ആയിത്തീരുമെന്നാണ് ഔദ്യോഗിക കണക്ക്. ഏഷ്യൻ രാജ്യങ്ങളിലും, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലുമാണ് ജനങ്ങൾ വളരെ കൂടുതൽ ഉള്ളത്. ആഫ്രിക്കൻ വൻകരയിൽ 55 രാഷ്ട്രങ്ങളുണ്ട്. പക്ഷെ ആകെ ജനസംഖ്യ 100 കോടിയിലും കുറവാണ്. മിക്കവാറും എല്ലാ ആഫ്രിക്കൻ രാജ്യങ്ങളും വികസനത്തിന്റെ പാതയിലാണ്. അതിനാൽ അവിടങ്ങളിൽ ജനങ്ങൾ വളരെവേഗം വർദ്ധിക്കും. ലോകജനസംഖ്യ 2050ൽ 1000 കോടിയിലധികമാകാനാണ് സാധ്യത. അപ്പോൾ ഭൂമിയിലെ മനുഷ്യജീവിതം കൂടുതൽ മത്സരസ്വഭാവം കൈവരിക്കും. എല്ലാവർക്കും തികയാത്ത വിഭവങ്ങൾ (Resources) കൈവശപ്പെടുത്താൻ മനുഷ്യർ തമ്മിലും, രാഷ്ട്രങ്ങൾ തമ്മിലും നടത്തുന്ന പിടിവലി അത്യധികം കഠോരമായിതീരും.

വലിയയുദ്ധങ്ങൾ കുറെ കൊല്ലങ്ങളിലെ ഇടവേളകൾക്ക് ശേഷമെങ്കിലും ലോകം കണ്ടിട്ടുണ്ട്. ചെറിയ യുദ്ധങ്ങൾ ഇടയ്ക്കിടെ സംഭവിക്കുന്നു. ഇന്ത്യയും അയൽക്കാരുംതമ്മിൽ ചിലയുദ്ധങ്ങൾ നടന്നിട്ടുണ്ട്. ഇനിയൊരു യുദ്ധമുണ്ടായാൽ ഇതുവരെയുള്ള യുദ്ധാവസരങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു വിഷയം കൂടി നമ്മൾ നേരിടേണ്ടിവരും. ഇന്ന് കുഗ്രാമങ്ങളിൽപോലും ഭക്ഷണം പാകംചെയ്യാൻ പാചകവാതകമാണ് ഉപയോഗിക്കുന്നത്. യുദ്ധാവസരങ്ങളിൽ പാചകവാതകത്തിന്റെ ലഭ്യതകുറയുകയും വില വളരെയധികം വർദ്ധിക്കുകയും ചെയ്യുന്നു. പാചകവാതകം വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യപ്പെടുന്നതാണല്ലോ?

65 വയസ്സ് കഴിഞ്ഞവർ കൂടുതൽകാലം ജീവിക്കുന്നത് ലോകജനസംഖ്യ കൂടാൻ ഒരു കാരണമാണ്.

C.K. Raghavan, H. No: 424, Bld No.: 49, Shirke Appartments, P.O. K.S. Town, Bangalore - 60

●

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്




സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956


# കവിതകൾ

## വൃശ്ചിക നിലാവ്



രചന : പഞ്ചിക്കുട്ടി

നിശയുടെ നീലിമയിൽ
മായാതെ നിൻ പുഞ്ചിരി
എന്നിലന്നുമിന്നും തെളിഞ്ഞിടുന്നു.

എന്റെ ശാന്തസാന്ദ്ര മൗനങ്ങളെ
തഴുകി തലോടി,
മൃദുല വികാരങ്ങളെ തൊട്ടുണർത്തി
ഒരു ചെമ്പനീർ പൂവിൻ നിറമാർന്ന്
എൻ മനതാരിൽ നിറഞ്ഞുനീ...
നോവിന്റെ തന്തിയാണീന്നെന്റെ വിപഞ്ചിക
വിതുമ്പി നിൽക്കുമെൻ മൺവീണയിൽ
വേണുവായ് വന്നെൻ മനോവീണ മീട്ടി.
തുഷാരാദ്ര ബിന്ദുവായ് വന്നെൻ മനം
ഭാവനാ തരളമാക്കിയ നിന്നെ ഞാൻ
അത്രമേൽ പ്രണയിച്ചുപോയ്.....
ഓർമ്മകൾ പീലിനിവർത്തിയെത്തവേ.....
ഏകാന്തതയുടെ അനിർവചനീയതയിലേക്ക്
നേർത്തൊരലയായ് വന്നു നീ....
പറയാതെ അറിഞ്ഞും
പകരാതെ നുകർന്നും
മധുരമാം രാഗത്തിൽ
ഞാൻ നിന്നിലലിഞ്ഞു.
ശാപ മേഘങ്ങളിൽ നിന്നും മഴയ്ക്കായ്
തപസ്സ്ചെയ്യും വസുധയെപ്പോലെ.....
മോഹത്തിൻ നീർച്ചാലിലൂടെയൊഴുകിയെത്തുന്നൂ
നിൻ പ്രണയാർദ്രത.

## ആമുഖം



എം. ഇന്ദിരാദേവി

ആ കവിതാ സമാഹാരം വായിച്ചു ഞാൻ
എൻ മനം ആദ്രമാക്കി കവയത്രി
നിഗൂഢ സത്യങ്ങൾ ഒളിഞ്ഞ് നിൽക്കും
ആ വരികൾ എൻ ഹൃത്തിൽ തെളിഞ്ഞു നിന്നു.
കാഴ്ചയിൽ സന്തുഷ്ടയാണോ കവയത്രി
മന്ദസ്മിത നോട്ടമയച്ചു നീങ്ങുമാസോദരി
ഓടിക്കിതച്ച് തെല്ലൊന്നാശ്വസിച്ചവൾ
ഭാരം തലയിൽ നിന്നിറക്കി വെച്ചു.
പിന്നോട്ട് തിരിഞ്ഞവൾ
കുത്തി നോവിക്കും വസ്തുതകൾ ചികഞ്ഞെടുത്തു.
ഉലയിൽ ഊതി കാച്ചിയ നേരം
പൊട്ടി വിരിഞ്ഞ് സാഹിത്യ മലരുകൾ
നെഞ്ചിന്നാശ്വാസം പകരുവാനായ്
കുത്തിക്കുറിച്ചവൾ ദിനങ്ങൾ തോറും
സർഗ്ഗ ചേതനകൾ തൻ കരുത്തിനാലെ
പുസ്തക രൂപത്തിൽ പുറത്തു വന്നു.
പെട്ടുപോയ് വായിച്ചീടവേ വീട്ടുകാരും
കണ്ണീരിൽ കുതിർന്ന് കദനമാം വാക്കുകളിൽ
ഈർഷ്യയും തളർച്ചയും ജീവിത താളമാക്കി
വൃത്തമായി വർണ്ണമായി കാവ്യമായി.
ഉറങ്ങിക്കിടക്കും തൻ സർഗ്ഗശക്തികളെ
തൊട്ടുണർത്തി വെളിയിൽ ചാടിയ്ക്കുവാൻ
എത്തിയ മഹാശക്തിയേതോ
നമിച്ചവൾ ആ വൈഭവത്തെ
ആദരണീയയായവൾ പുളകിതയായ്
തുടരുന്നിതാ താത്വിക രചനക്കായ്.


DUST FREE PAINTING BOOTH

# Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR


**Workshop:**

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

# കുതിരവട്ടം കാലിക്കറ്റ് ബാർബൽ ക്ലബിന്റെ 42-ാം വാർഷികാഘോഷം നടത്തി.



ഉദ്ഘാടന ചടങ്ങിൽ നിന്ന്



എ. പ്രദീപ് കുമാർ എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിക്കുന്നു.


കുതിരവട്ടം കാലിക്കറ്റ് ബാർബൽ ക്ലബിന്റെ 42-ാം വാർഷികവും ബാലകൃഷ്ണൻ മെമ്മോറിയൽ ബെസ്റ്റ് സ്പോർട്സ്മാൻ അവാർഡ്ദാനവും എസ്.കെ. പൊറ്റക്കാട് പാർക്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അവാർഡ്ദാനവും ഉദ്ഘാടനവും പ്രദീപ് കുമാർ എം. എൽ. എ. നിർവ്വഹിച്ചു. കൗൺസിലർ കെ. ശ്രീകുമാർ നാഷണൽ മാസ്റ്റേർസ് ജേതാക്കൾക്കുള്ള അവാർഡ് ദാനം നൽകി. മുൻ കോർപ്പറേഷൻ കൗൺസിലർ പി. ദിവാകരൻ, എസ്.കെ. സാംസ്കാരിക കേന്ദ്രം പ്രസിഡണ്ട് ടി.വി. രാമചന്ദ്രൻ പ്രോഗ്രാം കമ്മിറ്റി വൈസ് പ്രസിഡണ്ട് പി. ഒ. ഗിരീഷ് എന്നിവർ ആശംസ നേർന്നു.




ആലപ്പുഴയിൽ വെച്ച് നടന്ന സംസ്ഥാന പവർലിഫ്റ്റിങ്ങ് ചാമ്പ്യൻഷിപ്പൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി മാത്യു ടി.ജെ., അനിൽകുമാർ എം.പി., ഗണേശൻ. എ., ശ്രീകുമാർ എന്നിവർ കുതിരവട്ടം കാലിക്കറ്റ് ബാർബൽ ക്ലബ്ബ് അംഗങ്ങളാണ്

കഥ

# പട്ടുസാരി



വിന്റർ വിശ്വനാഥ്

ജോലിയിൽ പ്രവേശിച്ച് ആദ്യ ശമ്പളം കൈപ്പറ്റിയാൽ ചിലർ പാർട്ടി നടത്താറുണ്ട്. സ്കൂൾ മാനേജർ എന്നതിലുപരി ബാങ്ക് മാനേജർ കൂടിയായ തന്റെ ഭർത്താവിന്റെ സ്റ്റാറ്റസ് കണക്കിലെടുത്തായിരിക്കണം പാർട്ടി എന്ന് ശാലിനി ടീച്ചർക്ക് നിർബന്ധമുണ്ട്. ശാലിനി മാഡം എന്നാണ് സ്കൂളിൽ എല്ലാവരും വിളിക്കുന്നത്. ഭർത്താവിന്റെ ഓഫീസിൽ നിന്നും ചിലർ പങ്കെടുക്കുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് എങ്ങനെ ഒരുങ്ങിയിട്ടും പോരാ എന്നൊരു തോന്നൽ. ഡ്രസ്സിന്റെ കാര്യത്തിൽ ഒരാഴ്ചത്തെ തിരച്ചിൽ നടത്തിയിട്ടാണ് ലേറ്റസ്റ്റായത്. കണ്ടുപിടിച്ചത്. സ്കൂൾ സ്റ്റാഫിനെ കൂടാതെ വേണ്ടപ്പെട്ട മറ്റുപലരേയും ക്ഷണിച്ചിട്ടുണ്ട്. മൂന്നര മണിക്കാണ് ക്ഷണം. നേരത്തെ വരുന്നവരെ സ്വീകരിച്ചിരുത്താൻ സഹപ്രവർത്തകരെ ഏർപ്പാട് ചെയ്തിട്ടുണ്ട്. മറ്റ് ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. സദസ്സ് ഒരുക്കുന്നതിനേക്കാൾ അന്തസ്സ് സദസ്സിലേക്ക് കയറി ചെല്ലുന്നതാണല്ലോ ഉചിതം. ഡ്രൈവർ രണ്ട് തവണ വന്ന് ഓർമ്മപ്പെടുത്തിയിട്ടും വൈകിച്ചത് അത് കൊണ്ടാണ്.

സ്കൂൾ ഹാളിൽ ശാലിനി മാഡം എത്തുന്നതിനു മുൻപേ ചിലരെല്ലാം എത്തിയിട്ടുണ്ട്. വന്നവരുടെ കണ്ണുകൾ നാലുഭാഗവും തിരയുമ്പോൾ മറ്റധ്യാപകരും ഇടക്കുകയറി നാണിയമ്മയും സ്വീകരിച്ചിരുത്തുകയാണ്.

നാണിയമ്മ പാചകക്കാരിയാണെങ്കിലും സ്കൂളിൽ മറ്റ് ചില കാര്യങ്ങൾ നിയന്ത്രിക്കുന്നതും നിർദ്ദേശിക്കുന്നതും നാണിയമ്മ തന്നെ. അൽപം അസൂയയും, പരദൂഷണവും ഉണ്ടെങ്കിലും ആജ്ഞാശക്തി കൊണ്ട് മാത്രം പിടിച്ചു നിൽക്കുകയാണ് നാണിയമ്മ. വലിയവരായാലും, ചെറിയവരായാലും എല്ലാവരോടും കാര്യം വെട്ടിത്തുറന്ന് പറയുന്ന കൂട്ടത്തിലാണ്. തന്റെ അസിസ്റ്റന്റ് പാചകക്കാരി ശാന്ത വരുന്നതേ ഉള്ളു. സ്കൂളിൽ ഇന്ന് പാചകമില്ലാത്തതിനാൽ മറ്റ് കാര്യങ്ങൾ പറഞ്ഞാണ് നാണിയമ്മ സമയം ചിലവഴിക്കുന്നത്. ഈ തിരക്കിലൂടെ ശാന്ത അകത്ത് കടന്നത് അധികമാരുടെയും ശ്രദ്ധയിൽ പെട്ടില്ല. പെട്ടെന്നാണ് നാണിയമ്മ ശാന്തയെ കണ്ടത്. നാണിയമ്മയുടെ നോട്ടം ഇടയ്ക്കിടക്ക് ശാന്തയുടെ പട്ടുസാരിയിൽ തറച്ചു നിന്നു.....

ഈ പട്ടുസാരി ശാന്തയ്ക്ക് കിട്ടിയ രഹസ്യം അറിയുവാൻ നാണിയമ്മക്ക് തിടുക്കമായി. കാരണം കാഴ്ചയിൽ അത്രയ്ക്കും ഭംഗിയും വിലപിടിപ്പും തോന്നുന്ന വിധമായിരുന്നു ആ സാരി. ശാന്ത പട്ടുസാരി ഉടുത്തത് നാണിയമ്മക്ക് തീരെ ഇഷ്ടമായിട്ടില്ല എന്ന് ശാന്തയ്ക്കറിയാം. നാണിയമ്മ ചോദ്യം ചെയ്യുമെന്നും സത്യം തന്നെപറയാം. എന്നും അവൾ തീരുമാനിച്ചു.

ഈ പട്ടുസാരി രണ്ട് ദിവസം മുമ്പെ ഭർത്താവ് റോഡരികിൽ നിന്നും ആദായ വിലയിൽ പേശിവാങ്ങിയതാണ് എന്ന് പറഞ്ഞാൽ വിശ്വസിയ്ക്കുമോ എന്തോ? ഇത്രയും വില കുറഞ്ഞ് കിട്ടാനുള്ള കാരണം പപ്പട വട്ടത്തിൽ എലി കത്രിച്ച കീറലുണ്ടായതുകൊണ്ടാണെന്ന് പറഞ്ഞാൽ - എന്തോ? ഉടുത്താൽ കാണാത്ത ഭാഗത്തല്ലേ ആർക്കെന്ത് നഷ്ടം? ശാന്ത സമാധാനിച്ചെങ്കിലും ജീവിതത്തിൽ ആദ്യമായി ഇത്രയും നല്ല സാരി ഉടുക്കുകയാണ്. മറ്റുള്ളവരുടെ ദൃഷ്ടി സാരിയിൽ പതിയുമ്പോൾ ആകെ നനഞ്ഞ പോലെ ഒരു തോന്നൽ.

ഒറ്റയ്ക്ക് കണ്ടപ്പോൾ നാണിയമ്മ ഒന്ന് ചിരിച്ചു. സ്വകാര്യം ചോദിച്ചു. ഏതാ മോളെ ഈ സാരി?

ഇന്നലെ ടൗണിൽ നിന്ന് മൂപ്പർ വാങ്ങിയതാ.

എന്താ വില?

അറിയില്ല.

റൊക്കം കൊടുത്തോ?

അതെ എന്നാ പറഞ്ഞത്.

നാണിയമ്മ ഒന്ന് തൊട്ട് തിരുമ്മി നോക്കി. (പുളിച്ച മുഖത്തോടെ) വേറെ കളറൊന്നും കണ്ടില്ലേ വാങ്ങാൻ. കണ്ണു പൊട്ടിയ കളറായി പോയി. തിരിച്ചു കൊടുത്താൽ മാറ്റിത്തരില്ലേ?.....

കൊടുത്ത കാശ് പോയെടീ.....

എനിക്കൊന്നും അറിയില്ല നാണിയമ്മേ .

തുറിച്ചു നോക്കി നാണിയമ്മ പറഞ്ഞു. നീ ആ പലഹാരം വെച്ച ഭാഗത്തിരിക്കണം.



എന്തൊരീച്ചയാണവിടെ. ഈച്ചയെ ആട്ടി അവിടെ ഇരുന്നോ. ആവശ്യം വന്നാൽ ഞാൻ വിളിക്കാം.... അതിന് മുമ്പെ അലമാറയുടെ ഗ്ലാസ് നനഞ്ഞ തുണി കൊണ്ടൊന്ന് തുടയ്ക്ക്. എന്നിട്ട് മതി.

ദൂരെ നിന്നും കാറിന്റെ ഹോൺ. എല്ലാവരുടെയും ശ്രദ്ധ റോഡിലേക്കായി. മാഡത്തിന്റെ വാഹനം ഒഴുകിവരികയാണ്. നടുമുറ്റത്ത് കാർ നിർത്തി. ഇറങ്ങുന്നതിന് മുൻപേ മാഡം പലർക്കും കൈ വീശി. വിശേഷപ്പെട്ട പട്ടുസാരി ശരീര വടിവിനെ ആകർഷകമാക്കും വിധം വഴങ്ങി നിൽക്കുകയാണ്. മാഡം നിറഞ്ഞ ചിരിയോടെ ചാടിയിറങ്ങി. ആഗതരെ കൈ വീശിയും, തൊഴുതും, ചിരിച്ചും ഹാളിൽ ഒരു പ്രാവശ്യം വട്ടംചുറ്റി. പ്രിയപ്പെട്ട രണ്ട് മൂന്ന് തോഴിമാരുടെ സാന്നിധ്യത്തിൽ ഉത്സാഹതിമർപ്പോടെ പലഹാരങ്ങൾ തയ്യാറാക്കി വെച്ച മുറിയിലേക്ക് കടന്നു. രണ്ട് കയ്യും പൊക്കി സന്തോഷം കാണിയ്ക്കുന്ന നാണിയമ്മക്ക് തിരിച്ചും നൽകി. പെട്ടെന്നാണ്. ശാന്തയുടെ രൂപം ശാലിനി മാഡത്തിന്റെ കണ്ണിൽപെട്ടത്. താനുടുത്ത അതേ സാരിയാണ് ശാന്തയും ഉടുത്തത്. മാഡത്തിന്റെ കണ്ണ് ഇടുട്ടടച്ചു. ശരീരമാകെ കുഴഞ്ഞു. അടി തെറ്റിയ പോലെ വീഴാറായപ്പോൾ എല്ലാവരും പരിഭ്രമിച്ചു. സാവധാനം ഒരു വിധം നടത്തിച്ച ഓഫീസ് മുറിയിൽ ഇരുത്തി.

ഈ രംഗം കണ്ട് ശാന്തയും ഓടിവന്നു. മാഡം ഉടുത്തിരിക്കുന്ന അതേ വിധം സാരിയാണ് ശാന്തയും ഉടുത്തിരിക്കുന്നത് എന്ന് മനസ്സിലാക്കിയ നാണിയമ്മ പൊട്ടിത്തെറിച്ചു. നീയെന്താടീ വേഷം കെട്ടി നടന്നുകളിയ്ക്കുന്നത്? ഈച്ചയെ ആട്ടി ഇരിക്കാനല്ല ഞാൻ പറഞ്ഞത്. പലഹാരത്തട്ടിന്റെ അടുത്തേക്ക് നീങ്ങുന്ന നാണിയമ്മയുടെ ചിരിയിൽ എനിയ്ക്ക് ചിലതെല്ലാം മനസ്സിലായി എന്ന ഭാവമുണ്ടായിരുന്നു. ഓഫീസ് മുറിയിൽ ശാലിനി ടീച്ചറുടെ ചുണ്ടിൽ ചെവിയോർത്ത് നിൽക്കുന്ന സ്നേഹിതയോട് എന്തോ സ്വകാര്യം പറഞ്ഞു. സ്നേഹിത തലയാട്ടി. ഒരാൾ മൈക്കിനടുത്ത് വന്ന് പറഞ്ഞു. മാഡം ഇപ്പോൾ വരും. ഒരു അത്യാവശ്യ കാര്യത്തിന് പോയതാണ്. ആ സമയത്ത് ശാലിനി മാഡവും രണ്ട് പേരും കാറിൽ കയറി വീട്ടിലേക്ക് തിരിച്ചു. കാരണമെന്തെന്നറിയാതെ കുറേ പേരുടെ ശ്രദ്ധ ആ വഴിക്ക് തറച്ചുനിന്നു.

ഏഷണിക്കാരനായ ഒരു അയൽവാസി സാവധാനം നടന്നുവന്ന് നാണിയമ്മയുടെ അടുത്ത് വന്ന് ഒച്ചയനക്കി ചോദിച്ചു. നമ്മുടെ മാഡത്തിനെന്തുപറ്റി? അതിലൽപ്പം പരിഹാസമുണ്ടെന്ന് മനസ്സിലാക്കിയ നാണിയമ്മ പറഞ്ഞു. ഈ പെണ്ണുങ്ങൾ ആണുങ്ങളെ പോലെ അല്ല. പല ആവശ്യങ്ങളും വരും. അത് നിങ്ങൾക്ക് മനസ്സിലാവില്ല.


ദൂരെ കാറിന്റെ ഹോൺ കേട്ടപ്പോൾ എല്ലാവരും ഇരുത്തം ഉറപ്പിച്ചു. വെള്ള സാരിയും, ബൗസും, മാല തൊട്ട് ചെരുപ്പുവരെ വെള്ളമയം. ഒരു മാടപ്രാവുപോലെ കാറിൽ നിന്നിറങ്ങി തത്തി തത്തി നടന്നുവരുന്നു. കാര്യമറിയാതെ അതിഥികൾ സഹതാപം കാണിക്കണോ? സന്തോഷം പ്രകടിപ്പിക്കണോ? എന്ന നിലയിലായി.

പലഹാരത്തട്ടുകൾ ഒരുക്കുന്നതിനിടയിൽ ശാന്ത മെല്ലെ ചോദിച്ചു. നാണ്യേടത്ത്യേ മാഡത്തിനെന്താ പറ്റിയത്? തെല്ല് മൗനത്തിനു ശേഷം നാണിയമ്മ. നന്ദി വേണെ ടീ! നന്ദി! ഒരാളുടെ ഉപ്പും ചോറും തിന്നുമ്പോൾ ചിലമര്യാദകളെല്ലാം വേണം. മുറത്തിൽ കേറി കൊത്തരുത്.

തരിച്ചു നിൽക്കുന്ന ശാന്ത ചോദിച്ചു. ഞാനെന്ത് തെറ്റാ നാണ്യേടത്ത്യേ ചെയ്തത്? അറിഞ്ഞു കൊണ്ടൊന്നും ഇതുവരെ ചെയ്തിട്ടില്ല. ശാന്ത മൂക്ക് ചീറ്റാനും, കണ്ണീരൊഴുക്കാനും തുടങ്ങി.

ആ പാവം മാഡം കോയമ്പത്തൂരോ, ബാംഗ്ലൂരോ പോയി തിരഞ്ഞ് തിരഞ്ഞ് തേടി കൊണ്ടുവന്നതാണ് നേരത്തെ ഉടുത്ത സാരി. (ചൂണ്ടിക്കൊണ്ട്) അതേ ജാതി അതേ നിറം, അതേ പുള്ളി. എങ്ങനെ കണ്ടുപിടിച്ചെടീ. നീയും നിന്റെ കെട്ട്യോനും ഒരാളെ വഷളാക്കുന്നതിനും വേണം ഒരതിർത്തി.

ഈ സംഭാഷണങ്ങൾ കേട്ടുകൊണ്ട് വന്ന ശാലിനീ മാഡവും തോഴിമാരും അന്ധാളിച്ച് നിന്നു. അവരുടെ കണ്ണുകൾ പരസ്പരം കൂട്ടിമുട്ടി.




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode